ഗുരുപരമ്പരയും ചരിത്രവും

എന്റെ ഭാരതം 8

ABSTRACT

അദ്വൈതഗുരുപരമ്പരയും കേരളത്തിലെ കാവുകളുടെ ചരിത്രവും പാശുപതഗുരു സമ്പ്രദായവും ചർച്ച ചെയ്യു ന്നു. ചേരചോളപാണ്ഡ്യന്മാരും ഇന്ത്യയിലെ ഇതരരാജവംശ ങ്ങളും പരസ്പരം ബന്ധപ്പെ ട്ടിരിക്കുന്നതിനെ ചിന്തിക്കുന്നു. കേരളത്തിലെ മാവേലി ബാണപ്പെരുമാളെന്ന വീടു കടലാക്കിയ പെരുമാളെ അനുസ്മരിക്കുന്നു.

snalapat@gmail.com

ഉള്ളടക്കം

1 വ്യാസപൂർണ്ണിമ

2. സംസ്കൃതസാഹിത്യചരിത്രം

3. കേരളത്തിലെ കാവുകൾ

4. ലകുലീശ്വരനും ശൈവാഗമവും ചരിത്രവും

5 കേരളത്തിലെ ചില രാജവംശങ്ങൾ.

6. ചേരചോളപാണ്ഡ്യബന്ധം

7. വീടു കടലാക്കിയ പെരുമാളും മഹാബലി ബാണപ്പെരുമാളും.

വ്യാസപൂർണ്ണിമ

ഗുരുർബ്രഹ്മാ ഗുരുർവിഷ്ണു ഗുരുദ്ദേവോ മഹോശ്വരഃ ഗുരുസാക്ഷാത് പരബ്രഹ്മഃ തസ്മൈ ശ്രീഗുരവേ നമഃ

ഓം നമോ ബ്രഹ്മാദിഭ്യോ ബ്രഹ്മ വിദ്യാസമ്പ്രദായ കർതൃഭ്യോ വംശർഷിഭ്യോ നമോ ഗുരുഭ്യോ (ബൃഹദാ.ഭാഷ്യം)

അസദോ മാ സദ്ഗമയ .തമസോ മാ ജ്യോതിർഗമയ മൃത്യോർമാ അമൃതം ഗമയ.

സംസാരസാഗരതരണത്തിന് ജീവിതനൌകയെ നിയന്ത്രിക്കുന്ന ബ്രഹ്മവിദ്യ ലോകാനുഗ്രഹപ്രദമാവാൻ ബ്രഹ്മവിദ്യാചാര്യന്മാരുടെ ആശിസ്സ് വേണം അതിന് വ്യാസപൊർണ്ണമിക്ക് 6 ഗുരുപഞ്ചകം ധ്യാനിക്കുക ബ്രഹ്മവിദ്യാനിരതരുടെ പതിവാണ്. വൈശാഖ പൌർണ്ണമിക്ക് ബൌദ്ധരും കാർത്തികപൌർണ്ണമിക്ക് ജൈനരും ആഷാഢപൌർണ്ണമിക്ക് ബ്രഹ്മവിദ്യാനിരതരും അവരുടെ ഗുരുക്കന്മാരെ ധ്യാനിക്കുന്നു. ഗുരുവന്ദനം ഇന്ത്യക്കാരുടെ പതിവാണ്. 1. കൃഷ്ണപഞ്ചകം- കൃഷ്ണ, വാസുദേവ, സങ്കർഷണ, പ്രദ്യുമ്ന, അനിരുദ്ധ. 2. സനകാദിപഞ്ചകം സനക, സനന്ദന, സനത്സുജാത, സനാതന, സനത്കുമാര. 3. വ്യാസപഞ്ചകം വ്യാസ,സുമന്തു ജൈമിനി വൈശമ്പായന പൈല 4. ശങ്കരപഞ്ചകം ശങ്കര, പത്മപാദ,

ഹസ്താമലക,തോടക,സുരേശ്വര 5. ദ്രാവിഡാചാര്യപഞ്ചകം, ദ്രാവിഡ.ഗൌഡപാദ, ഗോവിന്ദഭഗവദ്പാദ, സംക്ഷേപശാരീരക, വിവരണാചാര്യ. 6.ഗുരുപഞ്ചകം സ്വഗുരു പരമഗുരു പരമേഷ്ഠി, പരാപര അതിനു മുമ്പുള്ളവർ

വ്യാസശബ്ദം വ്യാ-വ്യാപിക്കുക വ്യാപരിക്കുക (എക്സ്പാൻഡ്) സ- സങ്കോചിക്കുക കേന്ദ്രത്തിലേക്ക് ചുരുങ്ങുക (കൺട്രാക്ട്) ബ്രഹ്മാണ്ഡം മുഴുവനും വ്യാപിച്ചതും ബിന്ദുവിലേക്ക് പരമാണുവിലേക്ക് ചുരുങ്ങിയതും ആയ ബ്രഹ്മസ്വഭാവം സ്വഹൃദയത്തിലെ ജ്ഞാനചൈതന്യാർണ്ണവവും പരമവ്യോമത്തിലെ ചൈതന്യവും ഒന്നായ ബ്രഹ്മജ്ഞാനി. (ചിദാകാശ,ഹൃദാകാശത്തിലെ ചിത്ത്) ഏതിനെ ഗ്രഹിച്ചാൽ ഇനി മറ്റൊന്നറിയാനില്ലയോ അതിനെ ഗ്രഹിച്ച ബ്രഹ്മവിദ്. വ്യാസഹൃദയമായ മഹാഭാരതത്തെക്കുറിച്ചും ഇങ്ങനെ പറയാറുണ്ട്. ബ്രഹ്മജ്ഞാനം എന്ന പരമജ്യോതിസ്സ് ഹൃദയത്തിൽ നിരന്തരം കെടാവിളക്കായി പ്രകാശിക്കുന്ന അന്തർദീപിക മറ്റുള്ളവരിലേക്ക് ജ്ഞാനം പകരുമ്പോൾ മദ്ധ്യദീപികയായി പ്രകാശം പരത്തുന്നു. രണ്ടു മുറികൾ(ഭൂതം ഭാവി)ക്കിടയിൽ വെച്ച ദീപം പോലെ. ഭൂതകാലത്തെ ജ്ഞാനം മുഴുവനും തേനീച്ച തേനെന്നപോലെ വിവിധശാസ്ത്രങ്ങളിൽനിന്ന് വലിച്ചെടുത്ത്, ഭാവിയിലെ ജിജ്ഞാസുക്കളായ ശിഷ്യപരമ്പരക്ക് പകരുന്ന ഗുരു. ശങ്കരാചാര്യപരമ്പരയിൽ ദൈവീകം(ത്രിമൂർത്തിശക്തികൾ) ഋഷിപരമ്പര (വസിഷ്ഠൻ മുതൽ വ്യാസശുകന്മാർ വരെ) മാനവഗുരു (ഗൌഡ,ഗോവിന്ദ,ശങ്കര, ശിഷ്യപരമ്പര)

അച്ഛനും അമ്മയും സ്ഥൂലശരീരം തരുന്നു. രണ്ടാം ജന്മം സൂക്ഷ്മശരീരം ഗുരു തരുന്നു. ഗുരുനാവ് ലിംഗം ശിഷ്യന്റെ ചെവി യോനി. സൂക്ഷ്മവിദ്യയാലാണ് സൂക്ഷ്മശരീരം ജനിച്ച് ദ്വിജത്വം നേടുന്നത്. ഇതിന് ഗുരുകടാക്ഷം വേണം. ഗ്രാഹ്യശക്തിക്ക് യോഗചര്യ വേണം.ഗുരുഭക്തി, ശ്രദ്ധ, ഏകാഗ്രത,ചിത്തവൃത്തിനിരോധം, ധ്യാനം, ധാരണ സമാധി -സർവ്വമോക്ഷദർശനമായ ആർഷജ്ഞാനലബ്ധിക്ക് ഇതല്ലാതെ വഴിയില്ല. വ്യാസൻ യോഗവിദാംവരനാണ്. ഹിരണ്യഗർഭയോഗസൂത്രഭാഷ്യം രചിച്ച മഹാഋഷിയാണ്. ശൂദ്രകുലജാതനായാലും ധർമ്മിഷ്ഠനായ ശ്രേഷ്ഠനാണ് ബ്രാഹ്മണനെന്ന് പറയുന്നുമുണ്ട് സർവ്വചരാചരത്തിലും കരുണ, സ്നേഹം, മൈത്രി, സദാ സന്തുഷ്ടി, സുഖദുഃഖസമത്വം വിവേകം സ്ഥിതപ്രജ്ഞത ഇവ ബ്രാഹ്മണലക്ഷണമാണ്. ഫലഭാരം വൃക്ഷത്തിനും ജലഭാരം മേഘത്തിനും ജ്ഞാനഭാരം ബ്രാഹ്മണനും തല കുനിപ്പിക്കുന്നു. വിനയാന്വിതനാണ് എല്ലാവർക്കും ജ്ഞാനം കൊടുക്കുന്ന ഗുരുവായ ബ്രാഹ്മണൻ എന്ന് വ്യാസമുനി പറയുന്നുണ്ട്.

വ്യാസജനിതകം

പിതാവിൽനിന്ന് വസിഷ്ഠ,ശക്തി പരാശര വ്യാസ. അമ്മയിൽനിന്ന് ഉപരിചരവസു(ചേദിരാജാവ്) - സത്യവതി.സത്യവതിക്ക് ശന്തനുവിലുണ്ടായ വിചിത്രവീര്യചിത്രാംഗദഭാര്യമാരിലുണ്ടായ ധൃതരാഷ്ട്ര, പാണ്ഡു, വിദുരന്മാരും അവരുടെ പുത്രപരമ്പരയും വ്യാസന്റെ ലൌകികപരമ്പര.

കൃഷ്ണദ്വൈപായനം വ്യാസം സർവ്വലോക ഹിതൈഷിണം വേദാന്തഭാസ്കരം വന്ദേ ശമാദി നിലയം മുനിം വ്യാസം വസിഷ്ഠമപ്താരം ശക്തേ പൌത്രമകന്മഷം പരാശരാത്മകം വന്ദേ ശുകതാതം തപോനിധിം

വ്യാസായ വിഷ്ണുരൂപായ വ്യാസരൂപായ വിഷ്ണവേ നമോവൈ ബ്രഹ്മനിധയേ വാസിഷ്ഠാ യ നമോ നമ അവികാരായ ശുദ്ധായ നിത്യായ പരമാത്മനേ സദൈകരൂപരൂപായ വിഷ്ണവേ സർവ്വജിഷ്ണവേ യസ്യസ്മരണമാത്രേന ജന്മസംസാ രബന്ധനാത് വിമുച്യതേ നമസ്തസ്മൈ വിഷ്ണ വേ പ്രഭവിഷ്ണവേ

സംസ്കൃതസാഹിത്യചരിത്രം

മാക്സ്മുള്ളറുടെ സംസ്കൃതസാഹിത്യചരിത്രം വൈദികസാഹിത്യത്തെ കുറിച്ച് മാത്രമാണ്. വെബ റുടെ Academical Lectures on Indian Literature,സർ മോണി യർ വില്യംസിന്റെ Indian Wisdom, ആർതർ എ) മക്ഡൊണാൾഡിന്റെ സംസ്കൃതസാഹിത്യചരിത്രം ഇവയാണ് ആദ്യമായി ഈ വിഷയത്തിലുണ്ടായ കൃതികൾ. 1900ത്തിൽ പ്രസിദ്ധീകരിച്ച മക്ഡോ

ണാൾഡിന്റെ കൃതിയാണ് ഇവയിൽ വെച്ച് ഏറ്റ വും പുതിയത്. ഈ ഗ്രന്ഥം ആരംഭിക്കുന്നത് നവോത്ഥാനകാലഘട്ടത്തിനു ശേഷം 18ആം നൂറ്റാ ണ്ടിൽ സാംസ്കാരികചരിത്രത്തിൽ ആഗോളപ്രാധാ ന്യമുള്ള ഏറ്റവും വലിയ സംഭവം സംസ്കൃത സാഹിത്യത്തെ കണ്ടെത്തിയതാണെന്ന് പറഞ്ഞുകൊ ണ്ടാണ്. അലക്സാണ്ടർക്കുശേഷം ഗ്രീക്കുകാരും മദ്ധ്യകാലത്ത് അറബികളും ഇന്ത്യയുടെ ശാസ്ത്ര ത്തെ പടിഞ്ഞാറിന് പരിചയപ്പെടുത്തിക്കൊടുത്തു. 16ആം നൂറ്റാണ്ടു മുതൽ ചില മിഷനറിമാരും ഇന്ത്യൻ ശാസ്ത്രത്തേയും ഭാഷകളേയും പരിച യപ്പെട്ടു. 1651ൽ അബ്രഹാം റോഗർ ഭർതൃഹരിയെ ഡച്ചുഭാഷയിലേക്ക് വിവർത്തനം ചെയ്തു. എന്നാലും 1780 വരെ യൂറോപ്പിന് ഇന്ത്യയുടെ വിവേകത്തെക്കുറിച്ച് ഏകദേശജ്ഞാനമല്ലാതെ പരിപൂർണ്ണമായി അറിവുണ്ടായില്ല. വോൾട്ടെയർ വിവിധരാഷ്ട്രങ്ങളുടെ സംസ്കാരത്തെക്കുറിച്ചുള്ള തന്റെ ലേഖനത്തിൽ ഇന്ത്യയിൽനിന്ന് കൊണ്ടുവന്ന വേദത്തെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. എന്നാൽ പരാമർശിച്ച പുസ്തകം 17ആം നൂറ്റാണ്ടിലെ ഒരു ജെസ്യൂട്ട് പാതിരിയുടെ അപൂർണ്ണമായ പ്രക്ഷി പ്തകൃതിയാണ്, അതും മോഷ്ടിച്ച കൃതി. ഡോഗൽ സ്റ്റുവർട്ട് എന്ന ചിന്തകൻ ഇതിനെ ആധാരമാക്കി യാണ് സംസ്കൃതഭാഷയും അതിലെ കൃതികളും ബ്രാഹ്മണർ ഗ്രീക്കുകാരിൽനിന്ന് മോഷ്ടിച്ചതാവണ മെന്ന് തീരുമാനിച്ചത്. 1838 വരെ ഡബ്ലിനിലെ പ്രൊഫസർമാർ ഈ തെറ്റായ ധാരണ വെച്ചുപുല ർത്തിയിരുന്നു.

ഇന്ത്യയിലെ ഭരണം ഇന്ത്യക്കാരുടെ നിയമം അനുസരിച്ചാവണം എന്ന് തീരുമാനിച്ച വാറൻ ഹേസ്റ്റിങ്സ് സംസ്കൃതഗ്രന്ഥങ്ങളെ ക്രോഡീകരിക്കാനായി ആവശ്യപ്പെട്ടതാണ് സംസ്കൃതഭാഷയെ യൂറോപ്പിൽ പ്രചരിപ്പിച്ചത്. ഇതനുസരിച്ച് ബ്രാഹ്മണരുടെ ക്രോഡീകരിച്ച നിയമസംഹിത അതിന്റെ ഇംഗ്ലീഷ് പരിഭാഷയോടെ 1776ൽ പ്രസിദ്ധീകരിച്ചു. ദേവനാഗരി ലിപി, ഭാഷാസാഹിത്യചരിത്രം ഇവയോടെയാണ് ഇത് പ്രസിദ്ധീകരിച്ചത്. ഹേസ്റ്റിങ്സ് പ്രചോദിപ്പിച്ചതിനാൽ ബനാറസിൽനിന്ന് സംസ്കൃതം പഠിച്ച ചാൾസ് വിൽക്കിൻസിന്റെ ഭഗവദ് ഗീത 1785ൽ പ്രസിദ്ധീകരിച്ചു. രണ്ടുവർഷം കഴിഞ്ഞ് ഹിതോപദേശം അദ്ദേഹം പരിഭാഷപ്പെടുത്തി. സർ വില്യം ജോൺസ് (1746-94) 11 വർഷത്തെ ഇന്ത്യയിലെ താമസത്തിനു ശേഷം , സംസ്കൃതഭാഷാപഠനത്തിന് വലിയ സംഭാവനകൾ തന്നു. 1784ൽ അദ്ദേഹം ഏഷ്യാറ്റിക്ക് സൊസൈറ്റി ഓഫ് ബംഗാൾ സ്ഥാപിച്ചു. 1789ൽ അദ്ദേഹം പ്രസിദ്ധീകരിച്ച ശാകുന്തളം പരിഭാഷ ഗെഥേ, ഹെർഡർ എന്നിവരെ സ്വാധീനിച്ചു. മനുസ്മൃതി, ഋതുസംഹാരം ഇവ അതിനെ തുടർന്ന് പ്രസിദ്ധീകരിച്ചു.

ഹെന്റി തോമസ് കോൾബ്രൂക്ക് (1765-1837) നിരവധി സംസ്കൃതഗ്രന്ഥങ്ങൾ ശാസ്ത്രവും സാഹിത്യവുമടക്കം പരിഭാഷപ്പെടുത്തി. അലക്സാന്റർ ഹാമിൽട്ടൺ (1765-1824)ഇന്ത്യയിലെ വാസത്തിനു ശേഷം ഇംഗ്ലണ്ടിലേക്ക് ഫ്രാൻസ് വഴി തിരിച്ചുപോ

കുമ്പോൾ പാരിസിൽ നെപ്പോളിയന്റെ നിയമപ്രകാരം തടവിലായി. അവിടെവെച്ച് ഫ്രഞ്ച് റൊമാന്റിക്ക് കവി ഫ്രഡറിക്ക് ഷ്ലെഗലിനും മറ്റ് പണ്ഡിതന്മാർക്കും അദ്ദേഹം സംസ്കൃതം പഠിപ്പിച്ചു ഇതിന്റെ ഫലമാണ് ഷ്ലെഗലിന്റെ . On the Language and Wisdom of the Indians (1808).യൂറോപ്പിലെ ഭാഷാശാസ്ത്രത്തിലേക്ക് താരതമ്യമാർഗ്ഗവും ചരിത്രമാർഗ്ഗവും ഈ ഗ്രന്ഥമാണ് ആദ്യമായി പരിചയപ്പെടുത്തിയത്. ഇത് 1816ൽ സംസ്കൃതം,ഗ്രീക്ക്,ലാറ്റിൻ, പേഴ്സ്യൻ,ജർമ്മൻഭാഷകളുടെ താരതമ്യപഠനമായ ഫ്രാൻസ് പോപ്പിന്റെ സയൻസ് ഓഫ് കമ്പാരറ്റീവ് ഫിലോളജിക്ക് അടിസ്ഥാനശില പാകി. ഷ്ലെഗലിന്റെ ഗ്രന്ഥം ജർമ്മനിയിലെ സംസ്കൃതപഠനത്തിനും ആധാരശിലയായിത്തീർന്നു.

ആദ്യം യൂറോപ്പ് പരിചയപ്പെട്ടത് പണ്ഡിതന്മാരുടെ ക്ലാസിക്കൽ സംസ്കൃതത്തെയാണ്. 1898ൽ വിയന്നയിൽ പ്രൊ ബ്യൂഹ്ലറുടെ മരണത്തിനുശേഷം ജർമ്മനിയിലെ സംസ്കൃതപഠനം ഗോട്ടിങ്ങനിലെ കീൽഹോൺ തുടർന്നുകൊണ്ടുപോയി.Adalbert Kuhn, മാക്സ് മുള്ളർ എന്നിവർ താരതമ്യഫിലോളജിയെ താരതമ്യമിഥോളജിയിലേക്ക് കൊണ്ടുപോയി.ഇന്ത്യക്കാരുടെ ഫിലോസഫിക്കൽ ബൌദ്ധികചിന്തയും ശാസ്ത്രചിന്തയും സംസ്കൃതഭാഷയിലാണ് കാണുന്നത്. അതാകട്ടെ, ഗ്രീക്കുചിന്തയേക്കാൾ എത്രയോ പഴക്കമുള്ളതുമാണെന്ന് ലോകം മനസ്സിലാക്കുകയായിരുന്നു. ഇന്ത്യൻ സാഹിത്യത്തിന്റെ പ്രാധാന്യം അതിന്റെ തനിമയിലാണ്. ഹിമവാനും സമുദ്രത്തിനുമിടക്ക് മറ്റു സംസ്കാരങ്ങളിൽനിന്ന് വേറിട്ട്, സുര

ക്ഷിതമായി തനതായ ഒരു സംസ്കാരവും ചിന്ത യും ഈ ഭൂഖണ്ഡത്തിലുണ്ടായി. അലക്സാന്റർ വന്ന കാലത്ത് ഇന്ത്യക്ക് തനതായ സംസ്കാരവും ഭാഷയും ഉണ്ടായിരുന്നു. അതിന് ഗ്രീക്കുഭാഷയോ ടോ സംസ്കാരത്തോടോ വിധേയത്വം ഉണ്ടായിരു ന്നുമില്ല. 3000 വർഷത്തിലധികം പഴക്കമുള്ളതും തുടർച്ചയായി നിലനിന്നതുമായ സംസ്കാരം ഇന്ത്യക്കും ചൈനക്കും മാത്രമാണ് അവകാശപ്പെട്ടി രിക്കുന്നത്. ആര്യന്മാരുടെ അധിനിവേശം എന്ന യൂറോസെൻട്രിക്ക് തിയറി യൂറോപ്പിൽ ഉണ്ടാവാനു ള്ള കാരണവും ഇതുകൊണ്ടുള്ള ഇൻഫീരിയോറിറ്റി കോംപ്ലക്സ് ആണ്.

സംസ്കൃതസാഹിത്യം രണ്ടു ഘട്ടമായി തിരിക്കുന്നു. 1 വൈദികകാലം . ബിസി 200 വരെ ഉള്ള കാല മാണിത്. ഇക്കാലത്ത് കാവ്യാത്മകവും സൃഷ്ടിപര വുമാണ് ഭാഷ.

2. പിന്നീടുള്ള കാലം ഗദ്യവും പദ്യവും ഇടകല ർന്നതും ബൌദ്ധികവുമായ സാഹിത്യത്തിനാണ് മുൻതൂക്കം.

ശാസ്ത്രസാഹിത്യം, ഗണിതം, ജ്യോതിശ്ശാസ്ത്രം, വൈദ്യശാസ്ത്രം, നിരുക്തം വ്യാകരണം ,ധർമ്മ ശാസ്ത്രം എന്നിങ്ങനെ എല്ലാ ശാഖകളിലും കവിത ,നാടകം മുതലായവയിലും ഇന്ത്യക്കാർ മറ്റൊരു രാജ്യത്തിലുമില്ലാത്തപോലെ മേന്മ കൈവരിച്ചു. ഇന്ത്യയിലെ ചരിത്രം രേഖീയവും വർത്തുളവു മായ രണ്ടുവിധ കാലഗണന ഉള്ളതായി കാണുന്നു. ഇതും മറ്റു രാജ്യങ്ങളിൽ

കാണാത്ത പ്രത്യേകതയാ ണ്. വേദകാലം മുതൽ ഋഷിപരമ്പരകളുടേയും രാജവംശങ്ങളുടേയും ചരിത്രരേഖ സൂക്ഷിച്ചിട്ടുള്ള നാടാണ് ഭാരതം. ഈ രേഖകളെ ഐതിഹ്യമെന്നും മിത്ത് എന്നും തള്ളിക്കളയുന്നവരാണ് ഭാരതത്തിന് ചരിത്രമേ ഇല്ല എന്ന് പറയുന്നത്. ഇവിടത്തെ നിര വധി ആദിവാസി ട്രൈബുകളിൽനിന്ന് ഉണ്ടായിവന്ന രാജവംശങ്ങളും ഗുരുകുലങ്ങളുമാണ് ഇവിടത്തെ സാഹിത്യം നിലനിർത്തിയത്. ഭാഷ,ശൈലി, ദർശനം ഇവയെ ആധാരമാക്കിയും ചരിത്രം രേഖപ്പെടുത്താ വുന്നതാണ്. ബിസി 500 വരെ വൈദികദർശനം മാത്രമാണ് ഇന്ത്യയിലെ ഒരേ ഒരു ദർശനം. പിന്നീട് ബുദ്ധമതം വന്നു. ബിസി 48ലാണ് ആദ്യത്തെ ബുദ്ധ മതസഭ കൂടുന്നത്. ബുദ്ധൻ അക്കാലത്തെ ബ്രാഹ്മണ രെക്കൊണ്ട് വൈദികസംസ്കൃതത്തിലെ കൃതികളെ ല്ലാം പാലിയിലേക്ക് പരിഭാഷ ചെയ്യിച്ചു.

വേദകാലത്തിന് സൈന്ധവസംസ്കൃതിയോളവും അതിന്നുമുമ്പുമാണ് പഴക്കം. അവസ്തക്ക് ബിസി 1500 വരെയാണ് പഴക്കം. അവസ്തയും വേദവും തമ്മിലുള്ള ഫൊണറ്റിക്ക് സാമ്യം നോക്കി വേദത്തി ന് ബിസി 1500 എന്ന് പഴക്കം മാക്സ്മുള്ളർ നിശ്ചയിച്ചത് അബദ്ധമാണെന്ന് ഇതിനകം തെളി ഞ്ഞിട്ടുണ്ട്. ബോണിലെ ജാക്കോബി ബിസി 4000 വരെ വേദത്തിന് പഴക്കം നിശ്ചയിച്ചിട്ടുണ്ട്. ഋഗ്വേ ദകാലത്തെ ഋതുപ്പകർച്ചകളെ ആധാരമാക്കിയാണ് അദ്ദേഹത്തിന്റെ നിർണ്ണയം. എപ്രകാരമായാലും ഗ്രീക്കിനും വളരെ മുമ്പാണ് സംസ്കൃതവും അതി ലെ ശാസ്ത്രങ്ങളുമെന്ന് ഉറപ്പായിട്ടുണ്ട്.

പിൽക്കാലഇന്ത്യാചരിത്രത്തിന്റെ നാഴികക്കല്ലുകളായി വിദേശാക്രമണങ്ങളും അവരുടെ സഞ്ചാരക്കുറിപ്പുകളുമുണ്ട്. 326 ബിസിയിലാണ് ആദ്യത്തെ വിദേശാക്രമണം. തുടർന്ന് പാടലീപുത്രത്തിൽതാമസിച്ച മെഗാസ്തനീസ് അന്നത്തെ ഇന്ത്യയുടെ വിശദമായ വിവരണം (ഇൻഡിക്ക) തന്നിട്ടുണ്ട്. മൂന്ന് ചൈനക്കാർ -ഫാഹിയാൻ(എഡി 399) ഹ്യുയാൻസാങ് (630-645)ഐ ചിങ്ങ്(671-695)ഇന്ത്യയെ തങ്ങളുടെ സഞ്ചാരരേഖകളിലൂടെ ലോകത്തിന് പരിചയപ്പെടുത്തി. ഹ്യുയാൻസാങ് അക്കാലത്തെ സംസ്കൃത കവികളെക്കുറിച്ചും എഴുതുന്നുണ്ട്.ചൈനക്കാരുടെ സഞ്ചാരചരിത്രത്തിൽനിന്നാണ് 1896ൽ ബുദ്ധജന്മഭൂമിയായ കപിലവസ്തു കണ്ടുപിടിച്ചത്. 1030 എഡിയിൽ ആല്ബറൂണിയും ഇന്ത്യയെ കുറിച്ച് എഴുതി. പിന്നീട് നാണ്യങ്ങൾ, താമ്രപത്രലിഖിതങ്ങൾ, ശിലാലിഖിതങ്ങൾ,സ്തംഭലിഖിതങ്ങൾ ഇവ കണ്ടെടുത്ത് Corpus Inscriptionum Indicarum, Epigraphia Indica, ഇവയിൽ പ്രസിദ്ധീകരിച്ചു. ഇപ്പോഴും ഇന്ത്യയുടെ പലഭാഗങ്ങളിൽനിന്നുമായി ലിഖിതങ്ങളും പുരാവസ്തുക്കളും ചരിത്രത്തിലേക്ക് വെളിച്ചം വീശിക്കൊണ്ടിരിക്കുന്നു. എപ്പിഗ്രാഫി ഇന്ത്യയിലെ സാഹിത്യത്തിനും ഭാഷക്കും ക്രിസ്തുവർഷാരംഭത്തിനു മുമ്പേ ചരിത്രമുണ്ടെന്ന് തെളിയിച്ചുകൊണ്ടേ ഇരിക്കയാണ്. ക്രിസ്തുവിന് മുമ്പ് മൂന്നാം ശതകത്തിൽ അശോകന്റെ ലിഖിതങ്ങളും സൈന്ധവസംസ്കൃതി കാലത്ത് സിന്ധുസരസ്വതിലിപിയും ഇന്ത്യയിലുണ്ട്. ഗിർനാർ അഥവാ ഗിരിനഗരം (ഗുജറാത്ത്) മുതൽ ധൌളി വരെയും (ഒറീസ) കാബൂൾനദിക്ക് വടക്ക്

കപർദ്ദിഗിരി മുതൽ ഖൽസിവരേയും നേപ്പാളിലെ ലുംബിനിയിലും എല്ലാം അവ ഇന്ത്യയാകെ ചിതറിക്കിടക്കുന്നത് ഒരു ഏകീകൃതരാഷ്ട്രത്തിന്റെ തെളിവാണ്.

ബുഹ്ലറുടെ പാലിയോഗ്രാഫിക്ക് റിസർച്ച് ഗാന്ധാരത്തിൽ ഖരോഷ്ഠിയും ബിസി നാലാം നൂറ്റാണ്ടുമുതൽ രണ്ടാംനൂറ്റാണ്ടുവരേയും ഉണ്ടെന്നു കണ്ടു. വലത്തുനിന്ന് ഇടത്തോട്ട് എഴുതുന്ന അത് ഇന്ത്യയിലെ ഇടത്തുനിന്ന് വലത്തോട്ടെഴുതുന്ന ബ്രാഹ്മിയിൽനിന്നാണ് മറ്റെല്ലാ ലിപികളേയും പോലെ ഉത്ഭവിച്ചതെന്നും. ബിസി നാലാംനൂറ്റാണ്ടിലെ ഒരു നാണ്യത്തിൽ വലത്തുനിന്ന് ഇടത്തോട്ടാണ് ലിപി. അസീറിയൻ തൂക്കക്കട്ടികളിലും മോവാബൈറ്റ്ശിലയിലും കാണുന്ന ഫുണീഷ്യൻ ലിപി ബിസി 890ലെയാണ്. ഇന്ത്യയിലെ നാഗവംശീയരായ ഫണീശ്വരന്മാരിൽനിന്ന് കച്ചവടക്കാർ വഴി മെസപ്പൊട്ടോമിയയിലേക്ക് ഈ ലിപി വ്യാപിച്ചതായിരിക്കണം.
ഗുരുവിന്റെ വാമൊഴിയിൽനിന്ന് പഠിക്കുന്ന ഇന്ത്യയിലെ സമ്പ്രദായം വരമൊഴിയായി ഗുരുകുലങ്ങളിൽ മാത്രമാണ് ഓലഗ്രന്ഥങ്ങൾ പകർത്തി സൂക്ഷിച്ചിരുന്നത്. അതായത് ലിപി ഉണ്ടാവുന്നതിനും അത് പോപ്പുലറാവുന്നതിനും മുമ്പുതന്നെ ഇന്ത്യയിലെ കവിതയും ശാസ്ത്രവും ഭാഷകളും വികസിച്ചിരുന്നു. വേദം അതിന്നുദാഹരണമാണ്. അശോകന്നു വളരെ കാലം മുമ്പ് ലിപി ഉണ്ടായിരുന്നു. കാരണം അശോകലിഖിതങ്ങളിൽ ഒരേ അക്ഷരത്തിന് വിവിധതരം ലിപി കാണാം. ചിലതിന് 9 മുതൽ 10 വരെ രൂപമുണ്ട്. ബ്രാഹ്മിയിൽ 42 അക്ഷരലിപി

ഉണ്ട്. സെമിറ്റിക്ക് ദേശത്തുകാണുന്ന ഫുണീഷ്യനിൽ 22 മാത്രം. പാണിനിക്ക് ഈ അക്ഷരങ്ങളെല്ലാം അറിയാം എന്നത് സംസ്കൃതത്തിന്റെ പഴക്കവും ഉത്ഭവവും കാണിക്കുന്നു. അവ സംസ്കൃതഭാഷ യിലെ എല്ലാ ധ്വനികളേയും ശാസ്ത്രീയമായി ക്രമീ കരിക്കുന്നു. സ്വരങ്ങൾ ആദ്യവും വ്യഞ്ജനം വർഗ്ഗങ്ങളായി ഉച്ചരിക്കുന്ന അവയവക്രമമായിട്ടും

ദന്ത്യങ്ങൾ തഥദധന എന്നും ഓഷ്ഠ്യങ്ങൾ പഫബ ഭമ എന്നും. ഇതിനെക്കുറിച്ച് എഴുതുമ്പോൾ ആർഥ ർ മക്ഡോണൽ എഴുതുന്നുഃ-We Europeans, on the other hand, 2500 years later, and in a scientific age, still employ an alphabet which is not only inadequate to represent all the sounds of our languages, but even preserves the random order in which vowels and consonants are jumbled up as they were in the Greek adaptation ol the primitive Semitic arrangement of 3000 years ago.

ഇപ്പോൾ സംസ്കൃതം മറാത്തി ഹിന്ദി പുസ്ത കങ്ങളാണ് ദേവനാഗരിലിപിയിൽ അച്ചടിക്കുന്നത്. ഇതിന് ലിപിക്ക് മുകളിലായി ഒരു രേഖ ഉണ്ട്. 8ആം നൂറ്റാണ്ടിനു മുമ്പാണ് ദേവനാഗരി ലിഖിതങ്ങ ളിൽ കാണുന്നത്. (വടക്കൻ ബ്രാഹ്മിയിൽനിന്ന്) 11 ആം നൂറ്റാണ്ടുമുതലാണ് ഇതിൽ ഗ്രന്ഥം രേഖപ്പെടു ത്തിക്കാണുന്നത്, തെക്കൻബ്രാഹ്മിയിൽനിന്ന് വിന്ധ്യ നു തെക്ക് 5 ലിപികളുണ്ടായി. കർണ്ണാടക,തെലുഗു ലിപികൾ വളരെ സാദൃശ്യം ഉള്ളവയാണ്. വാമൊ ഴിസമ്പ്രദായം, എഴുതാനുപയോഗിക്കുന്ന ഇലകളുടെ അതിവേഗമുള്ള നാശം ഇവയാലാണ് ഇന്ത്യയിൽ രേഖപ്പെടുത്തിയ ഗ്രന്ഥങ്ങളുടെ പഴക്കം 10ആം നൂറ്റാണ്ടുമുതലായത്. അലക്സാന്റെറുടെ കാലത്ത്

ഇന്ത്യക്കാർ പാലിലിപിയാണ് ഉപയോഗിച്ചിരുന്നത്, സംസ്കൃതഭാഷയും പ്രാകൃതവും അതിലാണ് എഴുതിയിരുന്നത്. വടക്ക് ഭൂർജ്ജപത്രത്തിലും തെക്ക് പനയോലയിലും ഗ്രന്ഥം എഴുതപ്പെട്ടു. പനയോലയിൽ എഴുതിയ ആറാം നൂറ്റാണ്ടിലെ ആദ്സംസ്കൃതഗ്രന്ഥം ജപ്പാനിലാണ് സൂക്ഷിച്ചിരിക്കുന്നത്.ഹ്യുയാൻ സാങ് അദ്ദേഹത്തിൻ കാലത്ത് ഇന്ത്യ മുഴുവനും പനയോലയിലാണ് ഗ്രന്ഥം എഴുതി സൂക്ഷിച്ചിരുന്നതെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എഡി ഒന്നാം നൂറ്റാണ്ടിലെ ഒരു താമ്രപത്രം പനയോലയുടെ ആകൃതിയിലാണ് ഉണ്ടാക്കിയിരിക്കുന്നതു തന്നെ. പതിമൂന്നാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ ഗുജറാത്തിലാണ് ഇന്ത്യയിലെ ആദ്യസംസ്കൃതഗ്രന്ഥം കടലാസിലെഴുതിയിട്ടുള്ളത്. തെക്കേ ഇന്ത്യയിൽ പനയോലയും എഴുത്താണിയും കടലാസിന്റെ കണ്ടുപിടുത്തത്തിനുശേഷവും എഴുതാൻ വളരെ കാലം ഉപയോഗിച്ചു. പനയോലകളെ കൂട്ടിക്കെട്ടുന്നതിനാലാണ് ഗ്രന്ഥം എന്ന പേരുതന്നെ വന്നത്. ബിസി രണ്ടാം നൂറ്റാണ്ടുമുതൽ മഷി ഉപയോഗം ഇന്ത്യയിലുണ്ട്. കലം എന്ന മഷിത്തണ്ട് എഴുതാനുപയോഗിച്ചു. ഇതാണ് ഗ്രീസിൽ കലമോസ് ആയത്. തെക്കേ ഇന്ത്യയിൽ മുനയുള്ള നാരായം കൊണ്ട് കോറിയാണ് എഴുതുക. പിന്നീട് അത് കരി പുരട്ടി നിറം വെപ്പിക്കും. (ഇത് ഗുഹകളിലും പാറകളിലും എഴുതിയിരുന്ന പഴയ രീതിയാണ്. അതിനാൽ കൂടുതൽ പഴക്കം ഉള്ളതും) തെക്കേ ഇന്ത്യയിലെ ബ്രാഹ്മിയാണ് ആദ്യം ഉണ്ടായതെന്ന് ഇതിൽനിന്ന് അനുമാനിക്കാം. രാജകൊട്ടാരം ഗുരുകുലം ക്ഷേത്രം

മുതലായവയിൽ ഇത്തരം ഗ്രന്ഥങ്ങളുടെ ശേഖരം (ലൈബ്രറി) ഉണ്ടായിരുന്നു. 620 എഡിയിൽ ബാണ ന്റെ ലൈബ്രറിയിൽ ഗ്രന്ഥങ്ങൾ വായിക്കാനായി ഒരാളെ നിയമിച്ചിരുന്നു. ഇന്നും പണ്ഡിതരായ ബ്രാഹ്മണരുടെ ഗൃഹങ്ങളിൽ ഇത്തരം ശേഖരങ്ങളു ണ്ട്. തലമുറകളിൽനിന്ന് തലമുറകളിലേക്ക് കൈമാ റിയ സംഗീതകാവ്യാത്മകസാഹിത്യമാണ് വൈദിക സാഹിത്യം. വൈദികബ്രാഹ്മണർ ഈ കാവ്യാത്മക മായ സാഹിത്യഭാഷയാണോ സംസാരിച്ചിരുന്നത് എന്ന് അറിയില്ല. പല പ്രാദേശികഭാഷകളും അവ ർ സംസാരിച്ചിരുന്നിരിക്കണം. വേദം അവരുടെ പൊതുഭാഷയായി ദിവ്യമായ വാണിയായി എല്ലാ വരും സ്വീകരിച്ചിരുന്നിരിക്കണം. അത് ഇന്ത്യയുടെ വിദ്യാഭ്യാസഭാഷയായ സംസ്കൃതവും പ്രാദേശിക ഭാഷകൾ ജനകീയസംഭാഷണഭാഷകളുമായിരുന്നു. പ്രാകൃതഭാഷകളെ സംസ്കരിച്ച് ഉരുവാക്കിയ ഭാഷയാണ് സംസ്കൃതമെന്ന് ആ പേരിൽതന്നെ ഉണ്ട്. സംസ്കൃതത്തിന്റെ ഫൊണറ്റിക്സ് വേദ ത്തിലെ ഫൊണറ്റിക്സ് തന്നെയായതിനാൽ , വേദ ത്തിനുമുമ്പേ ഈ ഭാഷ വിദ്യാഭ്യാസഭാഷയായി ഉണ്ടായിരുന്നിരിക്കണം. വ്യാകരണനിയമവും അന്നുമുതൽ ഒന്നായിത്തന്നെ ഇരിക്കുന്നു. മാറ്റം വരാതിരിക്കാനുള്ള നിയനവും ക്രമവും പാലിച്ച് ഭാഷയെ സംരക്ഷിക്കാനുള്ള നീക്കം വൈദികസാഹി ത്യത്തിലുണ്ട്. എന്നിട്ടും ചില മാറ്റങ്ങൾ വന്നത് പുതിയ അക്ഷരസൃഷ്ടിയാലല്ല, അക്ഷരലോപം കാരണമാണ്. വൈദികകാലത്തെ സംസ്കൃതംവാ മൊഴി വരമൊഴിയായി പരിണമിച്ചപ്പോളാവണം

ലളിതവത്കരണത്തിനായി ഈ മാറ്റം വന്നത്. മറ്റേ ത് രാജ്യത്തുമുണ്ടായിട്ടില്ലാത്ത വിധം ഇന്ത്യയിലു ണ്ടായ വ്യാകരണനിയമവും ഇതിന് കാരണമായി രിക്കാം. അവരുടെ നിയന്ത്രണമില്ലാതെ സന്ധികൾ ഉണ്ടാവുകയില്ല. പിന്നീടുവന്ന സാഹിത്യഭാഷയിലാ ണ് മാറ്റം വന്നത്. അവരുടെ സ്വാതന്ത്ര്യത്തിൽ കൈ കടത്താൻ വയ്യാകരണർക്ക് സാധിക്കില്ലല്ലോ. വൈദികസാഹിത്യത്തിലില്ലാത്ത പല വാക്കുകളും പിൽക്കാലസാഹിത്യത്തിൽ കടന്നുവന്നു. വാക്കുകൾ ഉച്ചാരണമാറ്റം കൊണ്ടും പ്രാദേശികഭാഷകളിൽനി ന്നുണ്ടായ സ്വീകരണം കൊണ്ടും പുതിയ സാഹിത്യ ത്തിൽ മാറ്റമുള്ളതായി കാണപ്പെട്ടു. നിലവിലുള്ള വാക്കുകളുടെ അർത്ഥത്തിലും മാറ്റം വന്നു. പാണി നിയുടെ കാലത്തോടെ (ബിസി നാലാം നൂറ്റാണ്ട്) ഇന്ത്യയിലെ വ്യാകരണം വളരെ ഉയർന്ന നിലവാ രത്തിലെത്തിയിട്ടുണ്ട്. വളരെ പഴയ രാമായണം എന്ന ഇതിഹാസത്തിലുള്ള സംസ്കൃതം എന്ന പദം പാണിനിയും ഉപയോഗിക്കുന്നു. 5ആം നൂറ്റാണ്ടിലെ യാസ്കൻ പ്രാകൃതത്തെ ഭാഷ എന്ന് വിളിക്കുന്നു. ആറാം നൂറ്റാണ്ടിലെ കാവ്യാദർശവും പ്രാകൃതം സംസ്കൃതം എന്ന് രണ്ടായി പറയുന്നു. ഭാഷ അഥവാ പ്രാകൃതം വാമൊഴിയായിരന്നു. പിന്നീടത് സാഹിത്യഭാഷയായി. ആ ചരിത്രം പ്രാകൃതം നാഗ ഭാഷ എന്ന കൃതിയിൽ ഞാൻ വിവരിച്ചിട്ടുണ്ട്. പതഞ്ജലി അതിനെ ലൌകികഭാഷ എന്ന് പറയു ന്നു. ഇപ്പോഴത്തെ വർത്തമാനഭാഷ എന്നും. പ്രാകൃ തഭാഷക്കു മാത്രം ബാധകമായിട്ടുള്ള നിയമങ്ങളും പാണിനി പറയുന്നുണ്ട്. സംസ്കൃതം സാഹിത്യഭാ

ഷയും വിദ്യാഭ്യാസഭാഷയും മാത്രമല്ല സംസാരഭാഷയുമായിരുന്നു (വിദ്വാന്മാർ ഈ ഭാഷയിലാണ് സംവദിച്ചിരുന്നത്) കാരണം യാസ്കനും പാണിനിയും വടക്കും കിഴക്കുമുള്ളവരുടെ ഭാഷയിലെ വ്യത്യാസം പറയുന്നു, കാത്യായനൻ സംസ്കൃതത്തിലെ പ്രാദേശികഭേദം പറയുന്നു. പതഞ്ജലി ചില ജില്ലകളിൽ പറയുന്ന പ്രത്യേകവാക്കുകളുടെ ഭേദവും. ഭാഷയിൽ ശിക്ഷണം കിട്ടിയവരാണ് സംസ്കൃതം പറഞ്ഞിരുന്നതെന്ന് പതഞ്ജലി പറയുന്നുണ്ട്. സൂതനെന്ന പദത്തെകുറിച്ച് വയ്യാകരണനും സാരഥിയും തമ്മിലുള്ള സംവാദം പതഞ്ജലി ഉദ്ധരിക്കുന്നത് ഉദാഹരണം. നാടകത്തിലെ കഥാപാത്രങ്ങളുടെ ഭാഷയിലും ഈ വ്യത്യാസം കാണാം. ജനങ്ങളും സ്ത്രീകളും പ്രാകൃതവും രാജാവും മറ്റ് ഉയർന്ന ഉദ്യോഗസ്ഥരും ബ്രാഹ്മണരും സംസ്കൃതവുമാണ് നാടകത്തിൽ പറയുക. അതായത് സംസ്കൃതം പറഞ്ഞാൽ മനസ്സിലാക്കാൻ എല്ലാവർക്കും കഴിഞ്ഞിരുന്നു. നാടകം കാണുന്നവർക്കും രണ്ടു ഭാഷകളും മനസ്സിലായിരുന്നു. സംസ്കൃതം അറിയുന്നവർ തന്നെയാണ് പ്രാകൃതവും പ്രാദേശികഭാഷകളും സംസാരിച്ചിരുന്നത്. അത് ഒരു ത്രിഭാഷാപദ്ധതിയാണ്. വൈദികശ്ലോകങ്ങളിലും കൂടി പ്രാദേശികവും പ്രാകൃതവുമായ വാക്കുകളെ ശ്രദ്ധിച്ചാൽ കാണാം. സംസ്കൃതത്തിലെ സൂത്രവും ധർമ്മവും പാലിഭാഷയിലേക്ക് ബുദ്ധൻ സുത്തം ധമ്മം എന്ന് ഉച്ചാരണം മാറ്റി സ്വീകരിച്ചു. വിദ്യുത്തിനെ വിജ്ജുവാക്കി. പ്രാകൃതഭാഷകളിലുള്ള ലിഖിതങ്ങളിൽ സംസ്കൃതശ്ലോകങ്ങളും കാണുന്നത്, രണ്ടുഭാഷയും

ഒരേസമയം നിലനിന്നിരുന്നതായി മനസ്സിലാക്കണം. വടക്കേ ഇന്ത്യയിലെ ബുദ്ധമതഗ്രന്ഥങ്ങളിൽ പലതും സംസ്കൃതത്തിലാണ്. ഹ്യുയാൻസാങ് ബുദ്ധമതക്കാർ സംവാദങ്ങളിലും കൂടി സംസ്കൃതമാണ് ഉപയോഗിക്കുന്നതെന്ന് പറയുന്നുണ്ട്. മുഹമ്മദീയർ വരുന്ന കാലത്ത് ഇന്ത്യയിലെ വരമൊഴി സംസ്കൃതം മാത്രമാണ്. പ്രാകൃതമോ പാലിയോ അല്ല. ആരംഭകാലത്തും (വേദകാലം) മദ്ധ്യകാലത്തും സംസ്കൃതം വളരെ പോപ്പുലറാണ്.

അപഭ്രംശം സിന്ധുതാഴ്‌വരയിലും ശൂരസേനി മഥുരയിലും ഉണ്ടായി. ശൂരസേനിക്ക് ഗുർജരി(ഗുജറാത്തി), അവന്തി(പടിഞ്ഞാറേ രജപുത്താന) മഹാരാഷ്ട്രി (കിഴക്കേ രജപുത്താന),മുതലായ ശാഖകളുണ്ടായിരുന്നു. കിഴക്കൻ പ്രാകൃതം മാഗധിയും അർദ്ധമാഗധിയുമായി. ഭരതമുനിയുടെ നാട്യശാസ്ത്രകാലം മുതലേ ഈ ഭാഷകളെല്ലാം സംസ്കൃതത്തോടൊപ്പം ഭാരതത്തിലുണ്ട്. ഇവയിൽനിന്നെല്ലാമാണ് ഭാരതത്തിലെ ഇന്നുകാണുന്ന ഭാഷകളുടെയെല്ലാം ഉത്ഭവം. അപഭ്രംശത്തിൽനിന്ന് സിന്ധി, പടിഞ്ഞാറൻ പഞ്ചാബി, കാശ്മീരി. ശൌരസേനിയിൽനിന്ന് കിഴക്കൻ പഞ്ചാബി, അവന്തി(പഴയ ഹിന്ദി) , ഗുജറാത്തി. മാഗധികളിൽനിന്ന് മറാത്തിയും ബംഗാളിയും. സംസ്കൃതവും തമിഴും ചേർന്നാണ് മലയാളവും കർണ്ണാടകവും തെലുങ്കും ഉണ്ടായത്. അവയിലെല്ലാം സംസ്കൃതവാക്കുകൾ ധാരാളമുണ്ട്.

പശുവിനെ അഘ്ന്യാ(വധിക്കപ്പെടാത്തവൾ) എന്ന് ഋഗ്വേദം വിളിക്കുമ്പോള് ശതപഥബ്രാഹ്മണം അതി

ന്റെ മാംസം തിന്നുന്നത് വിലക്കുന്നു. ആ വിശ്വാസം ഇന്ത്യൻ ചിന്തയിൽ വൈദികകാലത്തുതന്നെ വേരോടിയതാണ്. ഒരുപക്ഷേ വേദകാലത്ത് പശു കഴിഞ്ഞാൽ ഏറ്റെ പറയപ്പെട്ട ജീവി നാഗമാണ്. അഹി ബുധ്ന്യാ അഥവാ ആഴങ്ങളിലെ സർപ്പമെന്ന് വേദം അതിനെ വിളിക്കുന്നു. ഇന്ദ്രശത്രുവായ വൃത്രന്റെ നല്ല വശമായും അതിനെ കാണുന്നു. അവരെ ഗന്ധർവ്വകിന്നരഗണങ്ങളെപ്പോലെ ദൈവീകമായി കരുതുന്നു. സ്തുതിക്കുന്നു. നാഗങ്ങളെ മനുഷ്യരൂപമുള്ളവരായിട്ടാണ് വേദം പറയുന്നത്. നാഗവംശവും നാഗാരാധനയും ഇന്ത്യ മുഴുവനും ഉണ്ട്. വേദത്തിലെ നാഗപരാമർശവും ഇതിഹാസകഥകളിലെ നാഗാരാധനയും ഇന്ത്യയിലെ ആദിമജനതയുടെ രീതികളിൽനിന്നാണ് ഉണ്ടായത്. (നാഗപഞ്ചമം കാണുക). സസ്യങ്ങൾ, ജലം, പുഴ, ഗിരിക ൾ, ആകാശവും ഭൂമിയും എല്ലാം വൈദികഋഷിക്ക് ദേവതമാരാണ്. ഔഷധികളെ മാത്രം സ്തുതിക്കാനായി ഋ 10. 97 വിനിയോഗിച്ചിരിക്കുന്നു. 10. 146 കാടിനെ ഒന്നായി അരണ്യാനി എന്ന് വിളിക്കുന്നു. അതിലെ കാഴ്ചകളും നാദങ്ങളും പ്രകൃതിയുടെ കാവ്യാത്മകതയോടെ വർണ്ണിക്കുന്നു. മേയുന്ന പശുക്കളുടെ നാദം കേൾക്കുന്നു, ഗൃഹം ദൃശ്യമാകുന്നു, അരണ്യാനിയെന്ന വനദേവത സന്ധ്യാനേരത്ത് വണ്ടിപോലെ മുരളുന്നു.ഒരിടത്ത് പശുവിനെ വിളിക്കുന്ന ശബ്ദം, മറ്റൊരിടത്ത് മരം മുറിക്കുന്നത്, എവിടെയോ ഒരു കരച്ചിൽ. അരണ്യാനി ആരെയും ഉപദ്രവിക്കയില്ല, അവളുടെ അടുത്തേക്ക് ചെന്ന് അവളെ ഉപദ്രവിച്ചാലല്ലാതെ.

സസ്യജലഫലസമൃദ്ധമായ ഭൂപ്രകൃതിയും സസസ്യ, മൃഗനാമങ്ങളും വൈവിദ്ധ്യവും വേദം ഉണ്ടായത് മരുഭൂമിയില്ല, തെക്കേ ഇന്ത്യയിലും വിന്ധ്യനിലുമാണെന്ന് ചൂണ്ടിക്കാണിക്കുന്നു.മനുഷ്യനിർമ്മിതമായ ഉപകരണങ്ങളെ ദൈവീകമായി ആരാധിക്കുന്നതും ആയുധപൂജയുടെ തുടക്കമായി കാണാം. ഉരലും ഉലക്കയും യൂപവും സോമം അരക്കുന്ന കല്ലും കലപ്പയും സംഗീതോപകരണങ്ങളും യുദ്ധായുധങ്ങളും ആരാധിക്കപ്പെടുന്നു. ഇവിടത്തെ കാർഷികവ്യവസ്ഥിതിയുടേയും കലാശാസ്ത്രപാരമ്പര്യത്തിന്റേയും ആചാരങ്ങളുടേയും ചെറിയ ഒരു ലാഞ്ചന ഇതിലെല്ലാം കാണാം. വേദം ഇന്ത്യയിലല്ല ഉണ്ടായതെന്ന് ശഠിക്കുന്നവരാരും ഇതൊന്നും കണ്ടിട്ടില്ല.

ഋഗ്വേദത്തിലെ ഫിലോസഫിഃ-

മുന്നോട്ട് പോവുക, നമ്മുടെ പൂർവ്വികർ സഞ്ചരിച്ച പാതയിലൂടെ, വരുണനും യമനും ആഘോഷമായി ജീവിക്കുന്ന ഋഗ്വേദം ആശംസിക്കുന്നത്. അവിടെ മരത്തണലിൽ യമൻ ദേവന്മാരോടൊത്ത് സോമം ആസ്വദിക്കുന്നു. ഓടക്കുഴലിന്റെ സംഗീതം കേൾക്കുന്നു. മരിച്ചവർ പ്രകാശപാതകളിലൂടെ പൂർവ്വീകർ സഞ്ചരിച്ച പാതയിലൂടെ അവരോടു ചേർന്ന് വരുണ,യമലോകങ്ങളിലാണ് എത്തുന്നത്. (പടിഞ്ഞാറെ കടലും തെക്കുദിക്കും) അവിടെ യോദ്ധാക്കളില്ല, യുദ്ധമില്ല. യജ്ഞഭൂമിയാണ്. ആനന്ദഭൂമിയാണ്. നരകത്തെക്കുറിച്ച് വൈദികഋഷി അധികമൊന്നും പറഞ്ഞിട്ടില്ല. നിഷേധികളും ദുഷ്ടന്മാരും അജ്ഞാതമായ ഏതോ ഇരുണ്ട ലോകത്തിലേക്ക് പോകുന്നു എന്ന

ല്ലാതെ കഠിനശിക്ഷകളൊന്നും പറയുന്നില്ല. ദേവമാർഗ്ഗവും പിതൃമാർഗ്ഗവും വേദം പറയുന്നുണ്ട്. അനുഗ്രഹിക്കപ്പെട്ട് മൃതരായവരുടെ ദേവനായ യമന്ന് 3 സ്തോത്രം പറയുന്നുണ്ട്. മരിച്ചവരെ ഭരിക്കുന്ന രാജാവും അവർക്ക് വിശ്രമസ്ഥലം കൊടുക്കുന്നവനും ജനങ്ങളെ സ്വീകരിക്കുന്നവനുമാണ് യമൻ. അദ്ദേഹമാണ് ആദ്യമായി പാത കണ്ടു പിടിച്ചതും മരിച്ചവർക്ക് സ്ഥലം ഉണ്ടാക്കിയതും അവരെ ഒരുമിപ്പിച്ച് കൂട്ടിയതും. വിവസ്വാന്റെ പുത്രനാണ്. പ്രാവും കൂമനും യമന്ന് ദൂതരാണ്. മരിച്ചവർ പരലോകത്തേക്കു പോകുന്ന പാതയിൽ യമന്റെ രണ്ട് ശ്വാനന്മാരാമ് കാവലായി നിൽക്കുന്ന ദൂതന്മാർ. ഋ 10 14 മരിച്ചവരോട് പറയുന്നു:- നിങ്ങളുടെ പാതയിൽ നേരെ പോവുക. നാലു കണ്ണുള്ളവരും കടിഞ്ഞാണിട്ടവരും സരമാപുത്രുമായ രണ്ട് ശ്വാനന്മാരെ കടന്ന് പോവുക. യമനോടൊപ്പം വാഴുന്ന പൂർവ്വികരെ ചേരുക. വികസിച്ച മൂക്കുള്ള തവിട്ടുനിറമുള്ള യമദൂതന്മാർ ജീവനിൽ ആർത്തിയോടെ ജനങ്ങൾക്കിടയിൽ അലയുന്നു. അവർഇപ്പോൾ ഇവിടെ നമുക്ക് മംഗളകരമായ ജീവിതം തിരിച്ചുതരട്ടെ. നാം സൂര്യപ്രകാശം കാണട്ടെ. ഋ 10 10 യമനും ഇരട്ടയായ മിഥുനം യമിയും തമ്മിലുള്ള മനോഹരമായ സംഭാഷണമാണ്. തന്നെ പ്രാപിക്കാനിഛരിക്കുന്ന യമിയെ യമൻ വിലക്കുന്നു:-ദേവദൂതന്മാർ ഇവിടെ അലയുന്നുണ്ട്. അവർ നിൽക്കാറില്ല,കണ്ണ് അടക്കാറുമില്ല. വല്ലി വൃക്ഷത്തെയെന്നപോലെ നിന്റെ കൈകൾ മറ്റൊരു പുരുഷനെ ചുറ്റിപ്പടരട്ടെ.

ഇന്ദ്രനും വരുണനും തമ്മിലും വരുണനും അഗ്നി യും തമ്മിലും അഗ്നിയും ദേവന്മാരും തമ്മിലുമുള്ള സംഭാഷണങ്ങളും വേദത്തിലുണ്ട്. ഇന്ദ്രനും ഇന്ദ്രാ ണിയും തമ്മിൽ കുരങ്ങനെ സംബന്ധിച്ച സംഭാ ഷണം, ഇന്ദ്രദൂതിയായ സരമ പശുക്കളെ കണ്ടെ ത്തിയ ശേഷം അവയെ പണികളിൽനിന്ന് തിരിച്ച് ചോദിക്കുന്നത്, ഉർവ്വശി പുരൂരവസ്സിനെ ഉപേ ക്ഷിച്ച് പോകുമ്പോളത്തെ സംഭാഷണം ഇവ ഇന്ത്യ യിലെ സാഹിത്യത്തിന്റെ പൌരാണികതക്ക് നിദാന മാണ്. യമനും യമിയും തമ്മിലുള്ളത് ഇവയേക്കാ ളും പഴയ കഥയാണ്. പിൽക്കാലത്തെ നാടകം ഇതിഹാസം ഇവയെല്ലാം ഈ പഴയ വൈദികകഥ കളിൽനിന്നാണ് ഉണ്ടായത്. മഴക്കാലത്ത് കരയുന്ന തവളകളെ കുറിച്ചുള്ള മന്ത്രം ഇന്ത്യയിലെ മഴക്കാ ലം കണ്ടവരാരും മറക്കില്ല. വേദം ഉണ്ടായത് ഇന്ത്യയിൽ, പ്രത്യേകിച്ചും തെക്കേ ഇന്ത്യയിൽ ആണെന്ന് ആ മന്ത്രം കേട്ടാൽ തോന്നും.

ഒരാൾ ചൊല്ലിക്കൊടുത്തത് ഏറ്റുപറഞ്ഞ്, ഗുരുവാ ക്യം പഠിക്കുന്ന ശിഷ്യനെപ്പോലെ അവർ പർജ്ജന്യ ൻ വരുമ്പോൾ ശബ്ദം ഉയർത്തി പാടുന്നു. സോമ യാഗത്തിൽ സോമം നിറച്ച പാത്രത്തിനു ചുറ്റും ഇരുന്ന് ഉച്ചരിക്കുന്ന ബ്രാഹ്മണരെപ്പോലെ അവർ ജലം നിറഞ്ഞ കുണ്ടിനു ചുറ്റും മഴക്കാലത്ത് ഇരു ന്ന് ശബ്ദിക്കുന്നു. ഈശ്വരൻ അയച്ച 12 ാസത്തെ ഋതം ഇവർ ബ്രാഹ്മണരും തവളകളും തെറ്റിക്കാ റില്ല. മഴ കൊണ്ടുവരുന്നവരായി തവളകളെ ഐ ശ്വര്യദാതാക്കളായി ചിത്രീകരിക്കുന്നത് ഋതുക്കളെ

അഥവാ പ്രകൃതിയെ ആരാധിക്കുന്നവരായതുകൊണ്ടാണ്.

സോമനും സൂര്യപുത്രിയായ സൂര്യയും തമ്മിലുള്ള വിവാഹം, ശാൽമലിവൃക്ഷം കൊണ്ടുണ്ടാക്കിയ രണ്ടു ചക്രമുള്ള രഥത്തിൽ സൂര്യയുടെ ഭർതൃഗൃഹത്തിലേക്കുള്ള യാത്ര, കിംശുകപ്പൂക്കളാലങ്കരിച്ച രണ്ടു വെള്ളക്കാള വലിക്കുന്ന രഥം ഇവയെല്ലാം അക്കാലത്തെ ഇന്ത്യയിലെ വിവാഹാചാരങ്ങളെയും കാണിക്കുന്നു. സൂര്യചന്ദ്രന്മാർ ദൈവീകശക്തിയുള്ളവരാണ് വേദത്തിൽ. അവർ കുട്ടികൾ കളിക്കുന്നപോലെ അഗ്നിക്ക് ചുറ്റും ഓരോരുത്തരായി വലം വെക്കുന്നു. ഒരാൾ ജീവികളെ നിരീക്ഷിക്കുന്നു, മറ്റേ ആൾ ഋതുക്കളിൽ പുനർജനിക്കുന്നു. പുനർജ്ജനിച്ച് ഉഷസ്സിനു മുമ്പേ സഞ്ചരിക്കുന്നു.ദേവന്മാരുടെ ഭാഗം കൊടുക്കുന്നു. ചന്ദ്രൻ ജീവികളുടെ ആയുസ്സ് കൂട്ടുന്നു. വധുവിന്റെ വസ്ത്രവും വിവാഹച്ചടങ്ങും വിവരിച്ചശേഷം വരൻ വധുവിനോട് പറയുന്ന വാക്കുകളാണ്. ഐശ്വര്യലബ്ധിക്കായി ഞാനിതാ നിന്നെ പാണിഗ്രഹണം ചെയ്യുന്നു. നമ്മൾ രണ്ടുപേരും ഭാര്യാഭർത്താക്കന്മാരായി വാർദ്ധക്യം വരെ ജീവിക്കട്ടെ. എന്റെ ഗാർഹസ്ഥ്യം പങ്കിടാനായി, ഭഗൻ, അര്യമാവ്, സവിതാവ്, പുരംധി എന്നിവർ നിന്നെ തന്നു. അഗ്നേ നിന്നിലേക്ക് ആദ്യം തിളങ്ങുന്ന വസ്ത്രം ധരിച്ച സൂര്യയെ നയിക്കുന്നു. നീ ഭർത്താക്കന്മാർക്ക് മക്കളോടുകൂടി ഭാര്യയെ തന്നാലും. പുതിയ ഗൃഹത്തിൽ വേർപെടാതെ ജീവിക്കാനായി വധുവിനോട് പറയുന്നതാണ് പിന്നെ. ജീവിതത്തിൽ ലഭിച്ച ആയുസ്സ് തീരുംവരെ സന്തോ

ഷമായി പിണങ്ങാതെ ജീവിക്കണം.കുട്ടികളോടും പേരക്കുട്ടികളോടും കൂടി സന്തോഷകരമായ ജീവിതം നയിക്കണം. ഭർത്താവ് പറയുന്ന വാക്കുകൾ: എല്ലാ ദൈവീകശക്തികളും ഞങ്ങളെ യോജിപ്പിക്കട്ടെ. ജലദേവതമാർ ഹൃദയങ്ങളെ കൂട്ടിയിണക്കട്ടെ. മാതരിശ്വനും ധാത്രിയും ദേഷ്ട്രിയും ഞങ്ങളെ ഇണക്കട്ടെ. മരണാനന്തരച്ചടങ്ങിലെ മന്ത്രമെല്ലാം പുനർജ്ജനിയേയും ആവശ്യപ്പെടുന്നുണ്ട്. അവയിൽ ഭാഷാഭംഗി പ്രത്യേകമാണ്. ശരീരം ദഹിപ്പിക്കലായിരുന്നു പതിവ്. രണ്ട് വയസ്സിനു താഴെയുള്ള കുട്ടികളേയും യോഗികളേയും മാത്രമാണ് ദഹിപ്പിക്കാതെ കുഴിച്ചിട്ടിരുന്നത്.

വേദത്തിലെ നദികൾ:-

25 നദീനാമങ്ങളെ വേദം പറയുന്നു.
വിതസ്ത(ഝലം), അസിക്നി(ചേനാബ്), പരുഷ്ണി (ഇരാവതി അഥവാ രവി), വിപാശ(ബീസ്),ശതുദ്രി (സത്ലജ്), കുബാ(കാബൂൾ), സുവാസ്തു (സ്വാത്), ക്രുമു(കുറം)ഗോമതി(ഗോമൾ). ഏറ്റവും അധികം പറയുന്നത് സരസ്വതി, സിന്ധു എന്നീ വലിയ നദികളെയാണ് ഋ 10 75ലെ 18 നദികൾ അവയുടെ ശാഖാനദികളാണ്. സരസ്വതിയാണ് അതിവേഗവതിയും മറ്റെല്ലാം നദികളേക്കാളും ജലം വഹിക്കുന്നവളും. . ഇന്ത്യക്കാരുടെ വാസസ്ഥാനത്തെ ഋഗേ്വദം സപ്തസിന്ധവ എന്ന് വിളിക്കുന്നു. അവസ്ത ഹപ്തഹിന്ദു എന്നും. ദൃഷദ്വതി, യമുന, ഗംഗ ഇവയും വേദത്തിലുണ്ട്. ഹിമാലയത്തിലെ മുജാവാനാണ് സോമം വളരുന്ന പർവ്വതമായി വേദം

പറയുന്നത്. കാബൂൾ താഴ് വാരത്തിൽ കാശ്മീരിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്താണ് ഇത്. ഹിമാലയത്തിലെ ത്രികകൂടത്തിന്റെ (ത്രികൂടം) താഴെയാണ് അസിക്നി ഒഴുകുന്നതെന്ന് അഥർവ്വവേദം പറയുന്നുണ്ട്. അഥർവ്വം പറയുന്ന മറ്റൊരു ശിഖരം നാവാപ്രഭഞ്ജനം ആണ്. (കപ്പൽ മുങ്ങിയ സ്ഥലം). ഇത് ഇതിഹാസത്തിലെ നൌബന്ധനമാണ്. (കപ്പൽ ബന്ധിച്ച പർവ്വതം). ശതപഥബ്രാഹ്മണത്തിൽ പ്രളയകാലത്ത് മനുവിന്റെ കപ്പൽ വിശ്രമിച്ച മനോരവസർപ്പണം ഇതാണ്.യൂറോപ്യരുടെ അഭിപ്രായത്തിൽ വേദത്തിന് വിന്ധ്യപർവ്വതമോ നർമ്മദാനദിയോ അറിയില്ല. ദക്ഷിണാ അഥവാ ദെക്കാൻ എന്ന തെക്കേ ഇന്ത്യയെ അറിയുന്നവർക്ക് എങ്ങനെ വിന്ധ്യനേയും നർമ്മദയേയും അറിയാതെ വരും. മൺസൂൺ കാലവർഷക്കാറ്റ് തൊടാത്ത പഞ്ചാബിലെ ഭൂഭാഗത്ത് വരുണനേയും ഉഷസ്സിനേയും കുറിച്ചുള്ള സ്തോത്രങ്ങൾ രചിക്കപ്പെട്ടു എന്ന ഹോപ്കിൻസിന്റെ നിഗമനം പുനപരിശോധന അർഹിക്കുന്നു. അദ്ദേഹം പറയുന്നത് മറ്റു സ്തോത്രങ്ങളെല്ലാം സരസ്വതിക്ക് അടുത്ത് അംബാലക്ക് കിഴക്കുള്ള ഭാഗത്താണ് രചിക്കപ്പെട്ടതെന്നാണ്. ചോദ്യം പഞ്ചാബിലെ കാലാവസ്ഥയും ഭൂപ്രകൃതിയും എല്ലാം അന്നത്തേതില്നിന്ന് മാറിയതാവുമോ. സമുദ്രദേവതയായ വരുണനെ സ്തുതിച്ച കാലത്ത് അവിടെ സമുദ്രമായിരുന്നുവോ.

വേദത്തിൽ പറയുന്ന ഭൂപ്രകൃതി, ഇവിടത്തെ സസ്യങ്ങളും മൃഗപക്ഷികളും ഇവയാണ് വേദം ഇന്ത്യയിലെ ദക്ഷിണഭാഗത്തും കൂടിയാണ് ആദ്യ

മായി രചിക്കപ്പെട്ടതെന്നതിന് തെളിവു തരുന്നത്. ദൈനന്ദിനാവശ്യങ്ങൾക്ക് സോമം ധാരാളം വേണം. ബ്രാഹ്മണങ്ങളുടെ കാലത്ത് വളരെ ദൂരത്തുനിന്നാമ് അവ ഉത്തരേന്ത്യയിലെത്തിച്ചിരുന്നത്. അതിനാൽ സോമത്തിനു പകരം പലപ്പോഴും ചില സദൃശമായ സസ്യങ്ങൾ ഉപയോഗിക്കേണ്ടിവന്നിരുന്നു. തെക്കുകിഴക്കൻ പ്രദേശങ്ങളിലും മൺസൂൺ കാലാവസ്ഥയുള്ള പ്രദേശത്തും കാണുന്ന നെല്ല് (വ്രീഹി) വേദത്തിലുണ്ട്. യവവും ഉപയോഗിച്ചിരുന്നു. അശ്വത്ഥം പിപ്പലം മുതലായ വാക്കുകൾ വേദത്തിലുണ്ട്. സോമപാത്രം ഇതിന്റെ തടികൊണ്ടാണ് ഉണ്ടാക്കിയിരുന്നത്. അഥര്വ്വം ഇതിനെ മന്ത്രക്രിയചെയ്ത് അഗ്നി ഉണ്ടാക്കാനും ഉപയോഗിക്കുന്നതായി പറയുന്നു യമനോടൊപ്പം ദേവന്മാരിരിക്കുന്ന വൃക്ഷച്ചുവട് ഋഗ്വേദത്തിലും അശ്വത്ഥമാണ്. ന്യഗ്രോധം എന്ന ഈ വൃക്ഷം ഇന്ത്യയിൽ എല്ലായിടത്തും കാണുന്നു. ഇന്ത്യക്കാർ ഇതിനെ ആരാധിക്കുന്നു. ബിസി 3500ൽ തന്നെ ഈ വൃക്ഷത്തെ ആരാധിക്കുന്നതായി ഹരപ്പമൊഹഞ്ജോദാരോ സംസ്കൃതിയിൽ തെളിവുണ്ട്.

സിംഹം ഇന്ത്യയിലെ പ്രധാനപ്പെട്ട മൃഗമാണ്. രാജാക്കന്മാരും ഈ നാമം സ്വീകരിക്കുന്നു. വേദത്തിൽ പുലിയേക്കാൾ പ്രാതിനിധ്യം സിംഹത്തിനാണ്. ശുക്ലയജുർവ്വേദം ഉറങ്ങുന്ന പുലിയെ ഉണർത്തുന്നത് അപകടമാണെന്ന് പറയുന്നുണ്ട്. അഥർവ്വവേദം പുലി മനുഷ്യനെ തിന്നുന്നവനാണെന്നും പറയുന്നു. (പുരുഷാത്ത്) ഹസ്തിയോടുകൂടിയ (തുമ്പിക്കൈ) മൃഗമെന്ന് ഋഗ്വേദം ആനയെ വിളിക്കുന്നു. ഋഗ്വേദ

കാലത്തുതന്നെ ആനയെ പിടിക്കാനുള്ള ശ്രമം ഉണ്ട്. മെഗാസ്തനീസ് ഇന്ത്യയിലെ ആനപിടുത്തത്തെക്കുറിച്ച് പറയുന്നു. മൂഷകവംശകാവ്യം ആനയെ പിടിക്കുന്നത് വ്യാപകമായ കാലം പറയുന്നുണ്ട്. ഹസ്തി വടക്കേ ഇന്ത്യയിലുമുണ്ട്. എന്നാലത് വളരെ അധികമുള്ളത് സഹ്യനിലാണ്. വൃകം(ചെന്നായ) വരാഹം (നായയെക്കൊണ്ടു വേട്ടയാടിപിടിക്കുന്നു), മഹിഷം, ഋക്ഷം, കപി മുതലായവ ഋഗ്വേദത്തിലുണ്ട്. കപിയെ വേദകാലത്തെ മനുഷ്യർ ഇണക്കിക്കഴിഞ്ഞിരുന്നു. വാനരനെന്ന നാമം പ്രസിദ്ധമായിരുന്നു. (റഡ്യാഡ് കിപ്ലിങ്ങിന്റെ ബന്ദർലോഗ് എന്ന പദം നോക്കുക)പശു, ആട്,ചെമ്മരിയാട് നായ കഴുത ഇവയേയും വളർത്തിയിരുന്നു. വൈദികകാലത്തെ ഇന്ത്യക്കാരൻ വൈകുന്നേരം ആലയിലേക്കു മടങ്ങുന്ന പശുവിന്റേയും കിടാവിന്റേയും നാദം പോലെ മദുരമായി മറ്റൊരു സംഗീതമില്ല എന്ന് വിശ്വസിച്ചു. കന്നിനെ വിളിക്കുന്ന ഗോമാതാവിന്റെ വാത്സല്യം നിറഞ്ഞ ശബ്ദം അവരെ ആനന്ദിപ്പിച്ചു. അതുപോലെയാണ് അവർ ഇന്ദ്രനെ വിളിക്കുന്നത്. കാളകളെ ഉഴാനും വണ്ടി വലിക്കാനും ഉപയോഗിച്ചു. കുതിരകളെ രഥം ഓടിക്കാനും ഓട്ടമത്സരത്തിനുമായി വളർത്തി.അശ്വമേധം പ്രധാനയാഗമായിരുന്നു. സോമത്തേയും പാലിനേയും ജലത്തിൽനിന്ന് വേർതിരിക്കുന്ന ഹംസം, ക്രൌഞ്ചം, ചക്രവാ കം, മയൂരി, ശുകം ഇവ വേദകാലത്ത് പ്രസിദ്ധമാ ണ്. ശുകം മനുഷ്യനെപ്പോലെ സംസാരിക്കുന്ന വളർത്തുതത്തയാണ്.

പഞ്ചാബിലാണ് ഇന്ത്യയിൽ ഏറ്റവുമധികം ഉപ്പ് വിളയുന്നത്. സിന്ധു ,ജലം നദികൾക്കിടയിൽ ധാരാളം ഉപ്പുപർവ്വതങ്ങളുണ്ട്. (സിന്ധുപ്പ് അഥവാ ഇന്തുപ്പ് വിളയുന്നവ).സ്ട്രാബോ ഇത് ഇന്ത്യയിലെ സകലജനങ്ങൾക്കും എന്നത്തേക്കും ആവശ്യത്തിനുള്ളത് നൽകുന്നതായി രേഖപ്പെടുത്തുന്നു. എന്നാൽ ഋഗ്വേദം ഉപ്പ് പറ.യുന്നില്ല. ഋഗ്വേദം എഴുതപ്പെട്ടത് വടക്കുപടിഞ്ഞാറേ ഇന്ത്യയിലാണെന്നുള്ള വാദം ഇത് നിരാകരിക്കുന്നു. സമുദ്രജലത്തിൽനിന്ന് എടുക്കുന്ന ഉപ്പാണ് വേദത്തിന് പരിചയം. സ്വർണ്ണവും സ്വർണ്ണാഭരണങ്ങളും അവ കവികൾക്ക് വാരിക്കോരി കൊടുക്കുന്ന രാജാക്കന്മാരും ഋഗ്വേദത്തിന് പരിചിതമാണ്. അയസ്സ് (ഇരുമ്പ്) ഋഗ്വേദകാലത്തെ ഇന്ത്യക്കാരന് അറിയാം. കറുത്ത ഇരുമ്പ് , ചുവന്ന ഇരുമ്പ് (താമ്രം) എന്ന് അഥർവ്വവേദം പറയുന്നുണ്ട്. വെള്ളി കലർപ്പുള്ള സ്വർണ്ണം ഇരുമ്പ് ഇവ ഉണ്ടാക്കാനും അവരറിഞ്ഞിരുന്നു. വടക്കുപടിഞ്ഞാറെ ഇന്ത്യയിൽ സ്വർണ്ണമുണ്ട്. ഇരുമ്പും വെള്ളിയുമില്ല. തെക്കേ ഇന്ത്യയിൽ ഇവ മൂന്നും ഉണ്ട്. വേദം തെക്കേ ഇന്ത്യയിലുണ്ടായതിന് ഇതും തെളിവാണ്. കാലി മേക്കുന്നവരും ലിംഗാരാധകരുമായ ഇടയവർഗ്ഗം അഥവാ ട്രൈബലുകളെയാണ് വടക്കുനിന്നുവന്ന ആര്യന്മാർ കീഴടക്കിയതെന്ന യൂറോസെൻട്രിക്ക് നിഗമനം എത്രമാത്രം തെറ്റാണെന്ന് ആലോചിക്കേണ്ടതാണ്. അപ്രകാരം ഒരു ആര്യൻ ആക്രമണം ഉണ്ടായിട്ടുമില്ല, ആക്രമിക്കപ്പെട്ടവർ ദസ്യുക്കളെന്ന പേരിൽ ദാസന്മാരായി ഇരുന്നിട്ടുമില്ല, ഉണ്ടായിരുന്നുവെങ്കിൽ വൈദികഋഷിമാരിൽ ഒരാളായി ത്രസ

ദസ്യു വേദത്തിൽ പ്രത്യക്ഷപ്പെടുമായിരുന്നില്ല. അവരുടെ പുരികൾ സമൃദ്ധമായി വളരുമായിരുന്നുമില്ല. ഗാന്ധാരനമാരും മുജാവത്തുകളും ആര്യന്മാരായി വേദം കരുതുന്നു. അവർ യദുവംശജരാണ്. (യാദവർ). യാദവർ ചന്ദ്ര(ഇന്ദു)വംശജരാണ്. പൂരു, തുർവശു, യദു,അനു, ദ്രുഹ്യു ഇവരുടെ പിൻഗാമികളാണ് ആര്യന്മാരുടെ 5 ട്രൈബുകൾ. ഇവരിൽ പൂരുവാണ് ചക്രവർത്തിയായത്. ഇവരിലെ 4 വംശവും സുദാസിന്റെ കീഴിലെ 10 വംശവും ചേർന്ന് ഒരു സംഘം ഉണ്ടാക്കി. ശത്രുക്കളോട് പരുഷ്ണിതീരത്തുവെച്ച് ഏറ്റുമുട്ടി. ഇതിൽ ത്രിത്സുക്കളുടെ രാജാവായ സുദാസിന് പരാജയം സംഭവിച്ചു. സരസ്വതീനദിയുടെ ഇരുകരകളിലും ഇരുവശത്തും പൂരുക്കളാണ് വസിച്ചിരുന്നത്. അലക്സാന്ററുടെ കാലത്ത് പടിഞ്ഞാറ് പരുഷ്ണിതീരം വരെ അവരാണ് ഭരിക്കുന്നത്. ഋഗ്വേദം അവരുടെ രാജാവായ പുരുകുത്സപുത്രൻ ത്രസദസ്യുവിനേയും അദ്ദേഹത്തിന്റെ വംശജനായ ശക്തനായ രാജകുമാരൻ ത്ര്യക്ഷിയേയും (ത്രിലോചന) പറയുന്നു. തുർവ്വശുയദുക്കളുടെ ഇടയിലാണ് ശക്തരായ കണ്വന്മാരും ജീവിച്ചത്. പരുഷ്ണിതീരത്തെ അനുക്കളോട് ഭൃഗുവംശത്തിലെ ഋഷിമാർക്കും അടുപ്പം ഉണ്ടായിരുന്നു. ദ്രുഹ്യുക്കളോടും ഇവർ അടുപ്പം പുലർത്തി.

ചരിത്രകാലത്ത് തുർവ്വശുക്കളുടെ പരമ്പര ഒറീസയിലെ പൂർവ്വഗംഗരും കർണ്ണാടകത്തിലെ പശ്ചിമഗംഗരും കേരളത്തിലെ ചേരന്മാരും വിജയനഗരത്തിലെ സാളുവ(സാഡുഭ)ന്മാരുമാണ്. ഇവരുടെയെല്ലാം രാജധാനി കോലം എന്നും സ്വരൂപം കോ

ലവരാഹസ്വരൂപം (പന്നി)എന്നും നാട് കോലത്തു നാടെന്നും വിളിക്കപ്പെട്ടിരുന്നു. ഉണ്ഡ്രം എന്നത് കേരളപര്യായമായി ഹേമചന്ദ്രൻ പറയുന്നതും ഒറീസാകേരളബന്ധവും നോക്കുക. യദുതുർവ്വശുപൂരുവംശങ്ങളുടെ കൂട്ടായ്മയാണ് ഇവരെല്ലാം. ത്രിത്സുക്കളുടെ ശത്രുക്കളായിട്ടാണ് ഋഗ്വേദം മത്സ്യന്മാരെ പറയുന്നത്. യമുനയുടെ പടിഞ്ഞാറാണ് മഹാഭാരതത്തിലെ മത്സ്യരാജ്യം. തെക്കേ ഇന്ത്യയിലെ പാണ്ഡ്യരാജ്യവും മത്സ്യരാജ്യമാണ്. യദുപുത്രനായ ക്രോഷ്ടാവിന്റെ പരമ്പരയിലെ താന്ത്രികമതക്കാരായ വ്രാത്യരെയാണ് മത്സ്യ,വിദർഭ,ചേദി,മഗധയിലെ വംശമായി കരുതുന്നത്. ക്രോഷ്ടാവിന്റെ മകനായ ജ്യാമാഘൻ മേഖല, ശുക്തിമാൻ, നർമ്മദാതീരം ഭരിച്ചിരുന്നതായി വായുപുരാണം. മറ്റു മക്കളായ വിദർഭൻ, ക്രഥനെന്നിവർ വിദർഭയിലും കൈശികൻ ചേദിയിലും ഭരിച്ചു. ഋഃഗ്വേദം മണ്ഡലം 8.5.38 ചേദിപുത്രന്മാരാണ് പഞ്ചജനങ്ങൾക്കും അധിപന്മാരെന്ന് പറയുന്നു. ചേദിരാജാവായ ഉപരിചരവസുവാണ് മഹാഭാരതത്തിലെ സത്യവതിയുടെ പിതാവ്. മത്സ്യരാജാവും ഇദ്ദേഹത്തിന്റെ മകനാണ്.ചേദിയുടെ ഒരുഭാഗമായ ഡാഹലം ഉലൂകമെന്ന പേരുള്ളതാണ്. ശന്തനുമഹാരാജാവിന്റെ അമ്മ ഉലൂകദേശക്കരിയാണ്. (ഔലാനൻ) ശകുനിയുടെ ഭാര്യയും ഇവിടെനിന്നാകയാലാണ് മകന് ഉലൂകനാമം. കണാദവൈശേഷികദർശനത്തിന് ഔലൂക്യദർശനമെന്ന പേര് കണാദൻ ഈ നാട്ടുകാരനായതിനാലാണ്. പൂരുവിന്റെ 7ആം തലമുറക്കാരനായ ദുഷ്യന്തനെ തുർവ്വശുവംശം ദത്തെടുത്തപ്പോഴാണ് തുർവ്വശുപൂ

രുവംശങ്ങളുടെ ലയനം. വിശ്വാമിത്ര, കാണ്വ,അപ്സരവംശവും അതോടെ ലയിച്ചു. ശകുന്തളാപുത്രന്മാരായ ഭരതനും ആന്ധ്രനും(ഇന്ദ്ര) ഭാരതത്തെ ഭരിച്ചത് അതിനുശേഷമാണ്. ഇന്ദ്ര(ആന്ദ്ര)വംശത്തിലെ പാണ്ഡ്യ(മധുര, സാല്വ,മദ്ര)ചോള(കിഴക്കൻതീരം) കേരള(വിദർഭ,മത്സ്യ,വിരാട, വിദിശ,കാരൂഷക) കുന്തള(കർണ്ണാടക,വനവാസിക)ന്മാരുടെ പരമ്പര പിന്നീട് പല ശാഖകളായി .

അഭിധാനചിന്താമണിയിൽ ഹേമചന്ദ്രൻ കാരൂഷകം എന്നാൽ ബൃഹദ്ഗൃഹം, മഹാഗൃഹം എന്ന് പറയുന്നുണ്ട്. പെരുംപടപ്പ് , കാരൂഷകമാണ്. അവരുടെ ബിരുദമായ അധിരാജാ പെരുമ്പടപ്പ് രാജാക്കന്മാർക്കും ഉണ്ട്. കാരി, മൂഷകം എന്ന രണ്ട് പദം കാരൂഷകത്തിലുണ്ട്. കേരളോൽപ്പത്തി കോലത്തിരിയുടെ പ്രജകളെല്ലാം കാരൂഷരാണെന്ന് പറയുന്നതും ഇതിനോട് ചേർത്തുവെച്ച് വായിക്കണം. മാർക്കണ്ഡേയപുരാണം കാരൂഷകരെ ആഭീരരെന്ന് (ആഹീര)വിളിക്കുന്നു. ഇവരാണ് തമിഴിലെ ആയ് വംശം (യാദവവംശം). വേദകാലം മുതൽ ഇന്നുവരെയുള്ള വംശത്തിന്റെ തുടർച്ചയായ ചരിത്രം ഈ നാമത്തിലുണ്ട്.

ഭരതന്മാരാണ് സുദാസിന്റെ ശത്രുക്കളിൽ പ്രമുഖർ. വിശ്വാമിത്രനെ പിന്തുടർന്ന് വിപാശ,ശതദ്രുതീരത്തുനിന്ന് വന്നവരായും (3. 33) സുദാസിന്റെ മുഖ്യപുരോഹിതനായ വിശ്വാമിത്രൻ തന്റെ പ്രാർത്ഥനകളാൽ വിപാശയിലെ ജലം ഭരതന്മാർക്ക് അപ്രാപ്യമാക്കിയതായും (3 .53) വേദം പറയുന്നു. സുദാസും ത്രത്സുക്കളും ഭരതന്മാരെ തോൽപ്പിച്ച സന്ദർഭം

(7.33) അതാണ്. ഭരതന്മാരുടെ ഗുരുവും ഉപദേഷ്ടാവും വസിഷ്ഠനാണ്. ഋഗ്വേദത്തിൽ ഭരതന്മാർ യാഗാഗ്നിയുമായി ബന്ധപ്പെട്ടവരാണ്. അഗ്നിയെ ഭാരതനെന്നാണ് വിളിക്കുന്നതുതന്നെ. അവരുടെ ദേവതയായ ഭാരതി (സരസ്വതി) ഭാരതദേശത്തെ സരസ്വതീതീരത്താണ് ഉണ്ടായത്. അഗ്നിക്കുള്ള സ്തോത്രത്തിൽ (3.23) ദേവശ്രവസ്സ്, ദേവവാതനെന്ന 2 ഭരതന്മാർ ദൃഷദ്വതി, ആപായ,സരസ്വതീതീരത്ത് ആ. ദ്യം യജ്ഞാഗ്നി ജ്വലിപ്പിച്ചതായി പറയുന്നു. ഈ സ്ഥലമാണ് പിന്നീട് ബ്രഹ്മാവർത്തം, കുരുക്ഷേത്രം എന്ന് അറിയപ്പെട്ട ധർമ്മക്ഷേത്രം. ഭരതന്മാരുടെ ധർമ്മം ഉത്ഭവിച്ച സ്ഥലം കുശികനായ വിശ്വാമിത്രനും ഭരതന്മാരുടെ വംശം തന്നെയാണ്.

ത്രിത്സുക്കൾ പരുഷ്ണിയുടെ കിഴക്ക് തമ്പടിച്ചു. സുദാസ് ഇടത്തേ കരയിൽസൈന്യത്തെ നിർത്തി പടിഞ്ഞാറുനിന്ന് നദി കടക്കാൻ ശ്രമിക്കുന്ന 10 രാജാക്കന്മാരുടെ സംഘത്തെ തടഞ്ഞു. സുദാസിനോടൊപ്പം പഞ്ചജനങ്ങളും ഉണ്ടായിരുന്നു. സൃഞ്ജയന്മാരും ത്രിത്സുക്കളും തുർവ്വശുക്കളുടെ ശത്രുക്കളായിരുന്നു അതിനാലാണ് അവർ ഇന്ത്യ ആക്രമിക്കാനായി വന്നത്. ഐതരേയബ്രാഹ്മണം രചിച്ച കാലത്ത് ഉശീനരർ വടക്കേ ഇന്ത്യയുടെ മദ്ധ്യത്തിലാണ്. ചേദികൾ ഇപ്പോഴത്തെ ബീഹാർ ഉൾപ്പെട്ട മഗധയിലും. പാഞ്ചാലരേയും അംഗരേയും ബ്രാഹ്മണങ്ങൾക്ക് അറിയാം.ശുക്ലയജുർവ്വേദത്തിലും കുരുപാഞ്ചാലരെ കാണുന്നു. ബ്രാഹ്മണങ്ങളുടെ കാലത്ത് അവരാണ് പ്രധാനികള്. ഭരതന്മാരെ സംഘകാലതമിഴകത്ത് പരതവരെന്നാണ് വിളിക്കുന്നത്. അവർ

വളരെ പ്രബലരായ സമുദ്രാധിപതികളുമാണ്. കുരു വംശം ഭരതവംശമാണ്. സംവരണനെന്ന സൂര്യവം ശിക്ക് തപതീതീരത്ത് വെച്ച് തപതിയിലുണ്ടായ കുരുവിന്റെ പേരിലാണ് കുരുവംശം അറിയപ്പെടു ന്നത്. പൂരുവംശവും കുരുവംശവും പരസ്പരം ലയിച്ചുചേർന്ന് ഒറ്റവംശമായി വ്യാസമഹാഭാരത ത്തിൽ കാണുന്നു. അതുപോലെയാണ് കുരുപാഞ്ചാ ലരും. ഋഗേ്വദകാലം മുതൽ മഹാഭാരതകാലം വ രെ സ്വന്തം നാമത്തിൽത്തന്നെ അറിയപ്പെട്ട ട്രൈബു കൾ ഇവയാണ്. ഉശീനര, സൃഞ്ജയ, മത്സ്യ, ചേദി. ഋഗേ്വദം മനുപുത്രനായ ഇക്ഷ്വാകു അയോദ്ധ്യ തല സ്ഥാനമാക്കി ഗംഗാതീരത്തിനു കിഴക്കുഭാഗം മുതൽ ഭരിച്ചിരുന്നതായി പറയുന്നു. അതായത് ചന്ദ്രവംശ വും സൂര്യവംശവും ഋഗേ്വദകാലം മുതലേ ഇന്ത്യ യിലുള്ള രാജവംശങ്ങളാണ്. ഭരണവിദ്യാഭ്യാസഭാ ഷ, വിശ്വാസം, ആചാരം, രാഷ്ട്രീയമായ ഭരണസം വിധാനം . യുദ്ധമുറകൾ, നിയമം ധർമ്മം ഇവയി ലെല്ലാം ഇന്ത്യ വേദകാലത്തുമുതലേ ഐക്യം പുല ർത്തിയിരുന്നു, സംസ്കാരം എല്ലാവർക്കും ഒന്നായി രുന്നു. മൂപ്പിളമത്തർക്കത്തിൽ പ്രശ്നം വരുമ്പോഴാ ണ് അധികാരത്തിനുവേണ്ടി ഇവരിലെ വിവിധട്രൈ ബുകൾ ഏകോപിച്ച് സന്ധി ചെയ്ത് യുദ്ധം നട ത്തിയിരുന്നത്. മഹാഭാരതത്തിലും അപ്രകാരമാ ണെന്ന് കാണുക. ട്രൈബുകളായിരുന്നു രാഷ്ട്രീയയൂ ണിറ്റുകൾ. ഒരു ട്രൈബിനെയാണ് ജനം എന്ന് വിളി ക്കുന്നത്. ഓരോ ജനത്തിനും രാജാവ് അവരിലെ ധീരനും വീരനുമായ മനുഷ്യനാണ്. അതായത് ട്രൈ ബൽ റിപ്പബ്ലിക്കുകളും അവരുടെ നായകന്മാരായ

ട്രൈബൽ മുഖ്യന്മാരുമാണ് ഭാരതം ഭരിച്ചിരുന്നത്. പുറത്തുനിന്ന് വന്നവരേ അല്ല. ഒരു ജനത്തിന് നിരവധി വിഷയം(ജില്ല) ഉണ്ടായിരുന്നു. ഓരോ വിഷയത്തിലും ഭരണസൌകര്യത്തിനായി നിരവധി ഗ്രാമങ്ങളും. മെഗാസ്തനീസിന്റെ കാലം വരെയും ഗ്രാമത്തിലെ വീടുകൾ മരത്തടി കൊണ്ടാണ് നിർമ്മിച്ചിരുന്നത്. കേരളത്തിൽ ഈ അടുത്ത കാലം വരെ അതായിരുന്നു പതിവ്. ഓരോ വീടിന്നു നടുവിലും ഗാർഹപത്യാഗ്നി ജ്വലിപ്പിച്ചിരുന്നു. സുരക്ഷക്ക് ചുറ്റും മതിലുള്ള പുരങ്ങൾ ഉയർന്ന കുന്നിന്മേലാണ് കെട്ടിയിരുന്നത്. മതിലിന് കൂട്ടിവെച്ച് അടുക്കിയ കല്ലുകളും ഉപയോഗിച്ചിരുന്നു. ഇത്തരം മതിലുകൾ ഇപ്പോഴും കേരളത്തിലെ കുന്നിൻമുകളിലെ പഴയ ട്രൈബൽക്ഷേത്രങ്ങളിലുണ്ട്. പുരി നഗരം ആണ്, ഗ്രാമമല്ല.

രാജാധികാരം പാരമ്പര്യമാണെങ്കിലും അതിനുള്ള യോഗ്യത മൂത്ത ആൾ തെളിയിക്കേണ്ടതുണ്ട്. ചിലപ്പോൾ രാജാവിനെ വിഷയങ്ങൾ തെരഞ്ഞെടുക്കുന്നു. ഭരതൻ വിതഥഭരദ്വാജനെയാണ് സ്വന്തം അനന്തരാവകാശികളെയല്ല രാജാവാക്കിയത് എന്നത് ശ്രദ്ധേയമാണ്. സമാധാനകാലത്ത് രാജാവ് ജനത്തെ സംരക്ഷിക്കയും അവരുടെ ക്ഷേമം ഉറപ്പാക്കുകയും ചെയ്യണം. പകരം അവർ അദ്ദേഹത്തെ ആദരിക്കയും സമ്മാനങ്ങൾ കൊടുക്കുകയും ചെയ്യും. ജനങ്ങളുടെ സമിതികളാൽ രാജാവ് നിയന്ത്രിക്കപ്പെടുന്നു. അതിനാൽ രാജഭരണം അനിയന്ത്രിതമല്ല. യുദ്ധകാലത്ത് രാജാവാണ് പരമാധികാരി. അദ്ദേഹം ധീരമായി രാജ്യത്തിനുവേണ്ടി പോരാടുന്നു.

ഏതു ത്യാഗവും സഹിക്കുന്നു. ഓരോ ജനത്തിനും അവരുടേതായ ഗായകകുടുംബങ്ങളുണ്ടായിരുന്നു. യജ്ഞത്തിനായി പുരോഹിതരുണ്ടായിരുന്നു. സുദാസിന്റെ പുരോഹിതൻ വസിഷ്ഠനാണ്. വസിഷ്ഠന്റെ പ്രാർത്ഥനയാലാണ് ത്രിത്സുക്കൾ പരാജയപ്പെട്ടതെന്ന് വേദം കരുതുന്നുണ്ട്. രാജാവ് പുരോഹിതന് ധനം വസ്ത്രം പശു സ്വർണ്ണം രഥം ഗ്രാമം, എന്നിങ്ങനെ പലതും സമ്മാനിക്കുന്നു. സൈന്യം ഓരോ ഗ്രാമവും വിഷയവും രാജാവിന് ആവശ്യം വരുമ്പോൾ എത്തിച്ചിരുന്നു. ഓരോ വ്യ ക്തിയും പൌരനും യോദ്ധാവും ആയിരുന്നു. കർഷകരെല്ലാം കൃഷി ഇല്ലാത്ത കാലങ്ങളിലും യുദ്ധക്കാലത്തും സൈന്യത്തിലാണ് സേവനം അനു ഷ്ഠിച്ചിരുന്നത്. എല്ലാ വിധജോലിക്കാരും -കുശ വൻ, ലോഹപ്പണി, മരപ്പണി, ക.യറും വസ്ത്രവും ഉണ്ടാക്കൽ- ജനങ്ങൾ ചെയ്തിരുന്നു. ഓരോ ഗ്രാമ വും സ്വയംപര്യാപ്തമായിരുന്നു. കുതിരപ്പന്തയവും ചൂതും ഉണ്ടായിരുന്നു. ഋഗ്വേദകാലത്തെ വിവാഹ വും ഇന്നത്തെ ഇന്ത്യയിലെ വിവാഹവും സദൃശ മായിരുന്നു. ധാരാളം തൂണുകളുള്ള സഭാസ്ഥാന ത്തെ തൂണിനെ സഭാസ്ഥാണു എന്ന് വേദം വിളി ക്കുന്നു. നൃത്തം മാനസോല്ലാസത്തിനായി നടത്തിയി രുന്നു. ഋഗ്വേദകാലത്തുതന്നെ ഇന്ത്യയിൽ വിവിധത രം സംഗീതമുണ്ട്. ദുന്ദുഭിയും വീണയും വംശിയും ഉണ്ട്. അനുഗൃഹീതർ വാഴുന്ന യമപുരിയിൽ മുര ളീസംഗീതം മുഴങ്ങുന്നതായി ഋഷി പറയുന്നു.പിതൃ യജ്ഞത്തിലും വീണ വായിച്ചിരുന്നു. സാമവേദത്തി ലെ ഗാനാലാപനം സംഗീതം വളരെ ഉന്നതി പ്രാപി

ച്ചിരുന്നുവെന്ന് ചൂണ്ടിക്കാട്ടുന്നു. യജുർവ്വേദകാല ത്തേക്ക് ഓരോ സംഗീതോപകരണത്തിലും വൈദ ഗ്ദ്ധ്യം നേടിയ സ്പെഷ്യലിസ്റ്റുകളുണ്ടായിരുന്നു.

സാമവേദവും ഇതരവേദങ്ങളും

സാമവേദത്തിലെ 75ആം സ്തോത്രമൊഴികെ മറ്റെ ല്ലാം ഋഗ്വദത്തിലുള്ളവ തന്നെയാണ്. സോമയാഗസ മയത്ത് പാടാനാണ് അവ ക്രോഡീകരിച്ചത്. ശ്രുതി യും ധ്വനിയും സാമവേദത്തെ സംഗീതാത്മകമാക്കു ന്നു. ഉദ്ഗാതാക്കൾക്ക് പാടാനുള്ളതാണവ. ഗാനങ്ങ ളിൽ നീട്ടാനും കുറക്കാനും അക്ഷരവർണ്ണം കൂട്ടാ നും കുറക്കാനും അവസരമുണ്ട്, സാമവേദത്തില് 1549 ഗാനമുണ്ട്. ആർച്ചികകളിലാണ് ഇവ അടുക്കി യിരിക്കുന്നത്. പൂർവ്വാർച്ചികയിൽ 6 പ്രപാഠകം ഓരോന്നിലും 10 സ്തോത്രം വീതം ,ആറാമത്തേതി ൽ മാത്രം 9 .ആദ്യത്തെ 12 സ്തോത്രം അഗ്നിക്കാ ണ്. . അവസാനത്തെ 11 സോമന്ന്. ഇടയിലെ 36 സോമപാനിയായ ഇന്ദ്രന്ന്. ഉത്തരാർച്ചിക 9 പ്രപാ ഠകം. ഓരോന്നും രണ്ടോ മൂന്നോ ഭാഗമായി തിരി ച്ചിരിക്കുന്നു. ഉത്തരാർച്ചിക പിന്നീട് ഉണ്ടായതാണ്. ശതപഥബ്രാഹ്മണം രണ്ടാംഭാഗം രചിക്കപ്പെട്ട കാല ത്തു തന്നെ പൂർവ്വാർച്ചിക രചിച്ചിട്ടുണ്ട്. യജുർവ്വേ ദത്തിന്റെ തൈത്തിരീയ,വാജസനേയിശാഖകൾക്ക് മുന്നേ തന്നെ സാമവേദസംഹിത രചിക്കപ്പെട്ടിട്ടുണ്ട് .അവയിൽ സാമവേദത്തിലെ സ്തോത്രങ്ങളുണ്ട്.

കൌഥുമി, രാണായനീയം എന്ന് രണ്ട് സമ്പ്രദായം സാമവേദത്തിനുണ്ട്. ഗുജറാത്തിൽ കൌത്തുമി

പ്രസിദ്ധമാണ്. മഹാരാഷ്ട്രയിലും കിഴക്ക് ആന്ധ്രയി ലും രാണായനീയവും. രാണായനീയത്തിന് സായണ ന്റെ ഭാഷ്യമുണ്ട്. കൌത്തുമിശാഖയുടെ ഏഴാം പ്ര പാഠകം മാത്രമാണ് അവശേഷിക്കുന്നത്. സാമവേദ ഋഷിമാരുടേയും ദേവതകളുടേയും ഒരു ഇൻഡക്സ് നൈഗേയപദ്ധതിപ്രകാരം സൂക്ഷിച്ചിട്ടുള്ളത് കൌഥു മശാഖയിലെ ഗ്രന്ഥത്തിനും സഹായകമാണ്. യജു ർവ്വേദത്തിൽ സത്ലജിനും യമുനക്കും ഇടയിലുള്ള സമതലത്തിൽ, ദൃഷദ്വതി,സരസ്വതിനദീകളുടെ ഇട യിലായി കിടക്കുന്ന കുരുക്ഷേത്രഭൂമി ബ്രഹ്മണർക്ക് പുണ്യഭൂമിയാണ്. ഇപ്പോഴത്തെ ശിർഹിന്ധിലാണ് അതിന്റെ സ്ഥാനം.(സിന്ധുവിന്റെ ശിരസ്സ്)ഇതിനു കിഴക്ക് മീററ്റ് മുതൽ അലഹബാദ് വരെ ഗംഗാ യമുനാതാഴ് വാരം മുഴുവനും പാഞ്ചാലരുടേതായി രുന്നു. പാഞ്ചാലരും മത്സ്യരും (പാണ്ഡവർ) ഒരു വശത്തും കുരുക്കൾ മറുവശത്തുമായി മഹാഭാരത യുദ്ധം ഇവിടെയാണ് നടന്നത്. ഭരതവംശീയരുടെ ഈ അവകാശയുദ്ധത്തിൽ ശൂരസേനികളുടെ പങ്ക് അതിപ്രധാനമായിരുന്നു.

ത്രയീവിദ്യയാണ് മൂന്നു വേദം. അഥർവ്വം ഭൈഷജ മാണ്. ഇവ കൂടാതെ ഇതിഹാസം (ചരിത്രം), പുരാണം (പഴയ കാലഐതിഹ്യങ്ങൾ) ഗാഥകൾ (ഗീതം), സൂത്രം,ഉപനിഷത്ത് ഇവയും സംസ്കൃത സാഹിത്യത്തിലുണ്ട്. ഇവയെല്ലാം അഥർവ്വവേദ ത്തിലുണ്ട്. കാത്യായന(ശുക്ലയജുർവ്വേദ) ലാട്യായന സാമവേദ)ശ്രൌതസൂത്രം അഥർവ്വത്തെ പറയുന്നില്ല. സാംഖ്യായന,ആശ്വലായന(ഋഗ്വേദ)സൂത്രങ്ങൾ പറയു ന്നുണ്ട്. ആശ്വലായനശാഖ കേരളത്തിൽ വളരെ

പ്രചാരത്തിലുണ്ടായിരുന്നതാണ്. ശതപഥബ്രാഹ്മണം യാതുവിദ്യ(ഇന്ദ്രജാലം) അറിയുന്ന യാതുധാനരെ ബഹ്വീചന്മാരിൽനിന്ന് (ഋഗ്വേദവിദ്വാന്മാരിൽനിന്ന്) വേറ്തിരിച്ച് കാണുന്നു. ഋഗ്വേദം മന്ത്രവാദമോ ഇന്ദ്രജാലമോ ഇല്ലാത്ത യാഗസംസ്കാരമാണ്. അതിനെ മഹത്തായി കാണുന്നുമില്ല. അഥർവ്വം അതിനെ അംഗീകരിക്കുന്നു. ഇക്കാരണത്താലാണ് ശ്രൌതം അഥർവ്വത്തെ അംഗീകരിക്കാത്തത്.

വൈദ്യവും ജ്യോതിഷവും അഥർവ്വവേദത്തിലാണുള്ളത്. ആപസ്തംഭധർമ്മസൂത്രം അഥർവ്വനെ താഴ്ന്ന സ്ഥാനം കൊടുത്താണ് പറയുന്നത്. വിഷ്ണുസ്മൃതിയിലും അഥർവ്വസൂക്തം പാടുന്നവൻ അശുദ്ധനാണ്. (വൈദ്യനും ജ്യോതിഷിക്കും അശുദ്ധി ഉണ്ട്). മനു അതിനെ ശത്രുവിന് നേരേയുള്ള സ്വാഭാവികായുധമായി കരുതുന്നു. അതുകൊണ്ട് മനുഷ്യജീവിതത്തിന് പ്രയോജനമുണ്ട്. അഥർവ്വനാണ് ബ്രഹ്മനെന്ന പുരോഹിതനായി യജ്ഞത്തിൽ അറിയപ്പെടുന്നത്. അഥർവ്വനു മാത്രമാണ് സർവ്വജ്ഞത്വം. വേദശിരസ്സ് അഥർവ്വമാണ്. ഗോപഥബ്രാഹ്മണം അഥർവ്വത്തെ ബ്രഹ്മവേദം എന്ന് വിളിക്കുന്നു. അതിലാണ് മറ്റേത് സംഹിതയിലുമുള്ളതിനേക്കാൾ ബ്രഹ്മവിദ്യ ഉള്ളത്. അഥർവ്വം രചിക്കപ്പെട്ടത് ഗാന്ധാരം മുഞ്ജാവത്, മഹാവൃഷത്, ബാൽഹീകം, അംഗം, മഗധം എന്നീ പ്രദേശങ്ങളിലാണെന്ന് ചില യൂറോപ്യൻ പണ്ഡിതർ പറയുന്നുണ്ട്. ചില സൂക്തങ്ങളിൽ ഈ പേരുകളുണ്ട്. ആ സൂക്തം രചിച്ച വ്യക്തി ആ ദേശക്കാരനായിരുന്നു എന്നല്ലാതെ അവിടെമാത്രമാണ് അഥർവ്വം പൂർണ്ണമായി രചിക്കപ്പെട്ടത് എന്നു പറയാനുള്ള

തെളിവില്ല. ലങ്ക മുതലുള്ള തെക്കേ ഇന്ത്യയിലാണ് യാതുധാനരുടെ രാജ്യമെന്നത് ശരിയാണെങ്കിൽ അഥർവ്വവേദം അവിടെ രചിക്കപ്പെട്ടു. ആദ്യമായി രചിക്കപ്പെട്ടതും അഥർവ്വവേദമാണ് എന്ന് തീരുമാനിക്കാം. അഥർവ്വത്തിന്റെ 19ആം പുസ്തകത്തിൽ ചന്ദ്രക്ഷേത്രങ്ങളെ പറയുന്നുണ്ട് ഇവയുടെ നാമങ്ങൾ തൈത്തിരീയസംഹിതയിലുള്ളതിൽനിന്ന് വ്യത്യസ്തമാണ്. .അഥർവ്വത്തിലെ മന്ത്രവാദം രോഗങ്ങൾക്കും അവയുടെ കാരണമായ ഭൂതങ്ങൾക്കും എതിരെയാണ്. അവരാണ് ശത്രു. അതായത് വൈദ്യൻ രോഗത്തിനെതിരെ ഉപയോഗിക്കുന്ന മന്ത്രമാണ്. അവ. തക്മൻ(മലമ്പനി),കുഷ്ഠം,മഞ്ഞപ്പിത്തം, മഹോദരം, ലസികാഗ്രന്ഥിവീക്കം, നേത്രരോഗം ചുമ, കഷണ്ടി, അസ്ഥി പൊട്ടിയതും മുറിവും ഉണങ്ങാനുള്ളവ, വിഷബാധ,പാമ്പുകടി, ഉന്മാദം ഇവയാണ് ശത്രുക്കൾ ഇവക്കെതിരെയാണ് മന്ത്ര പ്രയോഗം. ഇന്ത്യയിലെ വൈദ്യശാസ്ത്രസാഹിത്യത്തിൽ ആദ്യത്തേതാണ് അഥർവ്വവേദം. മാറാത്ത ചുമക്ക് എതിരെ അഥർവ്വം മന്ത്രിക്കുന്നുഃ- ആത്മാവ് ആത്മാവോടു ചേർന്ന് അകലേക്ക് വേഗത്തിൽ പറന്നകലുന്നതുപോലെ ആത്മാവിന്റെ അതിവേഗപാതയിൽ നീ പറന്നുപോവുക. മൂർച്ച കൂട്ടിയ ശരം അകലേക്ക് അതിവേഗം പറക്കുന്ന പോലെ , നീ ഭൂമിയുടെ വിശാലമായ വിസ്തൃതിയിലേക്ക് പറന്നുപോവുക സൂര്യരശ്മി അതിവേഗം അകലേക്ക് പോകുന്നപോലെ നീ സമുദ്രത്തിന്റെ പ്രളയജലോപരി പറന്നുപോവുക   (6. 105)

കുഷ്ഠത്തിനുള്ള മന്ത്രം ഇപ്രകാരം. രാത്രിയിൽ ജനിച്ച ഔഷധമേ, കൃഷ്ണവർണ്ണയായ സസ്യമേ, കുഷ്ഠത്തെ അകറ്റുക, അത് ഉണ്ടാക്കിയ ചാരനിറമുള്ള പാടുകളെ നീക്കുക. (1.23. 1)

കത്തുന്ന അഗ്നി തടാകത്തെ വലംവെച്ച് പോകുന്ന പോലെ , ഞങ്ങളെ ചുറ്റി കടന്നുപോകുക, ശാപ മേ, ആകാശത്തിലെ മിന്നൽ മരത്തെയെന്നപോലെ ഞങ്ങളെ ശപിച്ചവനെത്തന്നെ നശിപ്പിച്ച് പോവുക (6.37.2) കിഴക്ക് ഉദിച്ച സൂര്യൻ നക്ഷത്രത്തിന്റെ ശോഭ ഹരിക്കുന്നതുപോലെ, എന്റെ ശത്രുക്കളായ സ്ത്രീപുരുഷന്മാരുടെ ശക്തി ഞാൻ ഹരിക്കുന്നു (7.13.1) ഇത്തരം മന്ത്രങ്ങളും സ്ത്രീകളെ ആകർഷിക്കാനുള്ള മന്ത്രങ്ങളും കാണാം. തന്ത്രങ്ങളിലെ പല രീതികളും അഥർവ്വവേദമന്ത്രങ്ങളിൽനിന്ന് ഉത്ഭവിച്ചവയാണ്.

യുദ്ധത്തിൽ പെരുമ്പറയോട്:-

ഗരുഡശബ്ദം കേട്ട് പേടിച്ച് പിന്നോട്ട് പോകുന്ന പക്ഷികളെപ്പോലെ, സിംഹനാദം കേട്ട് രാപ്പകൽ പേടിച്ച അവരെപ്പോലെ, പെരുമ്പറേ , ശത്രുക്ക ൾക്ക് നേരെ ഗർജ്ജിച്ച് അവരുടെ മനസ്സിനെ വിഭ്രമിപ്പിച്ച് പേടിപ്പിക്കുക.

ഭൂമിയോട്:-

ഉച്ചത്തിൽ ഘോഷത്തോടെ മർത്ത്യർ പാടുകയും ആടുകയും ചെയ്യുന്ന ഭൂമി, ഘോരയുദ്ധങ്ങളിൽ അവർ പോരാടുന്ന ഭൂമി, ഇവൾ നമ്മുടെ ശത്രുക്കളെ നമ്മിൽനിന്ന് ആട്ടിയകറ്റുന്നു, എതിരാളികളി

ൽനിന്നെല്ലാം നമ്മെ മോചിപ്പിക്കുന്നു. വിവിധങ്ങളായ നിധികളെ രഹസ്യസ്ഥാനങ്ങളിൽ ഒളിപ്പിച്ചുവെച്ച് നമുക്ക് ധനവും രത്നവും സ്വർണ്ണ വും തരുന്നു. കരുണാമയിയായ ഈ അമ്മ നമുക്ക് ഐശ്വര്യവും നാനാവസ്തുക്കളും തരുന്നു. (12.1) പുസ്തകം 13 രോഹിതനായ ചുവന്ന സൂര്യനെ പ്ര പഞ്ചശക്തിയായി വാഴ്ത്തുന്നു. 11.5ൽ സൂര്യൻ ബ്ര ഹ്മചാരിവേഷം ധരിച്ച പ്രഥമതത്വമാണ്. പ്രാണൻ (11.4), കാമൻ(9.2)കാലം(29.53-54)ഇവരേയും പ്രഥമ തത്വങ്ങളായി പറയുന്നു. യജ്ഞത്തിലെ ഉഛിഷ്ടം(11. 7) പോലും പ്രഥമതത്വമാണ്. അഥർവ്വത്തിലെ വരു ണനോടുള്ള സ്തോത്രം (4.16)വേറെ ഒരു കവിതയി ലുമില്ലാത്ത വിധം സർവ്വവ്യാപിയായ ഈശ്വരത്വ ത്തെ വാഴ്ത്തുന്നു.

ഈ പ്രപഞ്ചം രാജാവായ വരുണന്റെ സാമ്രാജ്യമാ ണ്. അകലെയുള്ള വിസ്താരമേറിയ ആകാശമാണ തിന്റെ സീമ. ഈ രണ്ട് സമുദ്രവും അവന്റെ കു ക്ഷികളാണ്.എങ്കിലും ഈ ഒരു തുള്ളി ജലത്തിലും അവൻ മറഞ്ഞിരിക്കുന്നുണ്ട്. ആകാശത്തിനപ്പുറ ത്തേക്ക് ഓടിയാലും വരുണന്റെ ശ്രദ്ധയിൽനിന്ന് രക്ഷപ്പെടാനാവില്ല. അവന്റെ ചാരന്മാർ ആകാശ ത്തുനിന്ന് ഇറങ്ങിവന്ന് അവരുടെ 1000 കണ്ണുകളാ ൽ ഇവിടെ ഈ ഭൂമിയെ നിരീക്ഷിക്കുന്നു. ഭൂമി ക്കും ആകാശത്തിനും ഇടയിലുള്ളതും അവക്ക് അപ്പുറമുള്ളതും രാജാവായ വരുണൻ അറിയുന്നു ണ്ട്. ഒരാളുടെ ഇമകളുടെ ചലനം പോലും അവൻ എണ്ണുന്നുണ്ട്. ചൂതുകളിക്കാരന്റെ ചൂതുപോലെ അവൻ ശ്രദ്ധാപൂർവ്വം എല്ലാം നിയന്ത്രിക്കുന്നു.

ബ്രാഹ്മണങ്ങൾ:-വേദത്തിലെ കവിതാത്മകമായ സാഹിത്യത്തിനു ശേഷമാണ് ബ്രാഹ്മണങ്ങളിലെ ഗദ്യപ്രധാനമായ സാഹിത്യം ഉണ്ടായത്. വിധി (യാഗത്തിനുള്ള വിധികൾ),അർത്ഥവാദം (അവയുടെ വിവരണം), ഉപനിഷത്ത് (ശാസ്ത്രീയവും ബൌദ്ധികവും മായ വിചിന്തനങ്ങൾ) എന്ന് മൂന്നു ഭാഗമായിട്ടാണ് അവ രചിക്കപ്പെട്ടിരിക്കുന്നത്.ഇവയിൽ ചിലതെല്ലാം നഷ്ടപ്പെട്ടിരിക്കാമെങ്കിലും ശേഷിച്ചിട്ടുള്ളവഅന്നത്തെ ലോജിക്കൽ ബൌദ്ധികചിന്തയുടെ സ്വഭാവം വ്യക്തമാക്കുന്നു. അവ ഇന്നും ഇന്ത്യയിലെ ജ്ഞാനികൾ പഠിച്ചുവരുന്നു. യജുർവ്വേദത്തിലെ ഗദ്യഭാഗത്തിനു ശേഷം ഗദ്യസാഹിത്യത്തിലെ ഏറ്റവും പ്രാചീന ഗദ്യഭാഗം പഞ്ചവിംശബ്രാഹ്മണവും തൈത്തരീയ ബ്രാഹ്മണവുമാണ്. പിന്നീടാണ് ജൈമിനീയ,കൌശീതകി,ഐതരേയബ്രാഹ്മണകാലം. അതിനുശേഷം ശതപഥബ്രാഹ്മണം. ഏറ്റവും പുതിയതായി അഥർവ്വത്തിലെ ഗോപഥബ്രാഹ്മണവും സാമവേദത്തിലെ ഹ്രസ്വമായ ബ്രാഹ്മണങ്ങളും കരുതപ്പെടുന്നു. ബ്രാഹ്മണങ്ങളിലെ പദ്യഭാഗം ഗദ്യഭാഗത്തേക്കാൾ പഴയതാണ്.

വൈദികകവിതാകാലത്തിനുശേഷം കാവ്യശൈലിയിലെഴുതാൻ ശ്രമിച്ച ബ്രാഹ്മണകാലത്താണ് സുവർണ്ണാദ്ധ്യായം ഉണ്ടായത്. വേദത്തെ അനുകരിക്കാനുള്ള ശ്രമത്തിൽ പല അപാകതകളും പറ്റിയിട്ടുണ്ട്. ബ്രാഹ്മണകാലത്തിന്റെ അവസാനം ആരണ്യകങ്ങളുണ്ടായി. വാനപ്രസ്ഥരും ആരണ്യവാസികളുമാണ് ഇവ രചിച്ചത്. കാട്ടിലെ നിശ്ശബ്ദതയിൽ ഗുരു ശിഷ്യനോട് സംവദിക്കുന്ന രീതിയിലാണ് ഇവ രചി

ച്ചിരിക്കുന്നത്. ആരണ്യകങ്ങളിൽനിന്ന് ഉപനിഷദ ശൈലിയിലേക്ക് സാഹിത്യം മാറി. ഗുരുകുലങ്ങളി ലാണ് ഇവ പഠിപ്പിച്ചിരുന്നത്. ഉപനിഷത്തിനെ വേദാന്തം എന്ന് വിളിക്കുന്നു. വേദത്തിന്റെ അവ സാനമല്ല, വേദത്തിന്റെ അവസാനലക്ഷ്യം ആണ് ഉപനിഷത്പഠനം. അവയിലാണ് ശ്രുതി അടങ്ങിയി രിക്കുന്നത്. ബ്രഹ്മാത്മൈക്യമാണ് ഉപനിഷത്സാരം. ഉപനിഷത്കാലത്തോടെ സംസ്കൃതഭാഷ പൂർണ്ണവ ളർച്ച പ്രാപിച്ചിട്ടുണ്ട്.

ശതപഥബ്രാഹ്മണത്തിന്റെ 6 മുതൽ 10 വരെയുള്ള അദ്ധ്യായം യാജ്ഞവൽക്ക്നെയല്ല ശാണ്ഡില്യനെയാ ണ് ഗുരുവായി അംഗീകരിക്കുന്നത്. മദ്ധ്യേന്ത്യക്കും കുരുപാഞ്ചാല, കോസലവിദേഹസൃഞ്ജയന്മാർക്കും യാജ്ഞവൽക്കയനാണ് ഗുരു. ഗാന്ധാരന്മാർക്കും സാലന്മാർക്കും കേകയർക്കും അക്കാലത്ത് ശാണ്ഡി ല്യനാണ് ഗുരു. ബൃഹദാരണ്യകം ശാണ്ഡില്യനെ വാദത്തിൽ യാജ്ഞവൽക്ക്യൻ പരാജയപ്പെടുത്തി യതായി രേഖപ്പെടുത്തുന്നു. ശതപഥബ്രാഹ്മണ കാലത്ത് കുരുക്കളുടെ രാജാവ് പരീക്ഷിത്തിന്റെ പുത്രനായ ജനമേജയനാണ്. അക്കാലത്ത് പാഞ്ചാല രുടെ പ്രഗത്ഭനായ ഗുരുവാണ് ഉദ്ദാലകആരുണി. ജനകനു മുമ്പ് വിദേഹമാധവനെന്ന രാജാവിന്റെ പുരോഹിതൻ സരസ്വതീതീരത്തുനിന്ന് വന്ന ഗൌതമരാഹൂഗണനാണെന്ന് ശതപഥം പറയുന്നു. മാധവനേയും പുരോഹിതനേയും പിന്തുടർന്നാണ് സരസ്വതീതീരത്തുനിന്ന് അഗ്നി വൈശ്വാനർ രിഴക്കേ ഇന്ത്യയിലെ സദാനീരനദിക്കരയിലേക്ക് വന്നതെന്നും. (പാടലീപുത്രത്തിനടുത്ത് ഗംഗയിൽ ചേരുന്ന ഗണ്ഡ

കി) അതിനെ അഗ്നി എരിച്ചില്ല. അതിനാൽ അതിന
പ്പുറത്തേക്ക് ബ്രാഹ്മണർ മുമ്പ് കടന്നിരുന്നില്ല. നദി
യുടെ കിഴക്കേ കരയിലാണ് മാധവനെ പുരോഹി
തൻ താമസിപ്പിച്ചത്. കോസലത്തിനും (അയോദ്ധ്യ)
വിദേഹത്തിനും (തിർഹൂത്) അതിർത്തിയായി ഈ
നദി അറിയപ്പെട്ടു. ആർഹത,ശ്രമണ,പ്രതിബുദ്ധ
മുതലായ പദങ്ങൾ ആദ്യമായി പ്രത്യക്ഷപ്പെടുന്നത്
ശതപഥബ്രാഹ്മണത്തിലാണ്. കപിലവസ്തുവിലെ
ശാക്യഗുരുക്കന്മാർക്ക് ഗൌതമനാമം (പുരോഹിത
ന്റെ) കാണുന്നത് ഈ സമ്പ്രദായപ്രകാരമാണ്. (അഹ
ല്യ, ഗൌതമന്മാരുടെ വംശം ആണ് രാഹൂഗണഗൌ
തമനും) ജനകകാലം രാമായണകാലമായതിനാൽ അ
ക്കാലത്തിനും മുമ്പാണ് വിദേഹമാധവനും രഹൂഗ
ണഗൌതമനും സരസ്വതീതീരതതുനിന്ന് കിഴക്കോട്ട്
സഞ്ചരിച്ചത്. ഋഗ്വേദം സൂചിപ്പിക്കുക മാത്രംചെ
യ്ത ഉർവ്വശീപുരൂരവസ്സുമാരുടെ കഥയും വിശ്വാ
മിത്രപുത്രിയായ ശകുന്തളയുടേയും ദുഷന്തന്റേയും
കഥയും ശതപഥഹ്രാഹ്മണത്തിലുണ്ട്. ഇവ രണ്ടും
കാളിദാസകവി മനോഹരമായ കാവ്യങ്ങളായി
നാടകരൂപമായി രചിച്ചിട്ടുമുണ്ട്. ,അഥർവ്വവേദ
ത്തിലും മഹാഭാരതത്തിലുമുള്ള പ്രളയകഥയും മനു
കണ്ട മത്സ്യാവതാരകഥയും ശതപഥബ്രാഹ്മണത്തി
ലുണ്ട്. സത്യവ്രതമനു ദ്രാവിഡദേശാധിപനാണെ
ന്നും അദ്ദേഹത്തിൻ പുത്രിയിലൂടെ എല്ലാ മനുഷ്യ
രുടേയും ജനയിതാവായി അദ്ദേഹം പ്രളയശേഷം
അറിയപ്പെട്ടു എന്നും പറയുന്നു. അതായത്
മത്സ്യാവതാരശേഷമുള്ള എല്ലാ ഭാരതീയരും
ദ്രാവിഡദേശാധിപതിയായ സത്യവ്രതമനുവിന്റെ

വംശമാണ്. ഇത്തരം പരാമർശങ്ങളാൽ ശതപഥബ്രാഹ്മണം വളരെ പ്രധാനമായ ചരിത്രരേഖ കൂടിയാണ്. പ്രപഞ്ചത്തിന്റെ ഏകത്വം ഇതിൽ ശങ്കക്കിടമില്ലാതെ തെളിയിക്കുന്നുണ്ട്. ഉപനിഷത്തുകൾ ജ്ഞാനകാണ്ഡമാണ്, കർമ്മകാണ്ഡമല്ല. അവയെ വിശദമായി സുധാസിന്ധുവിൽ പ്രതിപാദിച്ചത് കാണുക.

സൂത്രങ്ങൾഃ-ശ്രൌതസൂത്രകാലം ബുദ്ധമതകാലത്താണെന്ന് കരുതപ്പെടുന്നു. ഏറ്റവും പഴയ പാലിസൂത്രങ്ങളും ഈ കാലത്താണ്. കൽപ്പസൂത്രം വൈദികസാഹിത്യത്തിന്റെ ഭാഗമായിട്ടാണ് ആദ്യം ഉണ്ടായത്. ഋഗേ്വദത്തിലെ രണ്ട് സൂത്രചരണങ്ങളിൽ സാംഖ്യായനം വടക്കേ ഗുജറാത്തിലും ആശ്വലായനം ഗോദാവരി,കൃഷ്ണനദികളുടെ സമതലത്തിലുമാണ് ഉണ്ടായത്. സാംഖ്യായനത്തിൽ 18, ആശ്വലായനത്തിൽ 12 പുസ്തകങ്ങളുണ്ട്. ശൌനകശിഷ്യനും ഐതരേയബ്രാഹ്മണത്തിന്റെ നാലാം പുസ്തകരചയിതാവുമാണ് അശ്വലായനൻ. സാമവേദത്തിന്റെ മൂന്ന് ശ്രൌതസൂത്രങ്ങളില് പഴയത് ആർഷേയകൽപ്പം എന്ന മഷകമാണ്. ഇതിൽ പഞ്ചവിംശബ്രാഹ്മണത്തിലെ സോമയാഗവിധികളാണുള്ളത്. കൌത്തുമിശാഖ ലാട്യായനശ്രൌതസൂത്രമാണ് സ്വീകരിക്കുന്നത്. ദ്രാഹ്യായനശ്രൌതസൂത്രം രാണാരണീയശാഖ സ്വീകരിക്കുന്നു. കാത്യായനശ്രൌതസൂത്രം ശുക്ലയജുർവേദത്തിന്റേതാണ്. ആപസ്തംബസൂത്രവും അതിന്റെ ശാഖയായ ഹിരണ്യകേശിസൂത്രവും ബൌധായനസൂത്രവും കൂടാതെ ഭാരദ്വാജസൂത്രവും ഉണ്ട്. മാനവധർമ്മസൂത്രം മൈത്രായണിശാഖയോടു ബന്ധപ്പെട്ടതാണ്. വൈഖാനസശ്രൌതസൂത്രം കൃഷ്ണയജുർവേ

ദത്തിന്റേതാണ്. വൈതാനസൂത്രം അഥർവ്വവേദത്തി ന്റേതാണ്. ശ്രൌതസൂത്രങ്ങളും ഗൃഹ്യസൂത്രങ്ങളും ആചാരസംബന്ധികളാണ്. സോമയാഗാദികൾക്കുള്ള ചടങ്ങുകൾ ശ്രൌതസൂത്രവും ഗൃഹ്യസംസ്കാര ത്തിനുള്ളവ ഗൃഹ്യസൂത്രവും വിശദീകരിക്കുന്നു. ബ്രഹ്മചര്യാദി സംസ്കാരങ്ങളെല്ലാം നേരത്തേ വലഭി-നളന്ദകളിലെ വിദ്യാഭ്യസരീതിയെക്കുറിച്ച് എഴുതിയതാകയാൽ ആവർത്തിക്കുന്നില്ല. മരവും മുളയും കൊണ്ട് പുതിയ വീടുകെട്ടി താമസിക്കുന്ന തും പറയുന്നുണ്ട്. ആദിമകാലത്തെ ഗൃഹങ്ങള് ഇപ്രകാരമാണ് കെട്ടിയിരുന്നത്. അതുപോലെ കൃഷി, നിലം കലപ്പ കൊണ്ട് ഉവലും ആദ്യത്തെ വിളവ് ഈശ്വരന് സമർപ്പിക്കലും പറയുന്നുണ്ട്. ഗുരുക്കന്മാരുടെ ഓർമ്മക്കായി ഉയർത്തിയ ചൈത്യ ങ്ങളിലും വഴിപാട് സമർപ്പിക്കുന്നു. അന്ത്യേഷ്ടിയും പിതൃക്രിയകളും അടക്കം സകലസംസ്കാരവും വിവരിക്കുന്നു. പുല, ശുദ്ധി, 10ആം ദിനം അസ്ഥി ശേഖരിച്ച് മൺപാത്രത്തിലാക്കി കുഴിച്ചിടുന്നത് എ ല്ലാം അന്ന് വിവരിച്ച പോലെ ഇന്നും ഇന്ത്യക്കാർ ചെയ്യുന്നുണ്ട്. ശ്രദ്ധാപൂർവ്വം സമർപ്പിക്കുന്ന ശ്രാദ്ധം ആത്മാവിന്റെ സദ്ഗതിക്കാണ്. നലവംശശാസ്ത്രജ്ഞ ർക്ക് ഈ സാഹിത്യഭാഗം വളരെ ഉപകാരപ്രദമാ ണ്. ധർമ്മസൂത്രങ്ങൾ ദൈനംദിനജീവിതാചാരസംബ ന്ധിയാണ്. സൂത്രകാലത്തിന്റെ ആരംഭത്തിൽ ജീവിച്ച യാസ്കൻ സൂത്രശൈലിയിലാണ് നിയമങ്ങളെല്ലാം പറയുന്നത്. ആപസ്തംഭധർമ്മസൂത്രമാണ് മുഴുവ നായി സംരക്ഷിക്കപ്പെട്ട് കാണുന്നത്. ഇത് തെക്കേ ഇന്ത്യയിലാണുണ്ടായത്. പാണിനിക്ക് മുമ്പുള്ള

ഭാഷയാണെന്ന് ബൂഹ്ലർ സ്ഥാപിക്കുന്നു. കാലം ബിസി 400ന് മുമ്പാണ്. ഇതിൽനിന്ന് പിരിഞ്ഞ ുപോന്നശാഖയാണ് ഹിരണ്യകേശിയുടേത്. അത് കൊങ്കൺതീരത്ത് എഡി 500ലാണ് ഉണ്ടായതെന്ന് കരുതപ്പെടുന്നു. ഈ രണ്ടിനും മുമ്പ് ബൌധായനധർമ്മസൂത്രം ഉണ്ടായി. ഇതും തെക്കേ ഇന്ത്യയിലാണ് ഉണ്ടായത്. ഗൌതമധർമ്മസൂത്രം ബൌധായനന്റേതിനു തുല്യമാണ്, രാമാരണീയസാമവേദീയരുടേതാണ്. വസിഷ്ഠധർമ്മസൂത്രം തന്റെ കാലത്ത് ഋഗ്വേദികൾ മാത്രമാണ് പഠിച്ചിരുന്നതെന്ന് കുമാരിലൻ പറയുന്നു. ഗൌതമനു ശേഷവും മനുവിന് മുമ്പുമായി വടക്കേ ഇന്ത്യയിലാണ് വസിഷ്ഠധർമ്മം ഉണ്ടായത്. എന്നാൽ മാനവധർമ്മസൂത്രത്തിലെ ധാരാളം ഉദ്ധരണികൾ അതിലുണ്ട്. മനുവിന് ശേഷമാവണം ഉണ്ടായതെന്ന് ഇത് ചൂണ്ടിക്കാണിക്കുന്നു.

പരാശരൻ രണ്ട് സഹോദരന്മാരെ (ശംഖനും ലിഖിതനും) ധർമ്മശാസ്ത്രകാരന്മാരായി ഉദ്ധരിക്കുന്നു. കുമാരിലൻ ഇവരെ ശുക്ലയജുർവ്വേദത്തിലെ വാജസനേയിശാഖയിലെ ധർമ്മശാസ്ത്രജ്ഞരായി കരുതുന്നു.

ശുൽബസൂത്രം.

ആപസ്തംഭകൽപ്പസൂത്രത്തിന്റെ അവസാനത്തേയും 13ആമത്തെയും പ്രജ്ഞ ശുൽബസൂത്രസംബന്ധിയാണ്. വേദി, ഗൃഹം ഇവയുടെ അളവുകളാണിത്. ജ്യാമിതിയുടെ സൂക്ഷ്മവശങ്ങളെ പ്രതിപാദിക്കുന്ന ഇവ ഇന്ത്യയിലെ ഗണിതത്തിന്റെ പ്രാചീനത കാണിക്കുന്നു. വേദാംഗങ്ങളിലാണ് ഇത് പെടുന്നത്.ശിക്ഷ,

ഛന്ദസ്സ്,വ്യാകരണം, നിരുക്തം,കൽപ്പം,ജ്യോതിഷം ഇവയാണ് വേദാംഗങ്ങൾ. ആദ്യത്തെ നാലും തെറ്റാ യി വേദം ഉച്ചരിക്കാതിരിക്കാനാണ്. അവസാനത്തെ രണ്ടെണ്ണം തക്കതായ ഋതുവിൽ വാസ്തു പണിയാ നും ആചാരം അനുഷ്ഠിക്കാനുമാണ്. ഭാഷയുടേയും ശാസ്ത്രത്തിന്റേയും പരിപൂർണ്ണവികാസത്തിന് ഇവ അത്യന്താപേക്ഷിതമാണ്. ഭാഷയും ഗണിതവും വിദ്യാഭ്യാസത്തിന്റെ ആദ്യത്തെ പടിയാണ്.

ഇതിഹാസകാലം

രാമായണം, മഹാഭാരതം, ഭാഗവതം ഇവ ഇതിഹാ സങ്ങളാണ്. കവിതാഭംഗി, ചരിത്രത്തിന്റെ കൃത്യമാ യ ക്രോഡീകരണം, ഭൂമിശാസ്ത്രപരവും നരവംശ ശാസ്ത്രപരവും ജ്യോതിശ്ശാസ്ത്രപരവുമായ വിവര ണങ്ങൾ ഇവകളാൽ ഇതിഹാസങ്ങൾശ്രദ്ധേയമാണ്. ഇതിഹാസങ്ങളായും ആഖ്യാനങ്ങളായും പുരാണ ങ്ങളായും കാവ്യങ്ങളായും ഇവ ഇന്ത്യൻ മനസ്സി നെ ആകർഷിക്കുന്നത് ഇന്നും നിലച്ചിട്ടില്ല.
ശ്ലോകരൂപമായ കവിതയായാണ് ഇതിഹാസങ്ങൾ എഴുതപ്പെട്ടത്. രാമായണത്തിലും മഹാഭാരതത്തി ലും ഇന്ത്യയുടെ എല്ലാ ഭാഗവും കവികൾ പരാമ ർശിക്കുന്നു. കഥാപാത്രങ്ങളുടെ യാത്രകളും കഥ നടക്കുന്ന സ്ഥലങ്ങളും ഇപ്രകാരം വടക്കും തെക്കും ഉൾപ്പെട്ട ഇന്ത്യയാണ്. വ്യാസമുനി കൃഷ്ണാനദിയു ടെ ദ്വീപിലാണ് ജനിച്ചത്. വാത്മീകിയുടെ ആശ്രമം വയനാട്ടിലെ പുൽപ്പള്ളിയിലുമാണ്. ഒരാൾ മുക്കു വനും മറ്റേ ആൾ കാട്ടാളനും. രണ്ടുപേരും അവ ർണ്ണരും തെക്കേ ഇന്ത്യക്കാരും. വ്യാസപരമ്പരയാണ്

കുരുപാണ്ഡവന്മാരെന്ന ചക്രവർത്തിവംശം. വാത്മീ
കിശിഷ്യരാണ് രാമപുത്രരായ ലവകുശന്മാർ. ഇതി
ലധികം ഒരു രാജ്യത്തിന് സമത്വസന്ദേശം തരാനെ
ന്തുണ്ട്. മഹാഭാരതത്തിൽ ഭഗവദ്ഗീത ഇന്ത്യയിലെ
ആദരണീയമായ സ്മൃതിഗ്രന്ഥമാണ്. ഉപനിഷദ്സാര
വുമാണ്. തെക്കേ ഇന്ത്യയിലുണ്ടായ ആശ്വലായന
ഗൃഹ്യസൂത്രത്തിൽ ഭാരതവും മഹാഭാരതവും പറ
യുന്നുണ്ട്. ഇന്ത്യയിൽ ഭാരതനാമം വഹിക്കുന്ന
ഒരേ ഒരു നദി ഭാരതപ്പുഴ തെക്കേ ഇന്ത്യയിലാണു
ള്ളത്. മെഗാസ്തനീസിന്റെ കാലത്ത് വിഷ്ണുവും
ശിവനും ഇന്ത്യയിലെ പ്രധാനഈശ്വരരൂപങ്ങളാണ്.
സൈന്ധവസരസ്വതീകാലത്തും അപ്രകാരമാണ്.
കുരുക്ഷേത്ര യുദ്ധത്തിൽ കിഴക്കേ ഇന്ത്യയിലെ
കോസല,വിദേഹ, അംഗ,വംഗ,കലിംഗങ്ങളും പടി
ഞ്ഞാറെ ഗാന്ധാര. സിന്ധു,ബാഹ്ലീക,ശക,യവനരും
ദുര്യോധനപക്ഷത്തായിരുന്നു. പാഞ്ചാലർ,മത്സ്യർ,
യാദവരിലെ കൃഷ്ണൻ,കാശി,ചേദി, മഗധ, പാണ്ഡ്യ,
കേരള, ചോളർ പാണ്ഡവപക്ഷത്തും നിന്നു.
(മദ്ധ്യേന്ത്യ, തെക്കേ ഇന്ത്യ) യുധിഷ്ഠിരൻ മഹാപ്ര
സ്ഥാനത്തിനു പോകുമ്പോൾ അർജ്ജുനന്റെ പേരക്കു
ട്ടി പരീക്ഷിത്തിനെ ഹസ്തിനപുരത്തും, കൃഷ്ണന്റെ
പേരക്കുട്ടി (അനിരുദ്ധൻ, ബാണപുത്രി ഉഷ ഇവരു
ടെ പുത്രൻ) വജ്രനെ ഇന്ദ്രപ്രസ്ഥത്തിലും സിംഹാസ
നത്തിലിരുത്തി. ബാണവരായരെന്ന പിൽക്കാല
രാജാക്കന്മാർ മഹാബലിയുടെ പിന്മുറക്കാരായ
ബാണസന്തതികളാണ്. വജ്രനും ഇതിലാണ് പെടുന്ന
ത്. മഹാഭാരതത്തിലെ കഥകളും ഉപകഥകളും
അന്നുമുതൽ ഇന്നുവരെ ഇന്ത്യയിലെ കവികളേയും

നോവലിസ്റ്റുകളേയും പ്രചോദിപ്പിച്ചുകൊണ്ടിരിക്കുന്നു.

18 പുരാണങ്ങളിലായി രാജർഷിമാരുടേയും ഋഷിമാരുടേയും വംശാവലിചരിത്രം പറയുന്നുണ്ട്. രാമായണം സൂര്യവംശത്തിന്റെ ചരിത്രമാണ്. ലങ്കയും തെക്കേ ഇന്ത്യയും രാമായണത്തിലും വരുന്നുണ്ട്. ഇവിടത്തെ ഭൂമിശാസ്ത്രവും ആദികവിക്ക് നന്നായി അറിയാം. രാമപുത്രനായ ലവനാണ് ശ്രാവസ്തിനഗരം പണിതത്. ലവനഗരമെന്ന ലാഹോറും ലവനാണ് നിർമ്മിച്ചത്. ബുദ്ധന്റെ കാലത്ത് കോസലത്തിലെ പ്രസേനജിത്താണ് ശ്രാവസ്തിയിലെ രാജാവ്. രാമായണകാലത്ത് മിഥിലയും വിശാലനഗരവും ഇരട്ടനഗരങ്ങളാണ്. ബുദ്ധന്റെ കാലത്ത് വിശാല വൈശാലി എന്നാണ് അറിയുന്നത്. മഹാഭാരതം കാലത്ത് മഗധയിലെ ജരാസന്ധനാണ് കിഴക്കേ ഇന്ത്യയിലെ പ്രബലനായ രാജാവ്. ഉപമകളും രൂപകങ്ങളും കൊണ്ട് സമൃദ്ധമാണ് വാത്മീകിയുടെ കവിത. ആദികാവ്യമാണത്.

കാവ്യങ്ങൾഃ-200 ബിസി മുതൽ 1100 എഡി വരെ രാജസഭകളിലുണ്ടായ കാവ്യങ്ങൾ നിരവധിയാണ്. ബാണന്റെ ഹർഷചരിതം സ്ഥാനേശ്വരത്തെ ഹര്ഷവർദ്ധനനെ കുറിച്ചാണ്. വരാഹമിഹിരന്റെ ബൃഹദ് സംഹിത, കാളിദാസകാവ്യങ്ങൾ, സുബന്ധു,ഭാരവി, ഗുണാഢ്യനെന്നിവരുടെ കൃതികളെന്നിവ ചരിത്രപരമായി ധാരാളം സംഭവങ്ങളെ ചിത്രീകരിക്കുന്നു. പതഞ്ജലിയുടെ മഹാഭാഷ്യം അദ്ദേഹത്തിന്റെ കാലത്ത് കാവ്യങ്ങൾ പോപ്പുലറായിരുന്നു എന്ന്

കാണിക്കുന്നു. അശ്വഘോഷന്റെ ബുദ്ധചരിതം ചൈനീസിലേക്ക് 414-421 എഡിയിൽത്തന്നെ മൊഴിമാറ്റിയിട്ടുണ്ട്. എഡി ഒന്നാം നൂറ്റാണ്ടിലെ കനിഷ്കന്റെ സഭയിലെ കവിയായിരുന്നു അശ്വഘോഷൻ.350 -550 എഡി വരെയുള്ള കാലത്ത് എഴുതപ്പെട്ട ലിഖിതങ്ങളും കാവ്യം,ശുദ്ധമായ ഗദ്യം ഇവകളിലാണ് എഴുതപ്പെട്ടിരിക്കുന്നത്. എഡി 400-413 വരെയുള്ള ചന്ദ്രഗുപ്തവിക്രമാദിത്യന്റെ നാണ്യങ്ങളിലും ഇത്തരം ലിഖിതമുണ്ട്. അദ്ദേഹത്തിന്റെ സഭയിലും കവികൾ ആദരിക്കപ്പെട്ടിരുന്നു. മാളവവിക്രമകാലം ബിസി 57ലാണ് ആരംഭിച്ചത്. അക്കാലം മുതൽ എഡി 500 വരെ കാവ്യശൈലി സമാനമാണെന്ന് കാണുന്നു. സമുദ്രഗുപ്തൻ സ്വയം കവിയും കവികളെ ആദരിക്കുന്നവനുമായിരുന്നു. ഹരിസേനന്റെ ശൈലി കാളിദാസന്റേയും ദണ്ഡിയുടേയും ശൈലിയാണ്. ഇവരെല്ലാം വൈദർഭിശൈലിയിലാണ് എഴുതിയിരുന്നത്. എഡി 300ഓടെ ഈ ശൈലി പൂർണ്ണരൂപം പ്രാപിച്ചു. ചന്ദ്രഗുപ്ത രണ്ടാമന്റെ (സമുദ്രഗുപ്തന്റെ പിൻഗാമി) മന്ത്രി വീരസേനന്റെ ഒരു ലിഖിതത്തിലും ഈ ശൈലിയാണ്. മാളവവിക്രമകാലം 529 (എഡി 473)ലെ ലിഖിതം ശ്രദ്ധേയമാണ്. 44 ശ്ലോകം 150 വരിയുള്ള ഇത് കവി വത്സഭട്ടി ദാസപുരത്തെ (ഇപ്പോഴത്തെ മാൻഡ്സോർ)സൂര്യക്ഷേത്ര പ്രതിഷ്ഠാദിനത്തിലാണ് എഴുതിയത്. ഇത് കാളിദാസരീതിയുടെ അനുകരണമാണ്. ഗിർനാറിലും നാസിക്കിലും രണ്ടാം നൂറ്റാണ്ടിലുള്ള ഗദ്യരൂപമായ ലിഖിതങ്ങളും ഇന്ത്യയിലെ അക്കാലത്തെ സാഹിത്യരീതിയെ സൂചിപ്പിക്കുന്നു. ഉപമകളും രൂപകങ്ങ

ളുമുള്ള ആലങ്കാരികഗദ്യകവിതാശൈലിയാണത്. ഗിർനാർ ലിഖിതമെഴുതിയ വ്യക്തിക്ക് കാവ്യരീതിയെക്കുറിച്ചും അതിലെ വിദർഭശൈലിയെക്കുറിച്ചും അറിയാം. വളരെക്കാലമായി ഇന്ത്യയിൽ കാവ്യരീതി ഉണ്ടെന്ന് സാരം. ഇതിഹാസങ്ങളിലെല്ലാം കാവ്യരീതിയാണല്ലോ കാണുന്നതും. അത് ക്രിസതുവർഷാരംഭത്തിന് എത്രയോ മുമ്പുള്ളതാണ്. ആറാം നൂറ്റാണ്ടിലാണ് ഇന്ത്യയിൽ സംസ്കൃതസാഹിത്യം ഉണ്ടായതെന്ന മാക്സ്മുള്ളറുടെ തിയറി ബ്യൂളറും ഫ്ലീറ്റും ഇപ്രകാരം നിരസിച്ചിട്ടുണ്ട്. ഫെരഗൂസന്റെ വിക്രമകാലം എഡി 544ലാണ് ആരംഭിച്ചത് ഇതിനെ ആധാരമാക്കിയാണ് മാക്സ്മുള്ളറുടെ നിഗമനം. ഫ്ലീറ്റിന്റെ വിക്രമകാലം ബിസി 57ലാണ്. ഈ കണ്ടുപിടുത്തം ഫെർഗൂസന്റെ കണ്ടുപിടുത്തത്തെത്തന്നെ നിരസിച്ചു. മാത്രമല്ല, ഹ്യൂണരെ പടിഞ്ഞാറെ ഇന്ത്യയിൽനിന്ന് പുറത്താക്കിയത് വിക്രമാദിത്യനല്ല, യശോധർമ്മവിഷ്ണുവർദ്ധനനാണ്. വിക്രമാദിത്യകാലം ആറാം നൂറ്റാണ്ടിലല്ല. അതിനാൽ ധന്വന്തരി,ക്ഷപണക,കാളിദാസ, അമരസിംഹ,വരാഹമിഹിര, വരരുചി ഇത്യാദി നവരത്നങ്ങളും അക്കാലത്തല്ല. കാളിദാസന്റെ രഘുവംശത്തിലെ ദിലീപൻ മുതൽ അഗ്നിവർണ്ണൻ വരെയുള്ള വംശാവലി വിഷ്ണുപുരാണത്തിലുള്ളതു തന്നെയാണെന്നത് ശ്രദ്ധിക്കണം. ചരിത്രപരമായി ഇത് പ്രധാനമാണ്. വലഭി ശ്രീധരസേനന്റെ സഭയിൽവെച്ച് എഴുതിയ ഭട്ടികാവ്യം സംസ്കൃതവ്യാകരണത്തെ ഉദ്ബോധിപ്പിച്ചുകൊണ്ട് രാമകഥ പറയുന്നു. ഭാരവിയുടെ കിരാതാർജ്ജുനീയത്തെക്കുറിച്ച് എഡി 634

ലെ ലിഖിതത്തിൽ പരാമർശമുണ്ട്.
മാഘകാവ്യമായ ശിശുപാലവധം ശ്രീഹർഷന്റെ നൈഷധീയം, ദണ്ഡിയുടെ കാവ്യാദർശം, കാശ്മീരിലെ രത്നാകരന്റെ ഹരവിജയം മഹാകാവ്യം, കവിരാജന്റെ രാഘവപാണ്ഡവീയം, പത്മഗുപ്തന്റെ നവസാഹസാങ്കചരിതം (മാളവത്തിലെ സിന്ധുരാജചരിത്രം)കാളിദാസന്റെ പോപ്പുലാരിറ്റി കുറഞ്ഞ കൃതി സേതുബന്ധം(രാവണവധം) ഇങ്ങനെ ധാരാളം കാവ്യങ്ങളുണ്ട്. വിതസ്തയിൽ നൌകകളാൽ പ്രവരസേനൻ സേതു കെട്ടിയപ്പോഴാണ് സേതുബന്ധകാവ്യരചന. ദണ്ഡിയുടെ ദശകുമാരചരിതം, സുബന്ധുവിന്റെ വാസവദത്ത, ബാണന്റെ കാദംബരിയും ഹർഷചരിതവും പറഞ്ഞാലൊടുങ്ങാത്ത കാവ്യങ്ങളാണ് ഇന്ത്യയിലുണ്ടായത്. അവയെ മുഴുവനായി എണ്ണുന്നത് ശ്രമകരമാണ്. കാളിദാസകവിതകൾ പലതും നാടകകാവ്യങ്ങളാണ്.

നട് എന്ന ധാതു നൃത്തമെന്നാണ് അർത്ഥമാക്കുന്നത്. നടനും നാടകവും ഇപ്രകാരം നൃത്തത്തിൽനിന്നുണ്ടായ പദങ്ങളാണ്. നൃത്തനാടകശാഖയാണ് കാവ്യശാഖകളെ പോഷിപ്പിച്ചത്. ഭരതനാട്യം ഭരതനിൽനിന്ന് ഉണ്ടായി. ഗുജറാത്തിയിൽ ഭാരോത് പാട്ടുകാരനാണ്. മഹാഭാഷ്യം കംസവധം ബലിബന്ധം മുതലായ നാട്യനാടകങ്ങളെ പരാമർശിക്കുന്നു. ഭരതമുനി ലക്ഷ്മീസ്വയംവരവും പാലാഴിമഥനവും മോഹിനിയുടെ നൃത്തവും രചിച്ചു. ബംഗാളിലെ യാത്ര, ഗീതാഗോവിന്ദം മുതലായവയും നൃത്തനാടകരൂപത്തിലാണ് അഭിനയിക്കുന്നത്. ഇന്ത്യയിലെ നാടകം, നൃത്തം ഇവ വിഷ്ണുവിന്റെ വിവിധഅ

വതാരകഥകളെ അഭിനയിക്കാനാണ് ഉണ്ടാക്കിയതെന്നു കാണാം.

സാഹിത്യദർപ്പണം നാടകത്തെ രൂപകം ഉപരൂപകം എന്ന് രണ്ടായി തിരിക്കുന്നു. നവരസാനുഭവവും തരുന്ന നാടകം ശുഭപര്യവസായിയായി രചിക്കുന്നതാണ് പതിവ്. നായകന്മാരും രാജാക്കന്മാരും ബ്രാഹ്മണരും നാടകത്തിൽ സംസ്കൃതം സംസാരിക്കുന്നു. ഉന്നതശ്രേണിയിലെ സ്ത്രീകൾ കാവ്യാത്മകമായ മഹാരാഷ്ട്രി ഉപയോഗിക്കും. മറ്റു സ്ത്രീകൾ, വേലക്കാരികൾ എന്നിവർ ശൌരസേനിയും കൊട്ടാരം പരിചാരകർ മാഗധിയും വില്ലന്മാർ ചൂതുകളിക്കാരെന്നിവർ അവന്തിഭാഷയും ആട്ടിടയന്മാർ ആഭീരിയും കൽക്കരികത്തിക്കുന്നവർ പൈശാചിയും ബാർബരികരും താണ ശ്രേണിയിലുള്ളവരും അപഭ്രംശവും സംസാരിക്കുന്നതാണ് നാടകത്തിൽ പതിവ്. ഭരതമുനിയുടെ കാലം മുതലേ ഇപ്രകാരമാണ്. ഇന്ത്യയിലെ നാടകത്തിലെ വിദൂഷകനെപ്പോലും ഷേക്സ്പിയറുടെ നാടകം കടമെടുത്തിട്ടുണ്ട്. ലോകം നാടകശാലയും മനുഷ്യർ അതിലെ നടന്മാരുമാണെന്ന ഷേക്സ്പിയറുടെ പ്രസിദ്ധവാചകം പോലും ഇന്ത്യയിലെ നാടകത്തിലുള്ളതാണ്. വിദൂഷകനെന്ന തമാശകഥാപാത്രം ബ്രാഹ്മണനാണെന്നത് യൂറോപ്യരെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ബ്രാഹ്മണനെ ഇത്തരം വിഡ്ഢികഥാപാത്രമാക്കുകയോ എന്നവർ അത്ഭുതം കൂറിയിട്ടുണ്ട്.നാടിക നാല് അങ്കമുള്ളതും പ്രഹസനം ഏകാങ്കവുമാണ് രാജകൊട്ടാരത്തിലെ സംഗീതശാലകളിലും അമ്പലത്തിലെ കൂത്തമ്പലത്തിലും നാടകം കളിച്ചിരുന്നു.യവനിക

യും അതിനുപിന്നിൽ നേപത്ഥ്യമെന്ന അണിയറയും ഉണ്ടായിരുന്നു. കാളിദാസ,ഭവഭൂതി,ശ്രീഹർഷ,ശൂദ്ര കന്മാരുടെ നാടകം പ്രസിദ്ധമായിരുന്നു. അവരിൽവെച്ച് കാളിദാസന്റെ ശാകുന്തളം വിക്രമോർവ്വശീയം മാളവികാഗ്നിമിത്രം ഇവ കൂടുതൽ പ്രസിദ്ധി നേടി. ശാകുന്തളത്തിന്റെ സൌന്ദര്യം ഗെഥേയെ ആകർഷിക്കുകയുണ്ടായി. ഈ നാടകങ്ങളിലെല്ലാം പ്രകൃതിയും സസ്യജാലവും മൃഗങ്ങളും കഥാപാത്രങ്ങളായി വരുന്നുണ്ട്.

മാളവികാഗ്നിമിത്രം ബിസി 2ആം നൂറ്റാണ്ടിലെ വിദിശയിലെ സുംഗരാജാവായ അഗ്നിമിത്രനും അദ്ദേഹത്തിന്റെ രാജ്ഞിയുടെ പരിചാരികയായ മാളവികയും തമ്മിലുള്ള പ്രേമകഥയാണ്. ശൂദ്രകന്റെ മൃഛരകടികം പ്രകരണമാണ്.ഉജ്ജയിനിയിലെ ചാരുദത്തനെന്ന ബ്രാഹ്മണവ്യാപാരിക്ക് സ്വത്തെല്ലാം നഷ്ടമാവുന്നു. വസന്തസേന എന്ന ദേവദാസിക്ക് നൽകിയാണ് സ്വത്ത് നശിച്ചത്. ദരിദ്രനായിട്ടും അവനെ വസന്തസേന വിവാഹം കഴിക്കുന്നു. രത്നാവലി വത്സരാജ്യത്തെ ഉദയനന്റേയും പത്നി വാസവദത്തയുടെ പരിചാരിക സാഗരികയുടേയും പ്രേമകഥയാണ്. കഥയുടെ അവസാനം രത്നാവലി കപ്പൽഛേദത്താൽ ലങ്കയിലെ രാജകുമാരി രത്നാവലി സാഗരികയെന്നപേരിൽ ഉദയനകൊട്ടാരത്തിലെത്തിയതാണെന്ന് തെളിയുന്നു (ഇത് മാളവിാഗ്നിമിത്രത്തിനു സദൃശമാണ്). സോമദേവന്റെ കഥാസരിത്സാഗരത്തിലെ ഉദയനനും വാസവദത്തയുമാണ് ഇതിലുമുള്ളത്. ഈ മൂന്നു നാടകവും പുരാണങ്ങളിൽനിന്ന് എടുത്തതല്ല. ശ്രീഹർഷന്റെ നാഗാനന്ദം ബുദ്ധമതത്തി

ലെ ഒരു സന്യാസിയുടെ കഥയാണ്. യജുർവ്വേദം തൈത്തിരീയശാഖയിലെ ബ്രാഹ്മണനായ ഭവഭൂതി തെക്കേ ഇന്ത്യയിലെ വിദർഭ(ബീറാർ)ക്കാരനാണ്. വളരെക്കാലം ഉജ്ജയിനിയിൽ താമസിച്ചു. അദ്ദേഹത്തിന്റെ രക്ഷിതാവ് കന്യാകുബ്ജത്തിലെ യശോധർമ്മനായിരുന്നു. ഭവഭൂതി പ്രകൃതിയുടെ സൂക്ഷ്മവും ഗഹനവും ഗംഭീരവുമായ സൌന്ദര്യം തന്റെ കൃതികളിൽ എടുത്തുകാട്ടുന്നതിൽ വിദഗ്ദ്ധനായിരുന്നു. ഉജ്ജയിനിയിൽ വെച്ച് നടക്കുന്ന മാലതീമാധവമാണ് അദ്ദേഹത്തിന്റെ പ്രസിദ്ധപ്രകരണം. മന്ത്രിപുത്രിയായ മാലതിയും ഉജ്ജയിനിയിലെ വിദ്യാർത്ഥിയും മറ്റൊരു രാജ്യത്തെ മന്ത്രിയുടെ മകനായ മാധവനും പ്രേമബദ്ധരാവുന്നതാണ് കഥ. മാധവന്റെ സുഹൃത്തായ മകരന്ദന്റെയും രാജപത്നിയുടെ സഹോദരി മദയന്തികയുടേയും പ്രേമകഥ ഇവരുടേതുമായി കൂട്ടിപ്പിണയുന്നു. രാജാവ് മാലതിയെ മകരന്ദനെക്കൊണ്ട് വിവാഹം കഴിപ്പിക്കാനാഗ്രഹിക്കുന്നു. മദയന്തിക മാലതിയുടെ വേഷം കെട്ടി മകരന്ദനെ വിവാഹം കഴിക്കുന്നു. രണ്ട് ബുദ്ധസന്യാസിനിമാരാണ് ഈ ശുഭപര്യവസായിയായ അന്ത്യത്തിനു കാരണക്കാരാവുന്നത്. ഇന്ത്യക്കാരുടെ റോമിയോ ജൂലിയറ്റാണ് മാലതാമാധവം കാമന്ദകിയെന്ന ബുദ്ധസന്യാസിനി ഷേക്സ്പിയറുടെ ഫ്രെയർ ലോറൻസും. 9ആം അങ്കത്തിൽ ഉയർന്ന ശിഖരങ്ങങ്ങളാൽ കൺകവരുന്ന വിന്ധ്യ പർവ്വതത്തിന്റെ രമണീയത വിവരിക്കുന്നുണ്ട് മേഘം ഉരുണ്ടുകൂടുമ്പോൾ ഇരുളുന്ന ശിഖരങ്ങൾ, ആനന്ദം കൊണ്ട് വാചാലമായ മയൂരങ്ങളാൽ

നിറഞ്ഞ താഴ് വാരങ്ങൾ, കൂടുകളിൽ ചിലക്കുന്ന പക്ഷികളാൽ നിറഞ്ഞ നിബിഡവനങ്ങൾ, കരടികൾ മുരളുന്നത് പ്രതിധ്വനിക്കുന്ന ഗുഹകൾ, ആനകൾ ഒടിച്ചിട്ട ചന്ദനശാഖികളിൽനിന്ന് വരുന്നതീക്ഷ്ണവും ശീതളവുമായ ഗന്ധം വഹിക്കുന്ന കുളിർത്ത കാറ്റ്.

ഭവഭൂതിയുടെ മഹാവീരചരിതവും രാമചരിതവും രാമകഥയാണ്. മഹാവീരചരിതം അവസാനിക്കുന്നത് രാമപട്ടാഭിഷേകത്തോടെയാണ്. ഉത്തരരാമചരിതം സീതാപരിത്യാഗവും ലവകുശന്മാർ വാത്മീകിആശ്രമത്തിൽ രാജകുമാരന്മാരാണ് എന്നറിയാതെ വളരുന്നതുമാണ്. ചിലയൂറോപ്യന്മാർ ഷേക്സ്പിയറുടെ സിംബലൈനിൽ ബെലാറിയസ് എന്ന സന്യാസി ഗിഡേറിയസ്, അർവ്വിരാഗസ് എന്നീ രാജകുമാരന്മാരെ വളർത്തുന്നതിനോട് ഇതിനെ താരതമ്യപ്പെടുത്തുന്നു.

വിശാഖദത്തന്റെ മുദ്രാരാക്ഷസം ചരിത്രകഥ നാടകമാക്കിയതാണ്. നന്ദവംശത്തെ പുറത്താക്കി ചന്ദ്രഗുപ്തൻ പാടലീപുത്രം കേന്ദ്രമാക്കി രാജ്യംഭരിക്കാൻ തുടങ്ങിയത് അലക്സാന്ററുടെ ആക്രമണത്തിനു തൊട്ടുപിന്നാലെയാണ്.നന്ദന്റെ മന്ത്രി രാക്ഷസൻ ചന്ദ്രഗുപ്തനെ വധിക്കാൻ ശ്രമിച്ചതും ചാണക്യൻ രാക്ഷസനെ സൂത്രത്തിൽ ചന്ദ്രഗുപ്തപക്ഷത്തേക്ക് നയിച്ചതുമാണ് കഥ. ഭട്ടനാരായണന്റെ വേണീസംഹാരം മഹാഭാരതകഥയിൽനിന്നാണ് ഇതിവൃത്തം എടുത്തത്. ഒരു താമ്രപത്രത്തിൽനിന്ന് ഇത് എഡി 840 ലാണ് രചിച്ചതെന്ന് കാണുന്നു. എഡി 900ലെ രാജശേഖരന്റെ നാടകങ്ങളിൽ 4 എണ്ണം മാത്രമേ

ലഭിച്ചിട്ടുള്ളു. വിദ്ധസാലഭഞ്ജിക, കർപ്പൂരമഞ്ജരി, ബാലരാമായണം, പ്രചണ്ഡപാണ്ഡവം അഥവാ ബാലഭാരതം. 11ആം നൂറ്റാണ്ടിലാണ് ദാമോദരമിശ്രന്റെ ഹനുമാൻ നാടകം അഥവാ മഹാനാടകം. .മാളവരാജാവ് ഭോജന്റെ സഭയിൽ ധാരാനഗരത്തി ലും ഉജ്ജയിനിയിലുമായിട്ടാണ് കവി ജീവിച്ചത്. കൃഷ്ണമിശ്രന്റെ പ്രബോധചന്ദ്രോദയവും ഇക്കാല ത്തുണ്ടായി. പഞ്ചതന്ത്രം ബുദ്ധമതകാലത്തുണ്ടായെ ങ്കിലും വിഷ്ണുഗുപ്തനെന്ന ബ്രാഹ്മണനാണ് കർത്താവ്. പ്രാകൃതകാവ്യങ്ങളും നാടകങ്ങളും തമിഴ് ഇതിഹാസങ്ങളും ക്രിസ്തുവർഷാരംഭ ത്തി ലും അതിനു മുമ്പും പോപ്പുലറാണ്. ചാണക്യന്റെ അർത്ഥശാസ്ത്രവും ഭരതമുനിയുടെ ഭരതവും ക്രിസ്തുവിനു മുമ്പോ ഉണ്ട്. അതുപോലെ സുശ്രുതം പോലുള്ള വൈദ്യശാസ്ത്രഗ്രന്ഥങ്ങളും. ഒരു രാജ്യത്ത് ഒരു ഭാഷയുടെ പൂർണ്ണവികാസം പ്രാപിച്ച ഘട്ടത്തിലാണ് ഇത്തരം സ്പെഷ്യലൈസ്ഡ് ശാസ്ത്രഗ്രന്ഥങ്ങളുണ്ടാവുക. മലയാളഭാഷക്ക് ഇപ്പോഴും ഇത്തരം ശാസ്ത്രഗ്രന്ഥങ്ങളില്ലാത്ത കുറവ് ഉണ്ട്. ബിസി 3500 മുതലെങ്കിലും സംസ്കൃതം ഇന്ത്യയുടെ വിദ്യാഭ്യാസഭാഷയാണ്. എഡി 18ആം നൂറ്റാണ്ടിൽ ഇംഗ്ലീഷ് അതിനെ ആദേശം ചെയ്യുംവരെ അപ്രകാരം തുടര്ന്നു. പ്രാകൃതത്തേയോ പ്രാദേശികഭാഷകളേയോ ഇല്ലാതാക്കാതെയും അവയെ പോഷിപ്പിച്ചുമാണ് ഈ വിദ്യാഭ്യാസഭാഷ നില നിന്നത്.

ശ്രീധരദാസന്റെ സദുക്തികർണ്ണാമൃതത്തിൽ 446 കവികളുടെ കവിതകളുണ്ട്. അവർ അധികവും ബംഗാ

ളിലെ കവികളാണ്. 1205ലാണ് ആന്തോളജിരൂപ മായി അത് രചിക്കപ്പെട്ടത്. 14ആം നൂറ്റാണ്ടിലെ ശാർങ്ഗധരപദ്ധതി 6000 ശ്ലോകം 264 കവികളുടേ തായി ശേഖരിച്ചിരിക്കുന്നു. വല്ലഭദേവന്റെ സുഭാഷി താവലിയിൽ 350 കവികളുടെ 3500 ശ്ലോകമുണ്ട്. ഭൂമിയെ മഞ്ചമാക്കി,കൈകളെ തലയണയാക്കി, ആ കാശത്തെ മേൽക്കൂരയാക്കി, ചന്ദ്രനെ വിളക്കാക്കി, സന്യാസത്തെ പത്നിയാക്കി, ദിശകളെ കാറ്റുകൊ ണ്ട് ചാമരം വീശുന്ന ദാസികളാക്കി നിശ്ചിന്തമായി ഉറങ്ങുന്ന തപോധനർ ചക്രവർത്തിമാരേക്കാളും സുഖമനുഭവിക്കുന്നു എന്ന് ഇന്ത്യയിലെ കവികൾ കരുതിയിരുന്നു. ഭര്തൃഹരിയുടെ ഹിതോപദേശം വെള്ളത്തിൽ പ്രതിഫലിച്ചുകാണുന്ന ചന്ദ്രബിംബം പോലെ ജീവിതം ക്ഷണപ്രഭാചഞ്ചലമാണെന്ന് അറി യുന്നു. മരിക്കുമ്പോൾ എല്ലാം ഉപേക്ഷിക്കണം. ചെയ്ത സദ്കർമ്മഖ്യാതി മാത്രം പരലോകത്തും കൂടെ വരും, ജ്ഞാനം മാത്രം ആത്മാവിനെ അനുഗ മിക്കും. പ്രപഞ്ചത്തോടുമുഴുവനും കാരുണ്യം, സ്നേ ഹം, സമഭാവന ഇവയെല്ലാം ഉള്ള അദ്വൈതം ഭാര തത്തിനുണ്ടായത് ഈ അദ്വൈതചിന്തയാലാണ്. ഉന്ന തകുലത്തിൽ ജനിച്ചാലും നല്ല ഗുണങ്ങളില്ലാത്തവൻ ബ്രാഹ്മണനല്ല, ശൂദ്രകുലത്തിൽ ജനിച്ചാലും ധർമ്മി ഷ്ഠനായ മനുഷ്യനാണ് ശ്രേഷ്ഠനെന്ന് മുക്കുവത്തി പ്രസവിച്ച്, ബ്രാഹ്മണനായി ജീവിച്ച വ്യാസമുനി മഹാഭാരതത്തിൽ പറയുന്നത് ഇന്ത്യയുടെ മഹത്താ യ ദർശനമാണ്. ഭർതൃഹരി പറയുന്നു: ഇത് എന്റെ സ്വന്തക്കാരനാണ്, അത് അപരിചിതനാണ് എന്ന് നല്ല മനുഷ്യർ വിചാരിക്കുന്നില്ല. അവർ

ഭേദഭാവന കൂടാതെ ലോകത്തെ മുഴുവനും സ്വന്ത മെന്ന് സ്നേഹിക്കുന്നു. നന്മയുടെ ശാശ്വതനിയമം മനുഷ്യവർഗ്ഗത്തോടു മാത്രമല്ലെന്ന് വ്യാസൻ എടു ത്തു പറയുന്നു. വാക്കുകൊണ്ടോ മനസ്സ് കൊണ്ടോ കർമ്മം കൊണ്ടോ ഒരു ജീവിയേയും നോവിക്കാതി രിക്കുക എല്ലാത്തിനേയും സ്നേഹിക്കുക, സേവി ക്കുക എന്നാണ് വ്യാസപക്ഷം. എല്ലാവർക്കും ഒരു പോലെ വെളിച്ചവും നിലാവും നൽകുന്ന ചന്ദ്രസൂ ര്യന്മാരെപ്പോലെയാണ് ആര്യന്മാരായ ബ്രാഹ്മണർ. ആ നിർവ്വചനം പരദേശത്തുനിന്ന് അതിക്രമിച്ച് വന്ന കൂട്ടരെയല്ല ആര്യബ്രാഹ്മണരായി പറയുന്നത്. ഫലഭാരം കൊണ്ട് വൃക്ഷവും ജലഭാരം കൊണ്ട് മേഘവും തല കുനിച്ച് താഴേക്ക് വർഷിക്കുന്നപോ ലെ ആര്യബ്രാഹ്മണർ മറ്റുള്ളവർക്കായി തല കുനി ച്ച് വിനയപൂർവ്വം ജീവിക്കുന്നു. ഉദയത്തിലും അസ്തമയത്തിലും സൂര്യൻ ഒരുപോലെ അരുണവ ർണ്ണനായിരിക്കുന്നതുപോലെ വിവേകികൾ സുഖ ത്തിലും ദുഃഖത്തിലും ഒരുപോലെ ശാന്തരായിരിക്കു ന്നു. ഇന്ത്യയുടെ ഫിലോസഫി കാവ്യങ്ങളിലും കാ ണാം.

വൈദിക,വേദാന്ത,ഷഢ്ദർശന,ജൈന,ബൌദ്ധഫിലോസ ഫികളിലെല്ലാം ഇത്തരം അഭിപ്രായം പ്രകടമായി കാണാം. ഇത് ഇന്ത്യൻഫിലോസഫിയുടെ ശാശ്വതമു ഖമാണ്. ചാർവ്വാകദർശനം മുതലായവ ഈ ഫി ലോസഫിയുടെ മദ്ധ്യത്തിൽ പ്രഭാശൂന്യമാണ്. പുന ർജന്മസിദ്ധാന്തവും കർമ്മസിദ്ധാന്തവും ഇന്ത്യയുടെ ഫിലോസഫിയിൽ നിർല്ലീനമാണ്. ഇന്ത്യയിലെ ആദി വാസിട്രൈബുകളും ഈ വിശ്വാസം പാലിക്കുന്നു.

സാന്താളുകൾ നല്ലവരുടെ ആത്മാക്കൾ ഫലവൃക്ഷ ങ്ങളിൽ പ്രവേശിക്കുന്നതായി വിചാരിക്കുന്നു. ചീത്ത ആത്മാക്കളാണ് ക്രൂരമൃഗങ്ങളിൽ പ്രവേശിക്കുന്നത്. 1000 പശുക്കളുടെ ഇടയില്നിന്ന് പശുക്കുട്ടി അമ്മയെ തിരഞ്ഞുപിടിക്കുന്നപോലെ കർമ്മം അതു ചെയ്തവനെ മരണശേഷവും പിന്തുടർന്നുവരുന്നു. എന്ന് മഹാഭാരതം. അനാദിയായ സംസാരത്തിൽ പഴയ കർമ്മം പുതിയ ജീവിതത്തെ സൃഷ്ടിക്കുന്നു. അദൃഷ്ടം പോലും മുമ്പത്തെ കർമ്മഫലം തന്നെയാണ്. പ്രകൃതിയുടെ ലീലകളും കൂടി മനുഷ്യരുടെ കർമ്മം കൊണ്ടാണ്. പ്രപഞ്ചനാശവും പുനർസൃഷ്ടിയും കൂടി പ്രകൃതിനിയമം എന്ന് വിളിക്കുന്ന സംസാരത്തിന്റെ ആവർത്തനചക്രം അഥവാ പുനർജന്മത്തോടു ബന്ധപ്പെട്ടാണ് നിയന്ത്രിക്കപ്പെടുന്നത്. സംസാരത്തിനും പുനർജ്ജനിക്കും കാരണം അവിദ്യയാണ്. വിദ്യ അഥവാ ജ്ഞാനം കൊണ്ടല്ലാതെ ആരും മുക്തി പ്രാപിക്കുന്നില്ല.കുടം ഉണ്ടാക്കിക്കഴിഞ്ഞിട്ടും വെറുതേ തിരിയുന്ന കുലാലചക്രം പോലെ ജ്ഞാനം ലഭിച്ചിട്ടും ജീവിതം മരണം വരെ തുടരുന്നു. ഭൌതികവസ്തുക്കളോടുള്ള മമത ഉപേക്ഷിച്ച്, ജ്ഞാനാനുഭൂതി ഉണ്ടായവന്ന് അനുഭൂതിക്ക് ശേഷമുള്ള ജീവിതം കർമ്മബന്ധം ഉണ്ടാക്കുന്നില്ല.

അലക്സാന്ററുടെ ഇന്ത്യൻ ആക്രമണത്തിനുശേഷമാണ് പടിഞ്ഞാറിന് ഇന്ത്യയെക്കുറിച്ച് ധാരണ ഉണ്ടാവുന്നത്. അതിനുമുമ്പ് വെറും ഊഹവും ഐതിഹ്യവുമായിരുന്നു അവരുടെ അറിവ്. 120000 കുതിരപ്പടയാളികളും 30000 കാലാളുമായാണ് അലക്സാന്റർ ഹിന്ദുക്കുഷ് കടന്നത്. കാബൂൾ,സിന്ധു

നദീസംഗമത്തിലെ പുഷ്കലാവതി പിടിച്ചശേഷം കാബൂൾനദിക്ക് വടക്ക് അശ്വാകന്മാരെയും തെക്ക് ഗാന്ധാരന്മാരെയും കീഴടക്കി. ബിസി 326ൽ സിന്ധു നദി കടന്നു. സിന്ധുവിനും ജലംനദിക്കുമിടയിലെ തക്ഷശിലയിൽ വെച്ചാണ് ഇന്ത്യയിലെ വിവേകിക ളായ ബ്രാഹ്മണയോഗികളെ ആദ്യമായി കണ്ടതെന്ന് അവർ രേഖപ്പെടുത്തുന്നുണ്ട്. ജലത്തിനും ചീനാബി നും ഇടയിലെ പൌരവരാജ്യം ഭരിച്ചിരുന്നത് പൌ രവന്മാരുടെ നേതാവായ പുരുഷോത്തമനെന്ന രാജാ വാണ്. 50000 കതിര 4000 കാലാൾ 200 ആന 400 രഥം ഇതായിരുന്നു പൂരുവിന്റെ സൈന്യബലം. അലക്സാന്ററുടെ സൈന്യം ഇന്ത്യയിലെ ആനകളേ യും ഇവിടത്തെ വെള്ളപ്പൊക്കം മുതലായ പ്രകൃ തിപ്രതിഭാസങ്ങളെയും കണ്ട് ഭയന്ന് തിരിച്ചു പോയത് ചരിത്രം. ജയിച്ചതായി എഴുതിവെച്ചത് കഥ. അലക്സാന്ററുടെ ശേഷം വന്ന ചന്ദ്രഗുപ്ത മൌര്യകാലത്തെ മെഗസ്തനീസിൽനിന്ന് യൂറോപ്പ് ഇന്ത്യയെ കുറച്ചെല്ലാം മനസ്സിലാക്കി. യുഗകൽപ്പങ്ങ ളിലുള്ള ഇന്ത്യക്കാരുടെ കാലബോധവും ഗണനവും അവരെ കുറച്ചല്ല അത്ഭുതപ്പെടുത്തിയത്. മെഗാസ്ത നീസ് കൃഷ്ണനേയും ബലരാമനേയും അവരുടെ പിൻഗാമികളായ പാണ്ഡ്യരേയും പറയുന്നുണ്ട്. അ വരെല്ലാം അക്കാലത്തുതന്നെ ഇന്ത്യയിൽ പൂജിത രാണ്.

വ്യാകരണം, യോഗശാസ്ത്രം സാംഖ്യം വൈശേഷി കം ന്യായം വേദവേദാന്തങ്ങൾ ഭരതം വൈദ്യം അർത്ഥശാസ്ത്രം കാമശാസ്ത്രം ഗണിതം ജ്യോതിശ്ശാ സ്ത്രം എന്നിങ്ങനെ എല്ലാ ശാഖകളിലും സംസ്കൃ

തഗ്രന്ഥങ്ങളുണ്ടായത് ഇന്ത്യയിലെ ശാസ്ത്രവിദ്യാ ഭ്യാസഭാഷ സംസ്കൃതമായതുകൊണ്ടാണ്. അത് ഇന്ത്യയെ എക്കാലവും ഒരുമിപ്പിച്ച് നിർത്തി. ഇംഗ്ലീഷുഭാഷ വരുന്നതുവരെ. ഭാഷാചരിത്രം രാഷ്ട്രീയ ചരിത്രവുമായി കൂടിക്കുഴഞ്ഞത് ഇംഗ്ലീഷുകാരുടെ വരവോടെയാണ്, അതും മെക്കാളേ പ്രഭുവിന്റെ കൌശലബുദ്ധി കാരണം. പോളിറ്റിക്സ് ഒരു രാഷ്ട്ര ത്തിന്റെ സംസ്കാരത്തെ നശിപ്പിച്ചതിന് ഉദാഹര ണമായി ഈ ഇടപെടലിനെ കണക്കാക്കാം.

എല്ലാ ഭാഷകളും പഠിക്കുക എന്നത് നമുക്ക് അപ്രാപ്യമാകാം. സ്വന്തം മാതൃഭാഷ, രാഷ്ട്രഭാഷയാ യ സംസ്കൃതം, ലോകഭാഷയായ ഇംഗ്ലീഷ് ഇവയെ ങ്കിലും പഠിക്കുന്ന പക്ഷം വിദ്യാഭ്യാസരംഗത്തും, പ്രൊഫഷണല് രംഗത്തും, നാട്ടിലും ലോകം മുഴുവ നും നമുക്ക് ശോഭിക്കാനുള്ള അവസരമുണ്ട്. മാത്രമല്ല ത്രിഭാഷാപദ്ധതി മസ്തിഷ്കത്തെ , അതി ന്റെ നാഡീശ്രേണികലെ പോഷിപ്പിക്കുന്നതിനാൽ ബുദ്ധി, ഓർമ്മ ഇവ വർദ്ധിപ്പിക്കയും ചിന്താസ രണികളുടെ വളർച്ച സ്മൃതിനാശം പോലുള്ള രോഗങ്ങളെ ഒരളവ് തടുക്കുകയും ചെയ്യും. ഇക്കാലത്ത് , മലയാളികളും തമിഴരും അവനവ ന്റെ മാതൃഭാഷയോട് അമിതമായ സ്നേഹം കൊ ണ്ട് മറ്റുഭാഷകളം തിരസ്കരിക്കാറുണ്ട്. ഔദ്യോഗി കഭാഷ മലയാളമാക്കണമെന്ന് വാദിക്കുന്നവരുണ്ട് .മെക്കാളേ പ്രഭു ചെയ്തതിന്റെ മറ്റൊരു രൂപമാ വും ഇത് നടക്കുന്നപക്ഷം. മെഡിക്കൽ സയൻസി ലും മറ്റു ശാസ്ത്രവിഷയങ്ങളിലും കുട്ടികളെ പഠി പ്പിക്കാൻ

പറ്റിയ പുസ്തകങ്ങൾ മലയാളത്തിലില്ല. ക്സാന്തോഗ്രാനുലോമാറ്റസ് പയലോനെഫ്രൈറ്റിസ് എന്നും, സ്കാബാമസ് കാർസിനോമ എന്നും എല്ലാം ഉള്ള ഇംഗ്ലീഷ് നാമങ്ങളെ മലയാളീകരിക്കാനും അത്തരം വികടമായ മലയാളം പുസ്തകം അച്ച ടിപ്പിച്ച് കുട്ടികളെ വിഷമിപ്പിക്കാനും നാം പോക ണോ. ഉള്ള ഇംഗ്ലീഷ് പുസ്തകം പഠിച്ച് ഡോക്ട ർമാരായാൽ പോരേ. സംസ്കൃതത്തോട് വിരോധം ഇംഗ്ലീഷ് പാഠ്യഭാഷയാക്കിയപ്പോളുണ്ടാക്കി. അതു കൊണ്ട് ഇന്ത്യയിലെ ശാസ്ത്രം അന്യമായി. ഇനി ഇംഗ്ലീഷിനെ ഒഴിവാക്കിയാൽ, അതിനെ വിരോധി ച്ചാൽ ആധുനികശാസ്ത്രവും അറിയാതാവും. കുട്ടികളുടെ ഭാവി തകരാറാവും. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ടിവരില്ല.

കേരളത്തിലെ കാവുകൾ

പഴക്കം

വേദകാലത്ത് ആരണ്യാനി എന്ന് വനദുർഗ്ഗയെ പറയുന്നു. ഈ കുലദേവതയെ കൂടാതെ ഗ്രാമദേവ ത, രാഷ്ട്രി എന്ന രാഷ്ട്രദേവത ചികിതുര്ഷി, എന്ന പരമജ്ഞാനദേവത ഇവരും വേദകാലത്തുണ്ട്.

ആദിദ്രാവിഡരുടെ ടോട്ടം വൃക്ഷം അതിന് അന്നം ബലി നൃത്തം ഗീതം.കൊടുക്കൽ, ചുറ്റും വേലി വേദി കെട്ടി . നടുവിൽ സാമിക്കല്ല്.വെക്കൽ. ചുറ്റും ഡോൾമെൻ രൂപമുള്ള ആദിക്ഷേത്രനിർമ്മി

തി, ആയുധപൂജ. ഇവ. കൊങ്ങുചേരനാട്ടിൽ (കേരളത്തിലും. തമിഴകത്തും) കാണുന്നു ആദ്യത്തെ സാമിക്കല്ല് പ്രീകാംബ്രിയൻ ശിലക്ക് (600 മില്യൻ വർഷം പഴക്കം)വളരെ പഴക്കമുണ്ട്. മദ്ധ്യപ്രദേശി ലെ കൈമൂർ താഴ്വരയിൽ പാലിയോലിത്തിക്ക് കാലത്തെ 85 സെമീ വ്യാസമുള്ള വൃത്താകൃതിയു ള്ള . വേദിക്ക് 11000 വർഷവും ത്രികോണാകൃതി യുള്ള കല്ലിന് (മേരു) 30000-40000.വർഷവുമാണ് പഴക്കം. കെനോയറോട് ആദിവാസികൾ (കോളി കൾ) ഈ ശിലയെ പരിശോധിക്കുമ്പോൾ താങ്കൾ എന്തിനാണ് ഞങ്ങളുടെ കാളിമായിയെ തൊട്ട് അ ശുദ്ധമാക്കുന്നതെന്നാണ് ചോദിച്ചത്. ഇതേ മാതൃക യിലുള്ള ശിലകളെ അവർ അമ്മദൈവമായി ആരാധിക്കുന്നുണ്ട്. അലഹബാദിലെ ശില 20000 ബിസിയോളം പഴക്കമുള്ളതാണ്.

പഴക്കം പ്രതിഷ്ഠക്കാണ്. . പുറത്തെ ക്ഷേത്രം അതിനേക്കാളും പുതിയതാണ്. . കേരളത്തിലെ ചരിത്രകാരന്മാർ ക്ഷേത്രവാസ്തുവിന്റെ പഴക്കം നോക്കി പ്രതിഷ്ഠ, ആരാധനാസമ്പ്രദായം ഇവയുടെ പഴക്കം നിർണ്ണയിക്കുന്നു ഇതിലെ അപാകത മനസ്സിലാക്കണം. ഗർഭഗൃഹത്തിനും പ്രതിഷ്ഠ ക്കും ശേഷം പുറത്തേക്കാണ് ക്ഷേത്രവാസ്തു പണി യുന്നത്. ഇന്ത്യയിലെ എല്ലാ ട്രൈബലുകളും ആരാ ധിച്ചിരുന്ന അമ്മദൈവം മാതൃദായം.പിന്തുടരുന്ന സ്ഥലങ്ങളിലെല്ലാം ഉണ്ട്. ചേര,കൊങ്ങുചേരരുടെ ഭൂമികകളിൽ ഡോൾമെനുകളിൽ സാമിക്കല്ല് കാണു ന്നു. ഇതാണ് ആദ്യത്തെ ക്ഷേത്രവാസ്തു. അകുലീ കുലമായ ശിവശക്തി പ്രപഞ്ചസൃഷ്ടി - അകത്തുനി

ന്ന് പുറത്തേക്കാണ്. ആ ശക്തി കൌലികീശക്തി, ഏകമായ ശിവാഗ്നി. ചുറ്റും 12 നാളം രാശീച ക്രത്തിലെ 12 രാശി. അഗ്നിജിഹ്വയാണ്. വാക്കാണ് സരസ്വതി. . സൃഷ്ടികലന സ സംഹാരകലന ഹ രണ്ടും നടത്തുന്നത് കാളി. കലന ഗതി ക്ഷേപം ജ്ഞാനം ശബ്ദനം സ്വാത്മലയീകരണം. കലന ചെയ്യു ന്ന സംവിത്തായ കാളി കാലമാണ്. കാലാഗ്നിയുമാ ണ്. സൂര്യനും അതിന്റെ രശ്മികളുമാണ്. പ്രാണച ലനമാണ് കാലം അതിന്റെ ഭാസനമാണ് കാളി. ശ്രീചക്രത്തിന്റെ ഏറ്റവും പുറത്തെ ഭൂപുരത്തിലെ സപ്തമാതൃക്കളെ സൈന്ധവസംസ്കൃതികാലത്ത് കാണുന്നതിനർത്ഥം ,അതിന്നകത്തെ ബിന്ദു മുതലു ള്ള ഭാഗത്തെ അതിന്നു മുമ്പു തന്നെ അറിഞ്ഞിരി ക്കണമെന്നാണ്.

കൌലം ഉത്തമം മദ്ധ്യമം അധമം എന്ന് മൂന്നുവി ധം അനുഷ്ഠിക്കാം. കേരളത്തിലെ അധികകാവുക ളിലും ഉത്തമാരാധനയാണ്. (ഗുണാധിഷ്ഠിതമാണ് ഇത്.) ഇന്ദ്രിയദേവതമാരായ സപ്തമാതൃകകളുടെ ഇന്ദ്രിയവിഷയങ്ങളെയാണ് പരമേശ്വരനിൽ സമ ർപ്പിക്കുന്നത്.

ബ്രഹ്മാണി ബുദ്ധി നിശ്ചയപുഷ്പം ഹൃത്ത്

മഹേശ്വരി അഹങ്കാരം താലവ്യം

കൌമാരി മനസ്സ് വികൽപ്പ മൂർദ്ധാവ്

വൈഷ്ണവി ശ്രോത്രം നാദപുഷ്പം ദന്ത്യം

വാരാഹി ത്വക്ക് സ്പർശം ഓഷ്ഠ്യം

ഇന്ദ്രാണി ദൃഷ്ടി രൂപം കണ്ഠ്യം

ചാമുണ്ഡ ജിഹ്വ രസം ജിഹ്വ

മഹാലക്ഷ്മി യോഗേശ്വരി നാസാ ഗന്ധ

സതതോത്ഥായിനിമാരായി ശരീരത്തിലിരുന്ന് ചക്രദേവതമാരായി, സകലജീവനിലുമുള്ള സ്പന്ദപ്രകാശത്തിന്റെ സാരമായി വിളങ്ങി സ്ഫുരതാനുഭവം അനുഭവിപ്പിക്കുന്നവരേ, പ്രതിഭയുടെ ആസ്വാദനം അനുഭവിപ്പിക്കുന്നവരേ, ലോകത്തിന്റെ സൌന്ദര്യരസന, ചമത്കാരം വിസ്മയം അനുഭവിപ്പിക്കുന്നവരേ (ഇന്ദ്രിയാസ്വാദനം, അതീന്ദ്രിയാസ്വാദനം ഇവയിലൂടെ) നിങ്ങളെ നമസ്കരിക്കുന്നു എന്ന് അഭിനവഗുപ്തൻ പറയുന്നത് ഇതിനാലാണ്. . സൈന്ധവ സീലിൽ നടുവിലെ വൃക്ഷത്തിൽ സരസ്വതിയാണ് ഭാഷയുടെ പ്രചോദനശക്തിയാണ് . അവളാണ് മനനശേഷിയും. വിശ്വവിജ്ഞാനവും ബോധസ്പന്ദവും തരുന്നത് അതീന്ദ്രിയബോധത്തിലാണ് എല്ലാ ഇന്ദ്രിയബോധവും അടങ്ങുന്നത്. ദേവതാരൂപം ആന്തരബോധപ്രകാശത്തിന്റെ സിംബലാണ്. കാരണജലശായിയായ കാലാഗ്നിശിവരൂപമായ അനന്ത ലകുലീശ്വരനിൽനിന്നാണ് കാലസങ്കർഷിണിയായി അതീന്ദ്രിയബോധശക്തി തരുന്ന ദേവീജനനം. (12 ജ്വാലകളായി) അന്ധകാസുരവധകാലത്ത് ശിവനെ വിഷ്ണുവും ഇതരദേവന്മാരും ശക്തി കൊടുത്ത് സഹായിച്ച കഥ, വൈഷ്ണവി മന്ദരപർവ്വതത്തിൽ തപം ചെയ്തപ്പോൾ അവളിൽനിന്ന് സപ്തമാതൃക്കളും ജനിച്ച കഥ, (വരാഹപുരാണം) മാർക്കണ്ഡേയപുരാണത്തിലും ദേവീമാഹാത്മയ്ത്തിലുമുള്ള രക്തബീജകഥ, നിരൃതിയെ കൊല്ലാൻ ബ്രഹ്മാവ് സൃഷ്ടിച്ച

ചാമുണ്ഡിയെ വൈഷ്ണവിയായ നാരസിംഹി വധിച്ച കഥ(സുപ്രഭേദാഗമം) എല്ലാം ഐതിഹ്യമാണ്. തന്ത്രസാരം പറയുന്നത് ഫിലോസഫിക്കലായിട്ടാണ്. ബ്രാഹ്മി അഥവാ സരസ്വതി ആദിമനാദമായ പ്രണവം ആയി പ്രപഞ്ചസർഗ്ഗം ചെയ്യുന്നു. വൈഷ്ണവി അതിന് ക്രമവും സൌന്ദര്യവുമുള്ള രൂപം കൊടുക്കുന്നു. മഹേശ്വരി സൃഷ്ടികൾക്ക് വ്യക്തിത്വം കൊടുക്കുന്നു. കുമാരി ഗുരുഗുഹനായി വിളങ്ങി ആത്മാവിന് ശാശ്വതപ്രചോദനം തരുന്നു. ആനന്ദവും സുഖവും ചേർക്കുന്നു. ഇന്ദ്രാണി കോസ്മിക്ക് ശക്തിക്ക് വിപരീതമായി പ്രവർത്തിക്കുന്ന ഉഗ്രശക്തിയാണ്. ചാമുണ്ഡി ശ്രദ്ധയാൽ ബോധം തരുന്നവളാണ്. 10ആം നൂറ്റാണ്ടിലെ വട്ടെഴുത്ത് (തുപ്രങ്ങോട്ട്) മാതൃക്കൾക്കുള്ള വഴിപാടിനെ പറയുന്നു.

കാവ് ആവാസവ്യവസ്ഥയാണ്. . പ്രകൃതിസംരക്ഷണം ഇതിലൂടെ നടക്കുന്നു. . ഓരോ തറവാട്ടിലും തെക്കുപടിഞ്ഞാറെ മൂലക്ക് നാഗക്കാവും കുളവും കാണാം. . വനദുർഗ്ഗാ-ത്വരിതാ -കിരാതി ശബരിരൂപമായി കുലദേവതയെ അവിടെ പ്രതിഷ്ഠിക്കുന്നു. നൂറും പാലും കൊടുക്കുന്നു. . സൌമ്യരൂപമാണ്. . വളരെ വേഗം സർവ്വാശകളും സാധിപ്പിച്ചുതരുന്നവളാണ്. കേരളത്തിലെ കുണ്ഡലിനിപ്പാട്ടും നാഗക്കാവും തമിഴകത്തല്ലാതെ മറ്റു പ്രദേശങ്ങളിലില്ല. . കുണ്ഡലിനിപ്പാട്ട്-മൂന്നര ചുറ്റുള്ള കുണ്ഡലിനിയുടെ തോറ്റം. - ആരാധന തമിഴകത്ത് മുഴുവനുമുണ്ട്. അനന്തനും വാസുകിയും സഹോദരന്മാരായ നാഗകന്യക.യായ പത്മാവതിയുടെ. അമ

ഠധ്യാനം അദ്വൈതമാണ്. . പാശുപതവുമായി ബ ന്ധമുള്ള(.ഉദാ കാടാമ്പുഴ) വനദുർഗ്ഗക്ക് കിരാതിരൂ പമാണ്. വേഷം ശബരി(കിരാതി) ധ്യാന ശ്ലോകം ദേവിയുടെ ലളിതാധ്യാനം(ശാരദാതിലകതന്ത്രം പട ലം 10 ഋഷി അർജ്ജുനൻ. അമഠശ്രീമന്ത്രത്തിന് ഋഷി ലക്ഷ്മീനാരായണനാണ്. കാടാമ്പുഴയിൽ നാലുവശത്തേക്കു മുഖമുള്ള ശില. നൃസിംഹം, സുദർശനം (തെക്ക് വടക്ക്), ത്രിപുരസുന്ദരി, മൃത്യു ഞ്ജയചൈതന്യം ഉള്ളതാണ്. ശാരദാതിലകത്തിലെ ത്വരിതാചൈതന്യമാണ് ഈ ശിലയിലും കാണുന്നത്. .കുലദേവതയെ ആരാധിക്കുന്ന. ഓരോ കുലത്തിലും ജ്ഞാനി, ജ്ഞാനം, ജ്ഞാതൃവസ്തുക്കളുടെ അദ്വൈതം സംഭവിക്കുന്നു. ആ കുലാമൃതൈകരസിക കൌലി നിയായ കാളി. അവളാണ് ത്രിപുടി മുടിച്ചു തരുന്ന ത്. കു ഭൂമി, പൃഥ്വി. ലം ജലം. ഇവ കൂടാതെ ജീവജാലത്തിന് ജീവിക്കാനാവില്ല. അപ്രകാരമുള്ള ജീവസമൂഹം മൂലം എല്ലാ നാഡീസംവേദനവും സഹസ്രാരത്തിലെത്തിച്ച് അമൃതരസം പ്രവഹി പ്പിക്കുന്നു. അതിനെ രസിക്കുന്ന സർവ്വജ്ഞയാണ് കുലദേവത. കുണ്ഡലിനീരൂപത്തിൽ ശരീരത്തിൽ മേരുദണ്ഡത്തിൽ ചുരുണ്ടിരിക്കുന്നവൾ. സഹസ്രാ രമെന്ന അകുലത്തിലേക്ക് ത്വരിതമായി എത്തിക്കു ന്നവൾ. കുലകുണ്ഡലിനിയായ അവൾ കുലസങ്കേ തപാലിനിയാണ്. കുലഗുരുക്കന്മാരുടെ ആശ്രമങ്ങ ളിലെ പഠനമെന്ന കുലധർമ്മവും അവളിലാണ് സുരക്ഷിതം. കുലധർമ്മവും കുലമാർഗ്ഗവും പാലി ക്കുന്ന അവളുടെ ഉപാസന കൌലം. ശ്രീവിദ്യാരാ

ധനയും ഈ കുലധർമ്മമാർഗ്ഗം തന്നെയാണ്. അവ
യെ രണ്ടെന്ന് വിചാരിക്കുന്നത് ശരിയല്ല. കുശലാ
കോമളാകാരാ കുരുകുല്ലാ മഹേശ്വരീ
കുലകുണ്ഡാലയാ കൌലമാർഗ്ഗതൽപ്പരസേവിതാ .
(ബ്രഹ്മാണ്ഡപുരാണം). മൂന്നേക്കാൽ കോടി നാഡിക
ളുടെ സംവേദനം ബ്രഹ്മനാഡി എന്ന സുഷുമ്നയി
ലൂടെ സംഭവിക്കുന്നുണ്ട്. അഗ്നിരൂപമായ സുഷു
മ്നയാണ് പരാവാക്ക് എന്ന സരസ്വതി.(ബ്രാഹ്മി).
ഇഡപിംഗളകളാകുന്ന ഗംഗായമുനകളോടെ ഈ
മുക്തത്രിവേണി ആജ്ഞാചക്രത്തിൽ ഒന്നിച്ചുചേരുന്നു
നാഗമിഥുനം പോലെ. അവിടെ ഹ ക്ഷ തേജോമയ
മായി ഹംസരൂപികളായ ശിവശക്തികളായി ഇരി
ക്കുന്നിടത്ത് പര അഥവാ സിദ്ധകാളി ജ്വലിക്കുന്നു.
അവിടത്തെ ത്രികോണത്തിൽ ത്രിമൂർത്തിശക്തികളും
ഇരുന്ന് നാലുവർണ്ണത്തിനും ദീക്ഷ തരുന്നു. ശാംബ
വോപായം പ്രൌഢസാധകർക്ക് ഉത്തമം. ശാക്തോ
പായം അതിനേക്കാളും താഴെയാണ്. ആന്തരം
ബാഹ്യം എന്ന് രണ്ടു വിധം ജ്ഞാനോപായത്താൽ
പ്രതിഭാജ്ഞാനം മന്ത്രജ്ഞാനം ഇവ തരുന്നു.
ആണവോപായം സ്ഥൂലമാണ്. പ്രാണായാമം ഇഷ്ട
ദേവതാപൂജ, വിഗ്രഹാരാധന ഇവയാണ്. ഇവയെ
ല്ലാം കളങ്കം നീക്കാനാണ്. അനുത്തരോപായം
അനുപായമാണ്. ആനന്ദോപായമാണ്. ഒരു ഉപാ
യവും കൂടാതെ സ്വാഭാവികമായി സ്വപ്നത്തിലോ
ധ്യാനത്തിലോ സിദ്ധപുരുഷദർശനവും പരാവാക്കും
കേൾക്കുന്നതാണ് ഇതിന്റെ ലക്ഷണം, അപ്രകാരം
നേരിട്ട് ദേവിയിൽനിന്നാണ് ശക്തിപാതം. ദേവി
തന്നെയാണ് ഗുരു. .

സപ്തമാതൃകകളുള്ളതോ ഇല്ലാത്തതോ ആയ ക്ഷേത്രങ്ങൾ (ആന്ത്രപ്പോമോർഫി).കേരളത്തിലുണ്ട്. ഇവയിൽ 13 എണ്ണം ചാമുണ്ഡയുടെ രുരുജിത്ത് വിധാനമുള്ളവയും സപ്തമാതൃകാവിഗ്രഹങ്ങളും പ്രത്യേകവാസ്തുവിധാനവും ഉള്ളതുമാണ്. കോഴിക്കോട് സർവ്വകലാശാലയിലെ ആര്യ എന്ന ഗവേഷണവിദ്യാർത്ഥിനി 36 ക്ഷേത്രങ്ങളിൽ സപ്തമാതൃകകളുടെ വിഗ്രഹമുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവയില് ആമേടം സപ്തമാതൃകാക്ഷേത്രമെന്ന നാഗക്കാവ് ശ്രദ്ധയർഹിക്കുന്നു. നാമത്തിൽനിന്നു തന്നെ പ്രാചീനമായ അമഠധ്യാനം (അമഠത്ത് കാവ്) ഇവിടെ ഉണ്ടായിരുന്നതായി ഊഹിക്കാം. 13 എണ്ണത്തിലേ രുരുജിത്ത് വിധാനം ഉള്ളു. മലബാറിൽ മാത്രം ഈ 36ൽ പെടാത്ത 13 ക്ഷേത്രം സപ്തമാതൃകകളോടുകൂടി എനിക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. അവ ദാരുജിത്ത് ഇനത്തിലാണ്. രുരുജിത്ത്. ശ്രീവിദ്യാപദ്ധതിയിൽ, ശ്രീവിദ്യാദീക്ഷയോടെ കാലസങ്കർഷിണി സങ്കൽപ്പത്തിലാണ് ക്രമകാളികളെ പൂജിക്കുന്നത്. രുരുജിത്തിന് വാസ്തുവ്യത്യാസമുണ്ട്. വരാഹപുരാണത്തിൽ രുരുജിത്ത് എന്ന് വിളിക്കുന്നത് ചാമുണ്ഡിയെയാണ്. വായുപുരാണം അംബികയിൽനിന്നുണ്ടായ രണ്ട് ശക്തികളായി കൃഷ്ണ(കാളി) ഗൌരി പാർവ്വതി) ഇവരെ പറയുന്നു. കാളി ജലാധിഷ്ഠിതയായി കടലോരത്തും ഗൌരി ഹിമാലയത്തിലും പിറന്നു. കടലോരത്തെ കറുത്ത കാളിയുടെ ആരാധന തെക്കേ ഇന്ത്യയിലെ ആരാധനാക്രമമാണ്. കിരാതവർഗ്ഗത്തിന്റെ ആരാധനയാണ്. ഇത് കേരളത്തിൽ ഉണ്ട്. .

പ്രധാനമായും ദാരികജിത്തോ മഹിഷാസുരജി ത്തോ ആയ ഭദ്രകാളീക്ഷേത്രങ്ങൾ. കേരളത്തിലുണ്ട്. കളരികളിലാണ് ഭദ്രകാളീപ്രതിഷ്ഠ. തറവാട്ടുമച്ചി ലാണ് പരദേവതയായ മുത്തശ്ശിക്കാളി. കണ്ടനും കാളിയും മൂഷകവംശത്തിലെ ചിറകളിലെ മുതല കളുടെ പേരും അവിടത്തെ മൂത്ത പുരുഷനും സ്ത്രീയും ധരിക്കുന്ന പേരുമാണ്. കൊച്ചി പാലിയം കീഴിലുള്ള ഇരുനിലങ്കോട്ട് ഒരു കണ്ടൻകാളീപ്രതി ഷ്ഠ കാണാം. (കണ്ടൻകാളിയും മൂഷകവംശവും. മുതല, സൈന്ധവസംസ്കൃതിയിലെ മുതല, മുതലമ ടയിലെ ശില മേലുള്ള ക്യുപ്പൂളുകളിലെ മുതല ചിത്രം ഇവ നോക്കുക) ബാലാത്ര്യക്ഷരി, ശ്രീവി ദ്യാപദ്ധതി ബാലാദീക്ഷ ഇവയാണ് ദാരു, അഥവാ ദാരികജിത്തിന്. കാട്ടകാമ്പാൽ ക്ഷേത്രത്തിലെ ബാ ലാപ്രതിഷ്ഠയോടുകൂടിയുള്ള കാളി ദാരികജിത്താ ണ്. ഈ പാശുപതസമ്പ്രദായത്തിലുള്ള കാളി 5ആം നൂറ്റാണ്ടിനുമുമ്പേ ജാവയിലും മറ്റ് ദ്വീപങ്ങളിലും എത്തിയിട്ടുണ്ട്. പരാത്രിശിഖാവിവരണത്തിൽ, പൃ ഥിയാകുന്ന ബ്രഹ്മാണ്ഡം ദാരികന്മാരാൽ വ്യാപിച്ചി രിക്കുന്നു പൃഥിയിലുള്ള ഒരേ വർണ്ണം ക്ഷ. ക്ഷപ ദം, ക്ഷമന്ത്രം. പ്രകാശം ഇരുട്ടിനോടും ബിംബം പ്ര തിബിംബത്തോടും ഇന്ദ്രിയാതീതം ലൌകികത്തോ ടും യുദ്ധം ചെയ്യുന്നതാണ് കാളിദാരികയുദ്ധം. നിർവ്വികൽപമായ പരാവാക്ക് കാളി, സവികൽപ്പ മായ ലൌകികീവാക്ക് ദാരികൻ. ലൌകികീവാക്ക് എന്നാൽ പ്രാദേശികവാക്ക് പ്രാകൃതഭാഷ എന്നല്ല, ലൌകികവിഷയങ്ങളെ കുറിച്ചുള്ള വൃഥാ സംഭാ ഷണമെന്നാണ് അർത്ഥം. അതിനെ നശിപ്പിച്ച് അ ലൌകികതലത്തിലെ വിഷയങ്ങളിലേക്ക് നയിക്കുന്ന വളാണ് കാളി.

എല്ലാ ക്ഷേത്രത്തിലും. ചെറിയ ബലിക്കല്ലിന്റെ രൂപ മുള്ള സപ്തമാതൃകകളുണ്ട്. ഇത് ക്ഷേത്രത്തെ മേരുവായും പ്രദക്ഷിണവഴിയെ ഭൂപുരമായും സങ്ക ൽപ്പിച്ചാണ് വിധാനം ചെയ്തിരിക്കുന്നത്. പരാ പരമന്ത്രാംഗങ്ങളാണ് 8 യോഗിനികളായ മാതൃക ൾ. (പരാത്രിശിഖാവിവരണം). ബ്രാഹ്മി (സരസ്വതി) മുതൽ ചാമുണ്ഡി വരെ. 8നെ 8 കൊണ്ട് ഗുണിച്ച് 64 യോഗിനീഗണം. ത്രിശൂലത്തിന്റെ നടുവിലെ മുന ഹൃദയബീജമായ സൌ അനുത്തരാവസ്ഥ തരുന്നു. പരമവ്യോമമെന്ന ബോധത്തിൽ സ്വതന്ത്രസഞ്ചാരി ണിയായ ഖേചരി അവിടെ ഖേചരീസമതയും ശി വോഹമെന്ന ബോധവും തരുന്നു. ലോകാനുഗ്രഹ കാരണമായ പരാവാക്ക് ബോധോദയത്തോടെ സർവ്വജ്ഞാനവും സ്വാഭാവികമായി തരുന്നു. മൂലാ ധാരം മുതല് ദ്വാദശാന്തം വരെ ഖേചരി സഞ്ചരി ക്കുന്നു. ശങ്കകളില്ലാത്തവൻ, ഒരാചാരത്താലും ബദ്ധ നല്ല. ദേഹസ്ഥിതനെങ്കിലും ഈ ദേഹമല്ല എന്ന ഭാവന ഉറച്ചവരെ ഏതു ബന്ധനമാണ് തീണ്ടുക. ബുദ്ധി കൂടുതലുള്ളവർക്ക് ധ്യാനം ധാരണ സമാധി അനുഭവം. അൽപ്പം കുറഞ്ഞവർക്ക് ഉച്ചാരണം, സ്ഥൂലവും സൂക്ഷ്മവുമായ പ്രാണവർണ്ണാത്മക മായത്. ശരീരാഭിമാനമുള്ളവർക്ക് ബാഹ്യപൂജ, ആസനം മുദ്ര മുതലായവ. ഇപ്രകാരമാണ് മൂന്നു മാർഗ്ഗം.

7 നദി വേദത്തിൽ 7 അഗ്നിജിഹ്വ. 7 ഋഷി, 7 മാതൃ ക്കളെന്ന കണക്കിലാണ് വിധാനം. . യുപിയിൽ സ്വയംഭൂ ശിലകൾ വേട്ടക്കാരും വനവിഭവം ശേഖ രിക്കുന്നവരും കണ്ടെത്തിയത് ആയുധം തട്ടി രക്തം

വന്നിട്ടാണെന്ന കഥ വ്യാപകമാണ്. ചെറുമി പുല്ല രിഞ്ഞ് രക്തം കണ്ട് സ്വയംഭൂശില കണ്ടെത്തിയ കഥ കേരളത്തിലും സർവ്വസാധാരണമായി കാണാം. (ജലസമ്പർക്കം കൊണ്ട് ഇരുമ്പയിർ ചുവന്ന ദ്രവ മായി ഒഴുകിയതാണ് രക്തമായി തെറ്റിദ്ധരിക്കപ്പെ ട്ടത്. ഇത് ശിലയുടെ പഴക്കത്തിനും നിദാനമാണ്).

യോഗിനീപീഠം കിഴക്കെ ഇന്ത്യയിൽ (കാമാഖ്യാ പുരം) കിരാതരാണ് ഉണ്ടാക്കിയതെന്നാണ് വിശ്വാ സം. രാമായണം പറയുന്നത് കടലോരത്തുനിന്ന് ഇന്ത്യ മുഴുവനും വ്യാപിച്ചവരാണ് കിരാതവർഗ്ഗം. എന്നാണ്. മെഗാസ്തനീസും ഇന്ത്യയിലെ ആദിമവം ശം കിരാതവംശമെന്ന് പറയുന്നു.

രുരുജിത്ത് ക്രമമുള്ള 13 കാവുകളെ കേരളത്തിൽ എല്ലാവർക്കും അറിയാം. അവ ക്ഷത്രിയരുടെ (ചക്രവർത്തി) ആരാധനാകേന്ദ്രങ്ങളാണ്. ഇത്തരം മദ്ധ്യമാരാധന യുദ്ധം ചെയ്യുന്ന ക്ഷത്രിയർക്കുള്ള താണ് ഇവയും ചേർത്ത് 36 സപ്തമാതൃകാകേന്ദ്ര ങ്ങളെ കോഴിക്കോട് യൂണിവേഴ്സിറ്റിയിലെ റിസർച്ച് വിദ്യാർത്ഥിനി ആര്യ രേഖപ്പെടുത്തിയി ട്ടുണ്ട്. ഇവയിൽ ആമോഠ സപ്തമാതൃകാനാഗക്കാവ് ശ്രദ്ധ അർഹിക്കുന്നു. നാഗദേവതയായ പത്മാവതി യുടെ പ്രയോഗമായ അമഠശ്രീമന്ത്രത്തിന്റെ പേരാണ് ഈ കാവിനെന്നത് വളരെ ശ്രദ്ധേയമാണ്. ഈ 36 കൂടാതെ 13 എണ്ണം മലബാറിലെ ക്ഷേത്രങ്ങളുടെ പഠനവേളയിൽ എനിക്കും കാണാനായി. അങ്ങനെ നിലവിൽ 49 സപ്തമാതൃകക്കാവുകളേ ഇപ്പോൾ

കണ്ടെത്തിയിട്ടുള്ളു. ഇതിൽ 13 മാത്രമാണ് രുരു ജിത്ത്.

ലകുലീശ്വരനും ശൈവാഗമവും ചരിത്രവും

പൂക്കാട്ടിയൂരിലെ ലിഖിതത്തിൽ കണ്ട ലകുലീശ്വരനാമം ശൈവസിദ്ധാന്തചരിത്രവഴികളിലൂടെ എന്നെ ഏറെ നടത്തി. എഡി രണ്ട് മൂന്ന് നൂറ്റാണ്ടിൽതന്നെ ലകുലീശ്വരവിഗ്രഹം ഇന്ത്യയിലുണ്ട്.

महाकालश्च शूली च डंडी मुण्डीश एव च ।

सविष्णुस्सोमशर्मा च लकुलीश्वर एव च ॥ ५ ॥

mahākālaśca śūlī ca ḍaṃḍī muṇḍīśa eva ca |

saviṣṇussomaśarmā ca lakulīśvara eva ca | (ശിവപുരാണം)

.

തന്ത്രസാരത്തിൽ അഭിനവഗുപ്തൻ:
ജലതത്വത്തിന്റെ 8 പതികളിൽ ഒരാളാണ് ലകുലീശൻ എന്ന ആദ്യത്തെ പാശുപത സമ്പ്രദായഗുരു. ലഗുഡി ധരിച്ച ഈ ഗുരു യോഗവും പാശുപതവും പഠിപ്പിച്ചു.(സ്കന്ദപുരാണം) അനന്തേശനായ ഇദ്ദേഹം അഭിനവഗുപ്തൻ കാശ്മീരഗുരു എന്ന് വിളിക്കുന്ന ശ്രീകണ്ഠനും ഗുരുവാണ്. ലഗുഡി ധരിച്ച അനന്തേശ്വരനാണ് മഴൂരിലെ ബലഭദ്രസ്വാമി. (നാഗം)



ലകുലീശൻ
(മഥുരയിലെ കിണറിലെ സ്തംഭം. ഗുപ്തകാലം)

ലകുലീശക്ഷേത്രം ചമ്പാനീർ പാവ്ഘട്ട് ഗുജറാത്ത്.

അനന്തലകുലീശ്വരൻ കേരളത്തിലെ തിരുവട്ടാറി ൽനിന്ന് .(ചിത്രം അനന്തേശ്വരലകുലീശ്വരവിഗ്രഹം. കേരളം)



മഴൂരിലെ ബലഭദ്രസ്വാമി. (ലഗുഡി കയ്യിൽ)

ഗുപ്തകാലത്തെ കിണറ്റിലെ എപ്പിഗ്രാഫി. എഡി 2-3 നൂറ്റാണ്ടിൽ കുശികനിൽനിന്ന് 10ആം തലമുറ ഉദിതാചാര്യനെ പറയുന്നു. ലകുലേശന്റെ നാലു പ്രധാനശിഷ്യരിൽ ഒരാൾ ചേദിയിലെ കാരൂഷകനാണ്. കാരൂഷകരാണ് കേരളത്തിലെ പ്രജകളും രാജാക്കന്മാരും (ചേദിരായർ). കിരാതി ത്വരിത അവരുടെ കുല, ഗ്രാമ ദേവതയാണ്. ഓരോ കുലത്തിനും ഗൂഢകുലാചാരങ്ങളുണ്ട്. ധർമ്മമുണ്ട്. ധർമ്മോ അസ്മദ് കുലദേവതാ . ധർമ്മദേവതയായ നാഗങ്ങളായി അവൾ നാഗക്കാവിൽ പ്രത്യക്ഷമാവുന്നു (അറം ധർമ്മം) നാഗം കൃഷി. ജല സമൃദ്ധി, വംശവൃദ്ധി ഇവയുടെ സിംബലും ആയുർവ്വേദസിംബലും (കുണ്ഡലിനി) ആയി കേരളത്തിലും തെക്കേ ഇന്ത്യ മുഴുവനും നാഗദേവത ആരാധിക്കപ്പെടുന്നു.

വിജ്ഞാനഭൈരവം പരാശക്തിയുടെ ക്ഷേത്രം കുണ്ഡലിനിയാണെന്ന് പറയുന്നത് ശരീരത്തിലും കാവിലും കാണുന്ന ത്വരിതയെ സംബന്ധിച്ചും ശരിയാണ്. 16 മഹാനിത്യകളിൽ 9ആം നിത്യയാണ് ത്വരിത.

ധ്യാനത്തിലും സ്വപ്നത്തിലും ശിവപ്രത്യക്ഷവും ജ്ഞാനവും കൌലത്തിൽ സംഭവിക്കുന്നു. ക്രമേശ്വരി കാലസങ്കർഷിണി. പുഷ്പേ ഗന്ധസ്തിലേ തൈലം ദേഹേ ജീവോ ജലേ അമൃതം കുലം അന്തപ്രതിഷ്ഠിതം . അത് ബാഹ്യമല്ല, ആന്തരജ്ഞാനമാണ്. ദിവ്യശബ്ദഗ്രഹണം ആഗമം) ധൃതവിമർശം (മനനം ജ്ഞാനം ബോധം) ഇവ തരുന്നത് അവളാണ്.

സൂക്ഷ്മവും നിത്യവും അതീന്ദ്രിയവുമായ വാക്കിന്റെ രാശി എല്ലാ ജീവനിലുമുണ്ട്. നമുക്ക് അത് പ്രത്യക്ഷമാവുന്നത് നമ്മുടെ അർഹത അനുസരിച്ചാണ്. ഇന്ത്യയിലെ കാളീസമ്പ്രദായം വാക്കിന്റെ അഭിവ്യക്തിയായ വിദ്യാസമ്പ്രദായമാണ്. വാക്കാണ് വിദ്യയും കാളിയും അഗ്നിയുമായി നമ്മിലിരിക്കുന്ന അഗ്നിജിഹ്വാ സരസ്വതി. കാമരൂപം പൂർണ്ണഗിരി കാഞ്ചി ഇവയെ പ്രധാന ശക്തിപീഠമായും കാശ്മീരിനെയും ജാലന്ധരത്തേയും ഉപപീഠമായും കരുതുന്നത് കാമരൂപ, പൂർണ്ണഗിരിപീഠങ്ങളിലാണ് കാളിസമ്പ്രദായം ആദ്യം ഉണ്ടായതെന്നതുകൊണ്ടാണ്.

കാലചക്രതന്ത്രം എന്ന ശ്രീയന്ത്രരഹസ്യം ആദ്യം പഠിപ്പിച്ചത് വ്യാസൻ. കാലചക്രതന്ത്രത്തിലാണ് യോഗിനീതന്ത്രം വരുന്നത്. കാലചക്രവിധാനം വൈദികമായ കാലസുദർശനചക്രമാണ്.ഇത് താന്ത്രികമാ

യ ശ്രീചക്രാരാധനയായി പിന്നീട് പരിണമിച്ചു. അഭിനവഗുപ്തകാലം മേൽപ്പറഞ്ഞ ശ്ക്തിആരാധ നാകാലത്തിന് എത്രയോ കാലം കഴിഞ്ഞാണ്. ശൈ വശാക്താരാധനക്ക് അദ്വൈതത്തിന്റെ ഫിലോസഫി നൽകിയതാണ് അദ്ദേഹം ചെയ്ത സംഭാവന.ക്രിയ, ചര്യ,യോഗം, അനുത്തരം എന്ന് നാലുള്ളതിനെ അഭിനവഗുപ്തൻ യോഗവും അനുത്തരവുമാക്കി പരിഷ്കരിച്ചു. (ക്രിയ,ചര്യകളെ ഇല്ലാതാക്കി) 0

അഭിനവഗുപ്തന്റെ പൂർവ്വികർ ഗംഗായമുനാസമ തലത്തിലെ മദ്ധ്യദേശത്തുനിന്ന് കാശ്മീരിലേക്ക് വന്നവരാണ്. 795ൽ കാനൂജിൽനിന്ന് ലളിതാദിത്യൻ അത്രിഗുപ്തനെ പ്രവരപുരത്ത് കൊണ്ടുവന്നു 150 വർഷം കഴിഞ്ഞ് വരാഹഗുപ്തൻ- നരസിംഹ ഗു പ്തൻ- അഭിനവഗുപ്തൻ.

പരമ്പരഃ-അത്രി- സോമ, ദുർവ്വാസാ, ദത്താത്രേയൻ എന്ന് മൂന്നുപേർ. സോമൻ ചന്ദ്രവംശസ്ഥാപകനായ സോമേശ്വരൻ. ദത്താത്രേയൻ ഹൈഹയയാദവരുടെ ഗുരു. ദുർവ്വാസാവ് തുർവ്വശുക്കളുടെ ഗുരു. ദുർവ്വാസാവ് ശൈവാഗമത്തെ അദ്വൈതം, ദ്വൈതം, ദ്വൈതാദ്വൈതം എന്ന് മൂന്നാക്കി.

അദ്വൈതം- ത്ര്യംബകൻ (ത്രിക,ക്രമം,പ്രത്യഭിജ്ഞ). ത്ര്യബകപുത്രിയിൽനിന്ന് അർദ്ധത്ര്യംബകശാഖ ഉണ്ടായി. (അഭിനവഗുപ്തന് അനുഭൂതി കൊടുത്ത ശംഭുവിന്റെ ശാഖ)

ദ്വൈതം ആമർദ്ദകൻ കദംബവനത്തിലെ ചാലൂക്യ രുടെ ശാഖയിലാണ് ഇദ്ദേഹം ജനിച്ചത്. (ശാഖ താഴെ കാണുക) ദ്വൈതാദ്വൈതം ശ്രീനാഥൻ.

അഭിനവഗുപ്തന് അനുഭവം തന്ന ശംഭുനാഥൻ പഞ്ചാബിലെ ജാലന്ധരപീഠത്തിൽനിന്നാണ് കാശ്മീരിലെത്തിയത്. അദ്ദേഹത്തിന്റെ ഗുരു സുമതി പഞ്ചസ്രോതസ്സിലും പാശുപതഅതിമാർഗ്ഗത്തിലും ജ്ഞാനിയായിരുന്നു. അദ്ദേഹം വന്നത് വളരെ പുണ്യപുരാതനമായ ദക്ഷിണേന്ത്യയിലെ നാട്ടിൽനിന്നാണ്.ഇദ്ദേഹം കേരളമൂഷകവംശത്തിലാണ് കാണുന്നത്. ഹൈഹയമൂഷകശാഖയിൽ കാർത്തവീര്യാർജ്ജുനപുത്രനായ ഇരാമഘടമൂഷകൻ 24ആം നാമമാണ്. 99ആം നാമമാണ് സുമതിയുടേത്. അദ്ദേഹത്തിന്റെ 5ആം തലമുയാണ് കൊടുങ്ങല്ലൂരിൽ രണ്ടാം മഹോദയപുരം നിർമ്മിച്ച മഹേന്ദ്രവർമ്മനെന്ന മാക്കോത. 108ആം നാമം ദക്ഷിണാപഥേശ്വരനായ ഈശാനവർമ്മന്റേതാണ്. പിന്നെ ചോള, ചേരരാജാവായ ചെങ്കുട്ടുവനും ചേദിരാജാവായ പാലകനും ഭരിച്ചു. (രണ്ടുപേരും ഈശാനവർമ്മപുത്രന്മാരാണ്. അതായത് അഭിനവഗുപ്തന്റെ ഗുരുക്കന്മാരെല്ലാം തെക്കെ ഇന്ത്യയിൽനിന്നും മദ്ധ്യേന്ത്യയിൽനിന്നുമാണ്. കാശ്മീരത്തിൽനിന്നല്ല.

മഥുരയിലെ ലകുലീശവിഗ്രഹം (കിണറ്റിൽനിന്ന് ലഭിച്ചത്) ഗുപ്തകാലത്തുള്ളതാണ്. അതിന്നുശേഷമുള്ള കിഴക്കേ ഇന്ത്യയിലേയും മദ്ധ്യദേശത്തേയും ശൈവാചാര്യസാമ്രാജ്യത്തിന്റെ തുടർച്ചയെ രൂപേന്ദ്രകുമാർ ചതോപാദ്ധ്യായയും ശുഭ മജുംദാറും പടിഞ്ഞാറൻ മിഡ്നാപൂരിലെ മൊഗൾമണി പ്രദേശത്ത് പഠിച്ചിട്ടുണ്ട്. മദ്ധ്യേന്ത്യ, മഹാനദി-വൈതരണി താഴ്വര, (ഛട്ടിസ് ഘർ, ഒറീസ) വിന്ധ്യസമതലം, തെക്കേ ബീഹാറിലെ സമതലം, ജാർഖണ്ഡ്, ഗംഗാ താഴ്വര (പടിഞ്ഞാറെ ബംഗാൾ) ഇവിടെയെല്ലാം ഗുപ്തകാലത്തിനു ശേഷമുള്ള ശൈവാരാധനാ

കേന്ദ്രങ്ങളുണ്ട്. വാകാടകകാലത്ത് വിന്ധ്യാനിര കളിൽ പല ലിഖിതങ്ങളിലും ഇതിനു തെളിവുണ്ട്. വാകാടക, ചന്ദേല, പരമാര,പ്രതിഹാര,കാലചൂരി കാലത്ത് ഇവ കാണാനുണ്ട്. കാലചൂരിയിലെ മത്തമയൂരി സംഘം 9 മുതൽ 13ആം നൂറ്റാണ്ടു വരെ കാണുന്നു. കേരളത്തിലെ കൊടുങ്ങല്ലൂരാകട്ടെ ഇതിന്നെത്രയോ മുമ്പേ ശൈവാരാധനാകേന്ദ്രമാണ്.

മദ്ധ്യേന്ത്യയിലെ കാലചൂരികൾഃ- തെക്കൻകോസല ത്തിലെ ത്രിപുരി, രത്നപുരി എന്നിവിടങ്ങളിൽ ശൈവാചാര്യമഠങ്ങളും പരമ്പരകളും ധാരാളമുണ്ട്. ഛട്ടിസ്ഗാർഹ്, വെസ്റ്റ് ബംഗാൾ, ഒറീസ ലിഖിതങ്ങ ളിലും ഇവരെ പരാമർശിക്കുന്നു. കിഴക്കേ ഇന്ത്യ യിലെ പുരാതനമായ ലിഖിതം അഭിനവഗുപ്തന് എത്രയോ മുമ്പാണ്. ഒറീസയിലെ നടരാജ ബിംബ ത്തിന് (6ആം നൂറ്റാണ്ട്) താഴെ 13 വരിയുള്ള ശത്രുഭഞ്ജനന്റെ ലിഖിതമുണ്ട്. വേറെ ഒരു നടരാജ വിഗ്രഹം വീണ വായിക്കുന്നതാണ്. ഇതിൽ ശത്രു ഭഞ്ജനനെ നാഗവംശോ എന്നും വിന്ധ്യാധിപതി എന്നും വിളിക്കുന്നു. ഛോട്ടാനാഗുപൂർ സമത ലത്തെ വിന്ധ്യവനം എന്നാണ് വിളിച്ചിരുന്നത്.

രാജാവ് ലക്ഷക്കണക്കിന് പശുക്കളെ പാടലീപുത്ര ത്തിലും ഗയയിലും ദാനം ചെയ്തതായി പറയുന്ന ലിഖിതം ലലാവര്ദ്ധന, പുണ്ഡ്രവർദ്ധന, വർദ്ധമാന, ഗോക്കാട്ടി (ഗോഹാത്തി), ഖദ്രാംഗ, **താമ്രലിപ്തിക ളേയും** പരാമര്ശിക്കുന്നു. ലക്ഷം ഹിരണ്യവും മറ്റു ദാനങ്ങളും ശത്രുഭഞ്ജനൻ ആഹിഛത്രകശം ഖകരമഠത്തിന് , യായക്ഷേശ്വരമണിഭദ്രമഠത്തിന് കൊടുത്തതായും പറയുന്നു. രാജാവ് ഭാരത,പുരാ

ണേതിഹാസ,വ്യാകരണ, സമീക്ഷ, ന്യായമീമാംസ,ഛന്ദസ്സുകളിലും വേദസാംഖ്യബൌദ്ധപ്രകരണങ്ങളിലും വിദ്വാനായിരുന്നു. 5, 6 നൂറ്റാണ്ടുകളിലെ ഈ രാജാവ് പല ക്ഷേത്രങ്ങൾക്കും മഠങ്ങൾക്കും ദാനം കൊടുത്തിരുന്നു.

ഉജ്ജയിനി തലസ്ഥാനമാക്കിയ മാൾവയിലെ കാലചുരി രാജാക്കന്മാർ (6ആം നൂറ്റാണ്ടിന്റെ മദ്ധ്യം) ആനന്ദനഗരം (ഗുജറാത്ത്), മാഹിഷ്മതി (നർമ്മദയിലെ മാന്ധാതാദ്വീപം) ഇവരുടെ ശാഖകളായി ഉത്തർപ്രദേശിലെ ഗോരഖ്പൂരിലുള്ളവർ തെക്കൻകോസലം (ഛട്ടിസ്ഘർ) ഝാർഖണ്ട്, ഒറീസ, പരമേശ്വരശിവനെ ആരാധിക്കുന്ന ഹൈഹയകാർത്തവീര്യവംശം ഇവരെ പറയുന്നു. കേരളത്തിലെ മൂഷകവംശവും ഹൈഹയകാർത്തികേയവംശമാണ്. നർമ്മദാതീരത്ത് നിരവധി ശൈവകേന്ദ്രങ്ങളുണ്ട്. മാഹിഷ്മതി, ഓങ്കാരേശ്വരം നീലകണ്ഠേശ്വരം ജ്യോതിർലിംഗക്ഷേത്രങ്ങളെന്നിവയേയും അവിടേക്കുള്ള ലകുലീശ്വരന്റെയും ത്രിപുരാന്തകന്റെയും യാത്രകളേയും നേരത്തെ വിവരിച്ചു. (എന്റെ ഭാരതം). കാലചുരിലിഖിതങ്ങളിൽ രേവാ ശോണാ തീരത്തെ മത്തമയൂരാശ്രമം പറയപ്പെടുന്നുണ്ട്. 9ആം നൂറ്റാണ്ടിലെ കാമൻ ശിലാലിഖിതത്തിൽ ഈ ആശ്രമം പറയുന്നു. 10-11 നൂറ്റാണ്ടുകളിൽ അവന്തിവർമ്മന്റെ തലസ്ഥാനത്തിന് മത്തമയൂരമഠം എന്നാണ് പേര്. അവന്തിവർമ്മൻ പുരന്ദരനെ (ഉപേന്ദ്രപുരവാസി) തലസ്ഥാനമായ മത്തമയൂരത്തിലേക്ക് വരുത്തി അദ്ദേഹത്തിൽനിന്ന് ദീക്ഷ സ്വീകരിച്ചു. റാണിഭദ്രയിലും മത്തമയൂരത്തിലും പുരന്ദരൻ മഠം

സ്ഥാപിച്ചു. അവന്തിവർമ്മകാലം 9ആം നൂറ്റാണ്ടാണ്. റാണോഡ് ലിഖിതം റാണിഭദ്രയിൽനിന്നാണ്. പുരന്ദരന്റെ ഗുരുപരമ്പര ഇതിലുണ്ട്.

കദംബവനത്തിലെ ഗുരുപരമ്പര(വനവാസികം)

1. കദംബഗുഹാധിനാഥൻ
2. ശംഖമതിമഠാധിപതി (ശത്രുഞ്ജയലിഖിതത്തിലെ അഹിച്ഛത്രശംഖമതിമഠം)
3. തേരംബിപാല
4. ആമർദ്ദകതീർത്ഥനാഥ (രുദ്രശിവ)
5. പുരന്ദര(മത്തമയൂരനാഥ) ഇത് മൂന്ന് ശാഖയായി പിരിഞ്ഞു.
6. കാദംബഗുഹ, അരണിഭദ്ര(റാണിഭദ്ര) , മധുമതി.

കാദബഹ	റാണിഭദ്ര	മധുമതി
8ധർമ്മശിവ	കവചശിവ	ധർമ്മശംഭു
9ശിഷ്യൻ	സദാശിവ	സദാശിവ
10	ഹൃദയശിവ	മധുമതേയപുരന്ദര
11	വ്യോമശിവ	ചൂഢാശിവ
12	പതംഗശംഭു	രണ്ടായിപിരിഞ്ഞു ബിൽഹാരിയും ഗൂർഗ്ഗിയും
13ബിൽഹാരി		ഗൂർഗ്ഗി
14ഹൃദയശവ		പ്രഭാശിവ
15അഘോര		പ്രശാന്തശിവ
16പവനശിവ		ഈശാനശിവ
17ശബ്ദശിവ		പ്രബോധശിവ
18ഈശ്വരശിവ		

19		

റാണിഭദ്രലിഖിതത്തിലെ 20 ശ്ലോകം മഠം പുനരുദ്ധരിക്കയും കുളം കുത്തിക്കയും ചെയ്ത വ്യോമശിവനെന്ന പണ്ഡിതനേയും അദ്ദേഹം കുഴിപ്പിച്ച കുളത്തേയും കുറിച്ചാണ്. ധരാനഗരത്തിലെ ജയസിംഹന്റെ മാന്ധാതാപ്ലേറ്റിൽ (1055-56) വ്യോമ കേശനായ ശിവനെ പറയുന്നു. ഗ്വാളിയോർ മ്യൂസിയം എപ്പിഗ്രാഫിൽ ആമർദ്ദകതീർത്ഥനാഥൻ രുദ്രശിവനുമുമ്പാണ്. വ്യോമശിവശിഷ്യൻ പതംഗശംഭുവാണ്

മഹാശിവഗുപ്ത ബാലാർജ്ജുനന്റെ (പാണ്ഡുവംശി കോസലം) സേനകപത് ലിഖിതത്തിൽ (590-650) ആമർദ്ദകസംഘമഠം സ്ഥാപിച്ചവരുടെ പേരുകൾ . ഇപ്രകാരമാണ്. ശിവാചാര്യ സദാശിവാചാര്യ, ശൂലപാണി, പ്രമഥാചാര്യ റാണോഡ് ലിഖിതം ആരംഭിക്കുന്നത് നടരാജനെ പ്രകീർത്തിച്ചാണ്. ശോണ, ബാണ എന്നീ നദികൾ രേവയിൽ ചേരുന്ന ബാംഗേൽഖണ്ഡിൽ, ചന്ദ്രേഹിഗ്രാമത്തിലെ ജീർണ്ണിച്ച ക്ഷേത്രത്തിലെ ലിഖിതത്തിൽ (മദ്ധ്യപ്രദേശിന്റെ വടക്കുകിഴക്ക്) പ്രബോധശിവൻ ഒരു നൂറ്റാണ്ടുമുമ്പ് തുടങ്ങിവെച്ച മഠവും ക്ഷേത്രവും പ്രശാന്തശിവൻ പൂർത്തിയാക്കി എന്ന് എഴുതിയിരിക്കുന്നു. 949 എഡി വരെ ഈ മഠവും ക്ഷേത്രവും പ്രവർത്തിച്ചിരുന്നു. 10ആം നൂറ്റാണ്ടിന്റെ തുടക്കത്തിൽ മത്തമയൂരന്മാർ ഇവിടെ വന്നു. ഭ്രമരമലയോരത്ത് പ്രശാന്തശിവൻ ആശ്രമമുണ്ടാക്കി ചുറ്റും പ്രിയാള മരം വെച്ചുപിടിപ്പിച്ചു. ശോണാസംഗമത്തിലെ ഈ

ആശ്രമത്തിലാണ് പ്രശാന്തശിവൻ മോക്ഷം പ്രാപി ച്ചത്. ഫലവും കിഴങ്ങും താമരയല്ലിയും മാത്രമാണ് അദ്ദേഹം ഭക്ഷിച്ചിരുന്നത്.

973ലാണ് പ്രബോധശിവൻ മഠം പൂർത്തിയാക്കിയ ത്. വലിയ ശിലാപാളി വെച്ച് രണ്ടുനിലയും നടു മുറ്റവും ചുറ്റും മുറികളുമുണ്ടായിരുന്നു. പുതിയ കുളവും കിണറും(സിന്ധു), ഗിരികളിലൂടെ റോഡ്, ചുറ്റും പുഴകളും വനവും ഉള്ള മനോഹരമായ മഠമായിരുന്നു. ചന്ദ്രഹേയിൽ വരുന്നതിനുമുമ്പ് പ്രശാന്തശിവൻ യുവരാജദേവ ൻ(915-45) സ്ഥാപിച്ച ഗുർഗ്ഗിമഠാധിപതിയായിരുന്നു. വാരാണസിയിലും അദ്ദേഹം ആശ്രമമുണ്ടാക്കി. ചന്ദ്രഹേലിഖിതത്തിൽ പുരന്ദരനാണ് വംശം ആരംഭിക്കുന്നത്. പ്രബോധശി വനു ശേഷം മധുമതീശ്വര ശിഖാശിവനെന്ന ചൂഡാ ശിവനാണ് മഠാധിപതി. ഗുർഗ്ഗി ലിഖിതത്തിൽ അദ്ദേഹം പ്രഭാവശിവന്റെ ഗുരുവാണ്.

കൈമൂറിലെ വിന്ധ്യാനിരകളിൽ തമസാതീരത്താണ് ശോണാരിമഠം. ബാഗേദി ശിവക്ഷേത്രത്തിനടുത്താണ്. 10ആം നൂറ്റാണ്ടിലേതാണ്. അമർഖണ്ഡക്കിലെ പുത ലേശ്വരക്ഷേത്രത്തിനു സദൃശമാണ് ഗർഭഗൃഹം. .ഗുർഗ്ഗി മഹാനദിയുടെ ഉത്ഭവസ്ഥാനത്താണ്. കിഴ ക്കൻ വിന്ധ്യനിരകളിൽ ചന്ദ്രഹേക്ക് സമീപമാണ്. ഗുർഗ്ഗിലിഖിതപ്രകാരം ശൈവസിദ്ധാന്തമഠങ്ങളി ലൊന്ന് മധുമതിയിലാണ്. പ്രബോധശിവലിഖിതമു ള്ള ഗൂർഗ്ഗിശിലാഫലകം ഗുർരാജ് ക്ഷേത്രത്തിൽനി ന്നാണ് കിട്ടിയത്. ആദ്യഭാഗം മത്തമയൂരിആചാര്യ ന്മാരുടെ

വംശാവലിയും രണ്ടാം ഭാഗം ത്രിപുരി യിലെ ഹൈഹയവംശാവലിയുമാണ്. ആചാര്യ ന്മാരുടെ ഭൂസ്വത്തും പറയുന്നു. മൂന്നാം ഭാഗം മത്തമയൂരന്മാരുടെ സംഘവും സൈദ്ധാന്തികരും മധുമതിയിലാണ് വസിക്കുന്നതെന്നും പറയുന്നു. അന്ന് ചേദിരാജ്യം യുവരാജദേവ 1 ഭരിക്കുന്നു. പ്രശാന്തശിവനാണ് അദ്ദേഹത്തിന്റെ ഗുരു. ശിവ ക്ഷേത്രം രാജകൊട്ടാരത്തിനടുത്താണ്. യുവരാജദേവ രണ്ടാമനും അദ്ദേഹത്തിനുശേഷം കോക്കല്ലദേവനും കൊടുത്ത ദാനങ്ങളും പറയുന്നു, ചെങ്കേതിശിലാലിഖിതം രണദേവപാലകാലത്താണ് (1043). അത് പ്രബോധശിവപ്രശസ്തിയാണ്. കോക്ക ല്ല രണ്ടാമന്റെ ഗുർഗ്ഗിലിഖിതം , യുവരാജാ 1, മത്തമയൂരസംഘത്തിലെ പ്രഭാവശിവന്റെ അനുയാ യിയാണെന്നും, മത്തമയൂരസംഘം പാശുപതത്തിലെ പഞ്ചാർത്ഥികമാർഗ്ഗമാണ് അനുഷ്ഠിക്കുന്നതെന്നും പറയുന്നുണ്ട്. ബെൽഹാരിലിഖിതം (കേയൂരവർഷ യുവരാജാ 1) പരമ്പര തരുന്നത് ഇപ്രകാരമാണ്.

രുദ്രശംഭു, മത്തമയൂരനാഥ, ധർമ്മശംഭു,സദാശിവ, മധുമതേയ, ചൂഡാശിവ, ഹൃദയശിവ അഘോരശി വ. രുദ്രശംഭുശിഷ്യപരമ്പര കദംബഗുഹയിൽ തുടർച്ചയായി ഉണ്ട്. മധുമതേയപവനശിലന്റെ മറ്റൊരു ശാഖ ശബ്ദശിവ,ഈശ്വരശിവശാഖയാണ്. യുവരാജാ 1ന്റെ പത്നി തോഹലാ രണ്ട് ഗ്രാമം ഈശ്വരശിവന് ദാനം ചെയ്തു. ബിൽഹാരിയിലെ ആഹലേശ്വരക്ഷേത്രം പണിയിച്ചു. പിന്നീട് ഹൃദയ ശിവശിഷ്യനായ അഘോരേശ്വരന് കൊടുത്തു. ലക്ഷ്മണരാജാ 2 ഈ രണ്ട് ആചാര്യരേയും ആദ

രിച്ചിരുന്നു. വൈദ്യനാഥക്ഷേത്രം അദ്ദേഹം ഹൃദയ ശിവന് കൊടുത്തു.

റാണപാലദേവന്റെ ബുധിചന്ദേരിലിഖിതം ധർമ്മ ശംഭുവിനെ പറയുന്നു. 525 എഡിയിൽത്തന്നെ മത്തമയൂരസംഘവും ശൈവസിദ്ധാന്തവും പുര ന്ദരൻ അവന്തിവർമ്മനെന്നിവരാൽ ഈ പ്രദേശ ങ്ങളിൽ സംരക്ഷിക്കപ്പെട്ടിരുന്നു. ഇത് അഭിനവഗു പ്തനു വളരെ മുമ്പാണ്. കാഠ്വാഹാലിഖിതം ഗ്വാളി യോറിലെ ഖജുരാഹോവിലെ മഠവും 15 ക്ഷേത്ര വും മദ്ധ്യപ്രദേശിലെ ഗുണജില്ലയിൽ ദാനംചെയ്തു. ശ്രീകണ്ഠൻ തപസ്സിന് ദാരുകവനം തെരഞ്ഞെടുത്ത പോലെയാണ് പുരന്ദരൻ അരണിപദം തെരഞ്ഞെടു ത്തത്. .പ്രതിഹാരരാജാ ഹരിരാജന്റെ ഗുരു ധർമ്മശിവനായിരുന്നു. കദ്വഹ കദംബവനവും റാണിഭദ്ര അരണിപദവുമാണ്. മൽക്കാപുരം ലിഖി തം ഗോളകീമഠാചാര്യന്മാർ ദുർവ്വാസാവംശത്തിലെ ശബ്ദാവശംഭുവും സോമശംഭുവും വാമശംഭുവുമാ ണെന്ന് പറയുന്നുണ്ട്. ഗയാകർണ്ണത്തെ തേവാർ ലിഖിതം(1123-53) പാശുപതാചാര്യനായ ഭാവബ്രഹ്മ ൻ പാതഞ്ജലയോഗാചാര്യനായ ഭവതേജസ്സിന്റെ ശിഷ്യനാണെന്ന് പറയുന്നു. രണ്ടുപേരും പഞ്ചാ ർത്ഥം അനുസരിച്ച് ജീവിച്ചു(കാര്യം, കാരണം, യോഗം, വിധി, ദുഃഖാന്തം) ഭാവബ്രഹ്മൻ നിർമ്മിച്ച ശിവക്ഷേത്രവും രഥോത്സവവും പ്രസിദ്ധമാണ്. ഭേരാഘട്ട് ലിഖിതം (നരസിംഹ 1153-63) അദ്ദേഹ ത്തിന്റെ അമ്മ അൽഹനാദേവി വൈദ്യനാഥേശ്വര ക്ഷേത്രവും മഠവും ഉണ്ടാക്കിയത് പറയുന്നു. മഠം ലാടവംശപരമ്പരയിലെ സന്യാസി രുദ്രരാശിയെ

ഏൽപ്പിച്ചു. റേവൽ പ്ലേറ്റ് (ത്രൈലോക്യമല്ല 1212) വാമദേവപദാനുയായിയാണ് താനെന്ന് പറയുന്നു. ദോവഹട്ടപട്ടണത്തിലെ അലീരഗ്രാമം വിത്തബന്ധ മായി (മോർട്ട്ഗേജ്) രാജഗുരു വിമലശിവപുത്രൻ ശാന്തശിവൻ കൊടുത്തതിനെ മറ്റൊരു പുത്രനായ നാദശിവൻ ഉറപ്പിച്ചതായി പറയുന്ന രേഖയാണ്. ശാന്തശിവനെ കലിയുഗത്തിലെ ദുർവ്വാസാവിന്റെ അവതാരമെന്നും പറയുന്നു. 1167ലെ ജയസിംഹന്റെ കോതാലിപ്ലേറ്റിലും വിമലശിവനാമം ഉണ്ട്. ത്രിപു രയിലെ രേവയിൽ കുളിച്ച് ഗുരു വിമലദേവന്നു മുന്നിൽ ഗ്രാമദാനം ചെയ്യുന്നു. വിമലശിവൻ ചന്ദ്ര ക്കലാധരനായ കീർത്തീശ്വരക്ഷേത്രം നിർമ്മിച്ചു (അദ്ദേഹത്തിന്റെ ഗുരുനാമത്തിൽ) ജയസിംഹൻ സൂര്യഗ്രഹണസമയത്ത് 3 ഗ്രാമം ഈ ക്ഷേത്രത്തിനു ദാനം ചെയ്തു. വാസ്തുശിവൻ, പുരുഷശിവൻ മുതലായ നാമങ്ങളുമുണ്ട്. കോതാലി ലിഖിത ത്തിൽ ശക്തിശിവ, ശിഷ്യനായ കീർത്തിശിവ, ഇവ രാണ് നരസിംഹന് ഐശ്വര്യം കൊടുത്തതെന്നും പറയുന്നു. വിമലശിവൻ വിശ്വാമിത്രഗോത്രമാണ്. (ജബൽപൂർ ലിഖിതം) പ്രഭാസം ഗോകർണ്ണം ഗയാ തീർത്ഥം എന്നിവിടങ്ങളിൽ യജ്ഞം നടത്തി. ആന്ധ്ര യിലെ ലിഖിതം ദാഹലമണ്ഡലത്തിലെ (ജബൽപൂർ) ശിവക്ഷേത്രമഠം പരാമർശിക്കുന്നു മാൽക്കപുരം ലിഖിതം കാലചുരിരാജാക്കന്മാരുടെ ഗുരുക്കന്മാർ വിശേശ്വരശംഭുവിന്റെ മുൻഗാമികളെന്ന് പറയുന്നു. ഈ ലിഖിതം രുദ്രാംബകാലത്താണ്(എഡി 1261) ഭാഗീരഥിക്കും നർമ്മദക്കും ഇടയിലുള്ള ദേശത്ത് യുവരാജാ 1 (കാലചുരി) ദുർവ്വാസാസമ്പ്രദായത്തി

ലെ ശബ്ദാവശംഭുവിന് 3 ലക്ഷം ഗ്രാമം ദാനം ചെയ്തു. അദ്ദേഹം ഗോളകീമഠം സ്ഥാപിച്ചു.
സോമശംഭു, വാമശംഭു, ശക്തിശംഭു, കീർത്തിശംഭു, വിമലശിവ, ധർമ്മശിവ, ധർമ്മശംഭു, വിശ്വേശ്വര ശിവശംഭു എന്നിവർ ആ മഠത്തിലെ മഠാധിപതികളായി ക്രമത്തിൽ സ്ഥാനം ഏറ്റു. വിശ്വേശ്വരശംഭുവിന്റെ പൂർവ്വഗ്രാമം ഗൌഡത്തിലെ ദക്ഷിണരാധയാണ്. അദ്ദേഹം കാകതീയഗണപതിയുടെ ഗുരുവാണ് (1199-1261) ചോള,മാളവ,കാലചുരി രാജാക്കന്മാരുടേയും ഗുരുവാണ്. കൃഷ്ണാനദിയുടെ തെക്കേക്കരയിലാണ് അദ്ദേഹം ഗോളകീമഠം സ്ഥാപിച്ചത്. കാകതീയഗണപതി മന്ദാരഗ്രാമം കൊടുത്തു. അദ്ദേഹത്തിന്റെ പുത്രി രുദ്രമാദേവി മന്ദാര ഗ്രാമവും വേലാകഷ്ഠിയും കൃഷ്ണദ്വീപും കൊടുത്തു. രുദ്രാംബകാലത്ത് (1260-91) മഠം നിര്മ്മിച്ചു. വാമശംഭു കാലചൂരി ഗാംഗേയന്റെ (1015-41) ഗുരുവായിരുന്നു. അദ്ദേഹത്തിന്റെ പത്രനായ കർണ്ണന്റെ (1041-71) ഗുരുവും ബംഗാളിലെ നയപാലന്റെ സമകാലീനനുമായിരുന്നു.

മഹാനദി താഴ്വരഃ-

രുദ്രസോമശിഷ്യനായ തേജസോമൻ- ഭീമസോമൻ ബാലേശ്വരക്ഷേത്രത്തിന് ലകുലീശ്വരക്ഷേത്രം പണിതു. ബാലാർജ്ജുനന്റെ 57ആം വർഷത്തെ മല്ലർ പ്ലേറ്റ് സോമശർമ്മന്റെ ബ്രാഹ്മണവംശത്തിലാണ് ലകുലീശജനനം എന്ന് പറയുന്നുണ്ട്. സോമേശ്വരനാണ് പ്രഭാസപട്ടണത്തിലെ സോമനാഥക്ഷേത്രം പണിതത്. അദ്ദേഹം പാശുപതവ്രതിയായിരുന്നു. കുമാര

പാലകാലത്ത് (1169) ഇത് പുനർനവീകരിച്ചു. മല്ല ർപ്ലേറ്റ് ലകുലീശൻ കാപാലികരുടെ വ്രതമായ മഹാവ്രതദീക്ഷ എടുത്തിരുന്നതായി പറയുന്നു. 8ആം നൂറ്റാണ്ടിൽത്തന്നെ തെക്കൻ കോസലത്തിൽ കാപാലികകൾട്ട് പ്രചുരപ്രചാരത്തിലിരുന്നു. മഹാ നദിയുടെ വലത്തേ കരയിൽ ജീർണ്ണിച്ച ക്ഷേത്രത്തി ൽ ശിവഗുപ്ത ബാലാർജ്ജുനന്റെ ലിഖിതമുണ്ട്. വിഷ്ണുഭക്തനായിരുന്ന ഈ രാജാവ് പിന്നീട് ശൈവനായതായി പറയുന്നു. ഈ ക്ഷേത്രം ദുർഗ്ഗാരക്ഷിതനാണ് നിർമ്മിച്ചത്. ആമർദ്ദകനെന്നത് കാലഭൈരവനാണ്. ആമർദ്ദകത്തിൽനിന്ന് വന്ന സദ്യ ശിവാചാര്യ. ശിഷ്യൻ സദാശിവനെന്നിവരെ ലിഖി തം പറയുന്നുണ്ട്. ഇവിടെ നടരാജനല്ല, ശിവ പാർവ്വതിക്കാണ് സ്തുതി. കാലചുരി പാണ്ഡ്യ, ശരഭന്മാരാണ് മഹാനദിതാഴ്വര ഭരിച്ചിരുന്നത്. ഒറീസ്സയിൽ നാലാംനൂറ്റാണ്ടിൽ നവപദ(നവാപദ) ത്തിലും 7ആം നൂറ്റാണ്ടിൽ കിഴക്കൻഗംഗ മത്ത മയൂരക്ഷേത്രമഠങ്ങളിലും 8ആം നൂറ്റാണ്ടിൽ ശത്രു ഭഞ്ജനനാഗക്ഷേത്രത്തിലും ലകുലീശസമ്പ്രദായമുണ്ട്. ഭൌമകാരകാലത്ത് (732-945) ലകുലീശപാശുപത സമ്പ്രദായം പ്രബലമാണ്. ഭാരതേശ്വരം, പരശുരാ മേശ്വരം, വൈതാളെശ്വരം, ശിശിരേശ്വരം, മാർക്ക ണ്ഡേയേശ്വരം ക്ഷേത്രങ്ങളിലെല്ലാം ലകുലീശ്വര വി ഗ്രഹം കാണുന്നുണ്ട്. . പരശുരാമേശ്വരലിഖിതം ലകുലീശ്വരപാശുപതത്തെ പറയുന്നു. തപംഗ് ലിഖി തം ആമര്ദ്ദകമഠത്തിലെ ശ്രീകണ്ഠനേയും പരാമ ർശിക്കുന്നു. ഭൌമകാരഭരണകാലത്ത് കാപാലിക, കാളമുഖസമ്പ്രദായം പ്രബലമായിരുന്നു. കേരളത്തി

ലെ വള്ളുവനാട്ടിലെ വളാഞ്ചേരിയിലെ ക്ഷേത്ര
ത്തിലെ ലിഖിതത്തിലുള്ള ലകുലീശനാമം, കണ്ണൂ
രിലെ മഴൂരിലെ ലഗുഡം ധരിച്ച ബലരാമരൂപം,
തിരുവട്ടാറിലെ ആദികേശവപ്പെരുമാൾ ക്ഷേത്രത്തി
നടുത്ത് അരുവിക്കരയിലെ അനന്തീശ്വരലകുലീശ
വിഗ്രഹം (നാഗകുണ്ഡലിനീരൂപം) ഇവ ഈ സന്ദ
ർഭത്തിൽ സ്മരിക്കണം. ശൈവാഗമം ഇന്ത്യയിലെ
ങ്ങും ഉണ്ടായിരുന്നു. അതിനെ കാശ്മീരശൈവി
സമെന്ന് ഒരു പ്രദേശത്തേക്ക് ഒതുക്കേണ്ടതില്ല. 1987
ൽ മാത്രമാണ് ഇങ്ങനെ ഒരു വാക്ക് ഉടലെടുത്ത
തെന്നു കൂടി ഓർക്കേണ്ടതുണ്ട്.

കാശ്മീരിലെ സിദ്ധപരമ്പരയിലെ രണ്ടു ഗുരുക്കന്മാ
രായി ലകുലീശനേയും ശ്രീകണ്ഠനേയുമാണ് അഭി
നവഗുപ്തൻ പറയുന്നത്. ആറാം നൂറ്റാണ്ടിലെ
കൌണ്ഡിന്യന്റെ പാശുപതസൂത്രഭാഷ്യം ലകുലീശനെ
പരാമർശിക്കുന്നുണ്ട്. മൂന്നാം നൂറ്റാണ്ടിലെ മഥുര
യിലെ ലകുലീശവിഗ്രഹം അതിലും പഴക്കമുള്ളതാ
ണ്.

കേരളത്തിലെ ചില രാജവംശങ്ങൾ

വള്ളുവനാട്ട് രാജവംശത്തിന്റെ 4 താവഴികളിലൊ
ന്നാണ് കടന്നമണ്ണ. മറ്റ് മൂന്ന്, മങ്കട, ആയിരനാഴി, ,
അരിപ്ര. നാലു താവഴികളിൽ വെച്ച് മൂത്ത
തമ്പുരാട്ടിക്കാണ് ഉടമസ്ഥാവകാശം. അവരെ കോ
ലത്തിരി അമ്മത്തമ്പുരാനെന്നും അമ്മെത്തമ്പുരാട്ടി
എന്നും വിളിക്കുന്നു കോലത്തിരിസ്വരൂപത്തിന്റെ
മാതൃദായത്തിൽ മൂത്ത സ്ത്രീയെ തമ്പുരാനെന്ന്

വിളിക്കുന്നു, എലിയങ്ങാട്ട് കോവിലകത്തും ഇതാണ് പതിവ്. വന്ദേരി ഇല്ലം ഗ്രന്ഥവരിയിൽ 13- 19 നൂറ്റാണ്ടിലെ ഭരണക്രമം പറയുന്നു. . ജനം എല്ലാവരും അംഗങ്ങളാണ്. അവരിൽനിന്ന് തെരഞ്ഞെടുത്ത ഭരണാധികാരികളെയാണ് യോഗം എന്ന് പറയുന്നത്. യോഗം ക്ഷേത്രസങ്കേതം ഭരിക്കുന്നു. ഇവരെ സഹായിച്ചിരുന്നത് വെട്ടത്തുനാട്, വള്ളുവനാട് രാജാക്കന്മാരുടേയും പിന്നീട് സാമൂതിരിയുടേയും യോദ്ധാക്കളാണ്. വെട്ടത്തുനാടിന്റെ പ്രതിനിധിയെ കോവിൽനമ്പി എന്ന് പറയുന്നു. (കോവിലധികാരി അഥവാ നമ്പിടി).പന്നിയൂർ കഴകം വാൾനമ്പിയായ തലപ്പള്ളി കക്കാട് നമ്പിടിസ്ഥാനം ഇതിനെ സൂചിപ്പിക്കുന്നു. രാജാധികാരം ഇവർക്ക് നഷ്ടപ്പെട്ടത് എഡി മൂന്നാം നൂറ്റാണ്ടിൽ നരവാഹനദത്തനെന്ന ഉദയനപുത്രനെ(പാണ്ഡ്യകുലശേഖരൻ ചക്രവർത്തിയെ) വധിച്ചതിനാലാണ്. ശുകസന്ദേശത്തിൽ ശ്വേതദുർഗ്ഗം (സേതഗിരി) എന്നും വിളിക്കുന്ന വെങ്കടക്കോട്ട (ഇപ്പോഴത്തെ) കോട്ടക്കൽ പണ്ട് ഭരിച്ചിരുന്ന ഇത്യകനെന്ന തലപ്പള്ളികോവിലകത്തെ അംഗമാണ് വധിച്ച വ്യക്തി. അദ്ദേഹത്തിന്റെ നാമത്തിലുള്ള ഇന്തനൂർ (ഇമ്മെയ്യിൽ നന്മെ തരും ഊർ) പിന്നീട് ഇന്ദുക്കോത പുനരുദ്ധരിച്ചു. പൂക്കാട്ടിയൂരിലെ ശിവമഹാദേവക്ഷേത്രങ്ങൾക്ക് പൊതുവായുള്ള കുളം കണ്ടൻകുളമെന്ന് അറിയുന്നു.. കണ്ടനെന്നത് തലപ്പള്ളിരാജാക്കന്മാരുടെ ബിരുദനാമമാണ്. എഴുവത്തുരുത്തി കണ്ടൻകുറുമ്പക്കാവ് അവരും തിരുമലശ്ശേരിഇല്ലവുമാണ് ഊരാളരായിരുന്ന് ഭരിച്ചിരുന്നത്. ഇവിടത്തെ പറയസമുദായക്കാർ സ്ഥിരമായി കൊടുങ്ങല്ലൂരിലും പോകാറുണ്ട്. പറയ(കുറുമ്പ)കുടുംബങ്ങൾക്ക് ഇവിടെ സ്ഥിരമായ

അവകാശം ഉണ്ട്. തിരുമലശ്ശേരി ഇല്ലം പന്നിയൂർഗ്രാമം നാടുവാഴികളായിരുന്നു. (തലപ്പള്ളി പന്നിയൂരിലെ വാൾനമ്പിമാരും).. പന്നിയൂരിനെ ചാലൂക്യരാണ് പിൻതുണച്ചിരുന്നത്,

വന്ദേരിയിൽ എല്ലാ രാജവംശക്കാർക്കും പ്രത്യേകം രാജധാനികളുണ്ടായിരുന്നു. മണക്കുളം, ചിറ്റഞ്ഞൂർ, ചിറക്കൽ, ഇവരെല്ലാം മൂഷകവനമായ എലിയങ്ങാട്ടിനു തെക്കുവശത്ത്, ഗോവിന്ദപുരം ഗ്രാമക്ഷേത്രത്തിന് ചുറ്റുമായി ഉണ്ടായിരുന്നു. കാകതീയരുടെ മൂലസ്ഥാനമായ കാകതീപുരം പെരുമ്പടപ്പിനടുത്ത് വട്ടംകുളത്താണ്. സംഘകാലത്തെ കാരിസ്വരൂപം തലപ്പള്ളിസ്വരൂപമാണ്. ഇതുകൂടാതെ വെളിയൻ, പറമ്പിമല പാരിവള്ളൽ, നന്ദൻ (നന്ദൻമുക്കിലെ) , മുള്ളൂർമല ഓരി ഇവരും തലപ്പള്ളിയിലുണ്ട്. സംഘകാലത്ത് കുടനാടിന്ന് പുന്നത്തലപ്പതി, പോളത്തലപ്പതി എന്ന് രണ്ട് സർവ്വസൈന്യാധിപരുണ്ടായിരുന്നു. പുന്നത്തലപ്പതിയാണ് പുന്നത്തൂർ കോട്ടയിലെ നമ്പി. പരപ്പനാട് വംശം പോലത്തലപ്പതിയുടേതാണ്. തുണ്ടിസ് എന്ന കടലുണ്ടി തുറമുഖം , കോഴിക്കോട്ടെ തളിക്ഷേത്രം ഇവ പരപ്പനാട്ട് സ്വരൂപം പോളത്തലപ്പതിയുടേതായിരുന്നു.

പെരുമുടിയൂർ പെരിണ്ടിരി വേട്ടക്കൊരുമകൻ വെളിയങ്കോട്. പെരുമ്പടപ്പിനടുത്ത്. സംഘകാല തമിഴകം പ്രകീർത്തിക്കുന്ന വേളിർ വെളിയന്റെ തട്ടകമാണ് വെളിയങ്കോട്. ചേരരാജാക്കന്മാരാണ് വെളിയന്റെ പെൺകുട്ടികളെ വിവാഹം കഴിക്കുന്നത് പെരുമ്പടപ്പിലെ കോയിൽപ്പള്ളിയിൽ താമസിക്കുന്ന ചക്രവർത്തിമാരാണ്. രാജ്യത്തിന്റെ പുറംഭാ

ഗത്ത് സമുദ്രവുമായി, സുരക്ഷിതത്വവുമായി ബന്ധ
പ്പെട്ട സ്ഥാനത്താകയാൽ വെളിയന്ന് പ്രധാനസ്ഥാ
നം ഉണ്ടായിരുന്നു. രാജപത്നിമാരുടെ പിതാവെ
ന്ന ബഹുമതിയും ഉണ്ടായിരുന്നു. ചെങ്കുട്ടുവന്റെ
പത്നി വെളിയൻ വേണ്മാളാണ്. പെരിയ രാജാ
വിന്റെ പെണ്ണ് (രാജ്ഞി) അഥവാ പെണ്ടിരിക്കുന്ന
സ്ഥലമാണ് പെരിണ്ടിരി ആയത്. മഹാനാവികസ്ഥാ
നം അഥവാ മുത്തരയസ്ഥാനം ഈ സമുദ്രതീരവാ
സികളായ വേളിർമാരെല്ലാം വഹിച്ചിരുന്നു. പൊ
ന്നാനി തുറമുഖത്തിനപ്പുറവും ഇപ്പുറവുമായി
വെട്ടവും വെളിയവും (പ്രകാശവും വെളിച്ചവും)
പ്രസിദ്ധമായിരുന്നു. മൂഷകവംശം. ബ്രഹ്മക്ഷത്രരാണ്
അവരാണ് കൊച്ചി രാജവംശം. വന്ദേരി പെരുമ്പട
പ്പ് രാജവംശത്തെ കുറിച്ച് കൊച്ചിയിൽ പാതി
പാലിയം എന്നു പറയും. പാലീയർ (ജീയാർ)
കോയിലധികാരികളാണ്. ചേന്ദമംഗലം പാലിയത്ത്
ബ്രാഹ്മണരും ക്ഷത്രിയരുമുണ്ട്., വന്ദേരി രാജവംശം
കൊടുങ്ങല്ലൂരിലേക്കും പിന്നെ ഇപ്പോഴത്തെ കൊ
ച്ചിയിലേക്കും പലായനം ചെയ്തു. അപ്പോഴാണ്
മറ്റൊരു വേളിർ കുടുംബമായ
തലപ്പള്ളിവംശം(കാരിസ്വരൂപം)പുന്നത്തൂർ നമ്പിടി
ക്ഷേത്രം എറ്റെടു ക്കുന്നത്. പ്രതിഷ്ഠിച്ചത്
വേട്ടേക്കരനെ വലിയമ്പ ലത്തിൽ വെച്ച് ദർശിച്ച
കാരിസ്വരൂപം പുന്നത്തൂർ നമ്പിടിയാണ്.
പടിഞ്ഞാട്ട് അഭിമുഖമായി ശിവക്ഷേ ത്രത്തിൽ
വേട്ടേക്കരനെ.പ്രതിഷ്ഠിച്ചത്.

(പെരുന്തച്ചന്റെ ഉളി. ഹരികന്യകയൂർ, പന്നിയൂർ
കടന്നമണ്ണ ഭഗവതി, തൃക്കണ്ടിയൂർ തിരുനാവായ

നാവാമുകുന്ദ എന്നീ സ്ഥലങ്ങളിലെല്ലാം ഉണ്ട്. ഇതിനെ സംബന്ധിച്ച ഐതിഹ്യമെല്ലാം സാങ്കൽപ്പികമാണ്. പഴയ കാലത്ത് നല്ല ശിൽപ്പികൾ തങ്ങളുടെ കോലും ഉളിയും ക്ഷേത്രവാസ്തുവിന്റെ അളവായി ക്ഷേത്രത്തിൽ കൊത്തിവെക്കാറുണ്ട്. അതാണ് ഈ ക്ഷേത്രങ്ങളിലുള്ളത്. പെരുംതച്ചന്റെ അളവനുസരിച്ച് പിന്നീടു വരുന്ന തച്ചന്മാർക്ക് അളവറിയാനാണിത്. എന്റെ ഭാരതം ഭാഗം 7 ചോളരും അവരുടെ ലിഖിതങ്ങളിലെ കേരളബന്ധവും എന്ന പുസ്തകവും കാണുക)

മൂഷകവംശകാവ്യത്തിലെ മഹാനാവികവംശമാണ് മുത്തരയവംശം. തലപ്പള്ളി ബെട്ടവംശം രാമഘട മൂഷകനും അമ്മക്കും അഭയമരുളി, സംരക്ഷിച്ചവരാണ്. വന്ദേരിയിലെ നന്ദൻമുക്ക് നന്ദന്മാരെന്ന ബെട്ടവംശക്കാരുടെ കേന്ദ്രമായിരുന്നു. വന്ദേരിയിലെ മഹാനാവികവംശമാണ് വീടുകടലാക്കിയവരെന്ന ബിരുദമുള്ള ബാണവംശം. മഹാബലിബാണവംശമെന്ന് ഇവരെ പറയുന്നു. (മാവലിബാണവംശം) കാകതീപുരം കാകതീയരാജാക്കന്മാരുടെ മൂലസ്ഥലമാണ്. നരണിപ്പുഴ(നാരായണിപ്പുഴ)യുടെ അടുത്തായി ഈ സ്ഥലം കാണാം.

.

നാലടിയാർ തഞ്ചാവൂർ, തൃശ്ശിനാപ്പള്ളി പുതുക്കോട്ട. മുത്തരയരുടെ കേന്ദ്രമായിരുന്നു എന്ന് പറയുന്നു. . തൃച്ചിയിൽനിന്ന് 5 കിമീ മാറി മുത്തരയ ഗ്രാമം ഉണ്ട്. . ചെന്തലൈ ഗ്രാമത്തിലെ തൂൺലി

ഖിതം. 3 തലമുറ മുത്തരയന്മാരുടെ പേരുകൾ തരുന്നു അവസാനത്തെ ആൾ ചുവരൻ മാരൻ. മുത്തരയന്മാർ പല്ലവരോട് ചേർന്ന് പാണ്ഡ്യരോട് യുദ്ധം ചെയ്കയുണ്ടായി. രാമനാഥപുരം ജില്ല പുലംകുറിച്ചി ലിഖിതം എഡി 3ആം നൂറ്റാണ്ടിൽ അവരുടെ രാജാവ് ചേന്ദൻ കുട്ടൻ കുട്ടുവൻ (ചേന്ദമംഗലത്തെ പാലിയം വംശം) ആയിരുന്നു. എഡി 640 ചൈനീസ് സഞ്ചാരി കാഞ്ചി ഭരിക്കുന്നത് ചേന്ദൻ ജയന്തവർമ്മൻ അഥവാ കടുങ്ങോൻ രാജാവാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. . (കൊച്ചിയിൽ പാതി പാലിയം ജനിതകം) കോത കേരളൻ പൊറയൻ തേവൻ(തേവ) ഇരായിരൻ. (രാജരാജ) അധിരാജ ഇവയെല്ലാം കേരളരാജാക്കന്മാരുടെ പ്രാചീനനാമങ്ങളാണ്.

പാർത്ഥിവപുരം തൃക്കാക്കര ലിഖിതങ്ങളിലെ ദായകർ കോത നാരായണൻ,കോത കേരളൻ, കോത പുറവൻ, തേവൻ ചേന്ദൻ ഇവരെല്ലാം കേരളീയ നാമങ്ങളാണ്. കോവിൽ അധികാരി ജീയാംഗറുടെ ഗ്രാമത്തെ തിരുപ്പതിയിലും പാലിയം എന്നുതന്നെ വിളിക്കുന്നു. പ്രധാനപാലിയത്തെ അദുസുപാലിയമെന്നും ജൂനിയർ ജീയാംഗരുടെ ഗ്രാമത്തെ കൃഷ്ണ പാലീയമെന്നും വിളിക്കുന്നു. എഡി 833-834ൽ കോ വിജയദന്തിവിക്രമന്റെ 7ആം ഭരണവർഷം ഷോലയാറിൽ ഉലകപ്പെരുമാനാണ് ഭരിക്കുന്നത്. ഉലകപ്പെരുമാനാറും ജീയാംഗരും കോവിലധികാരിയും പെരുമാളുമാണ്. തിരുമലയിലും കേരളത്തിലും ജീയാംഗർ പാലിയ,പല്ലവവംശമാണ്. കോവിലധികാരികളുമാണ്. പടിഞ്ഞാറൻ ഗംഗരാജാവ് ദന്തി

വിക്രമവർമ്മനു വേണ്ടി, സീയഗനും വിജയാദിത്യ മഹാബലി ബാണരായരും ജീവനും കൂടി ബലി കഴിക്കുമെന്ന ലിഖിതം ആന്ധ്രയിലുണ്ട്

പടിഞ്ഞാറൻ ഗംഗവംശം കേരളരാജവംശത്തിന്റെ ഒരു ശാഖയാണ്. ഗംഗാധരക്കോവിലധികാരികളെന്നാണ് പഴയ കൊച്ചിപെരുമ്പടപ്പിന്റെ പേരുതന്നെ. കൊച്ചിയിൽപ്പാതി പാലിയമെന്ന ചൊല്ലിന്റെ അർത്ഥം വ്യക്തമാണ്. പല്ലവവംശത്തിൽനിന്ന് ദത്തെടുത്ത കുട്ടിയാണ് വിജയാദിത്യചോളനും. ഇപ്രകാരം തെക്കേ ഇന്ത്യയിലെ എല്ലാ രാജവംശശാഖകളും ഒറ്റ മൂലവംശമാണെന്ന് വരുന്നു ഇന്ത്യയിലെ എല്ലാ മനുഷ്യരും ഇതുപോലെ ഒറ്റ വംശമാണ്. ഇളങ്കോ മുത്തരയനാണ് ചെന്തലയിൽ താമസിക്കുക. (ഇരുക്കുവേൾ)

വിടേൽവിടുകു മുത്തരയനാമം പല്ലവർക്കും മുത്തരയന്മാർക്കും മാത്രം. കന്തിരവനാമം കൊല്ലങ്കോട്ടും കർണ്ണാടകത്തിനും. മാരൻ ചടയന്റെ 8ആം ഭരണ വർഷത്തിലും ,21ആം ഭരണവർഷത്തിലും ഗളഭയങ്കരമുത്തരയന്റെ ഭാര്യയുടെ ദാനം രേഖപ്പെടുത്തിയിട്ടുണ്ട്. . മാരൻ പാണ്ഡ്യശാഖയും ചുവരൻ ചേരശാഖയും ആണ്. കൊടിക്കുന്നിൽ ശ്രീധരൻ ചുവരത്ത്. പട്ടാമ്പി വിളയൂർ കാവ് ചുമരൻ കണ്ടത്ത്. പെരുംതൃക്കോവിൽ പനംകുറിച്ചി പട്ടാമ്പി. സുമരൻ കുടുംബം. ഇപ്രകാരം ഇപ്പോഴും സുമരന്മാരെ കേരളത്തിൽ കാണാം. വിജയാലയചോളൻ തഞ്ചാവർ പിടിച്ചെടുത്തത് ചുമരൻ മാരന്റെ മുത്തരയവംശത്തിൽനിന്നാണ്, ചുമരന്റെ നാമം സംഘകാലത്തു തന്നെ തമിഴകത്ത് ലിഖിതത്തിൽ ഉണ്ട്.

ചോളചേരപാണ്ഡ്യബന്ധം.

ചേരമാതേവി ക്ഷേത്രത്തിന് കുലോത്തുംഗചോളൻ 3യുടെ മച്ചുനിയൻ കോതരവിവർമ്മ ദാനം ചെയ്തിട്ടുണ്ട്. കുലോത്തുംഗന്റെ നാമം ചേന്ദമംഗലം ഉടയാൻ അരയൻ എതിരിലി ചോളൻ എന്നാണ്. ചേന്ദമംഗലം ചേരന്മാരുടെ നാമമാണ്.

പാണ്ഡ്യചോളഹോയ്സാലവിവാഹബന്ധം നോക്കുക. ചോളരാജ്യം ഉണ്ടാക്കിയ നരസിംഹൻ ബല്ലല 2 വിന് ചോളരാജകുമാരിയിലുണ്ടായ പുത്രനാണ്. 1152-73ന് ശേഷം വിഷ്ണുവർദ്ധനന്റെ മരണശേഷം നരസിംഹന്റെ അർദ്ധസഹോദരനായ രാമനാഥനാണ് തമിഴ്നാട്ടിന്റേയും കേരളത്തിന്റേയും തെക്കേ അറ്റം ഭരിച്ചത്. തിരുച്ചിറപ്പള്ളിക്കടുത്ത് കണ്ണനൂർ തലസ്ഥാനമാക്കിയത് അദ്ദേഹമാണ്. തിരുനെൽവേലിയിലെ മന്നാർകോവിലിലും ആനമലയിലെ ഷോലയാറിലും വെച്ച് അദ്ദേഹം യുദ്ധം ചെയ്തിട്ടുണ്ട്. ചേരരാജാവ് രാജസിംഹനും (1021-1031) രാജരാജനും (1036-1089) മന്നാർകോവിലിൽ അതിന്നുമുമ്പേ ക്ഷേത്രങ്ങളുണ്ടാക്കിയിട്ടുണ്ട്. നരസിംഹന്റെ മകൻ അമ്മാമനായ സോമേശ്വരന്റെ മകളെയാണ് വിവാഹം കഴിച്ചത്. അതിലുണ്ടായ കുട്ടിയാണ് രാജേന്ദ്രൻ 3. അദ്ദേഹത്തിന്റെ സഹോദരിമാരിൽ ഒരാള് മാരവർമ്മ സുന്ദരപാണ്ഡ്യനെ (1) വിവാഹം കഴിച്ച് മാരവർമ്മ സുന്ദരപാണ്ഡ്യൻ 2 ജനിച്ചു. 1238 ലെ അദ്ദേഹത്തിന്റെ ലിഖിതപ്രകാരം പിൻഗാമി ജടവർമ്മ കുലശേഖരനാണ്. കുലശേഖര ആഴ്വാർ ജീവിച്ച സ്ഥലമാണ് മന്നാർകോവിലെന്ന് ഓർക്ക

ണം. നഞ്ചൻഗുഡിലെ തമിഴ് ലിഖിതം നിരിലിയൂർ വരെയുള്ള കുളവൂർഗ്രാമം നരസിംഹന്റെ സർവ്വാധികാരി ഗവുണ്ഡൻ കേശവനാഥന് ദാനം ചെയ്തതായി പറയുന്നു. അവർ പെരിയനാടിലെ ഇടനാടിലുള്ളവരാണ്. കേരളോൽപ്പത്തിപ്രകാരം കുളവൂർ കുഴൂരാണ്.

1149ലെ ഹസ്സൻലിഖിതം. കൊരട്ടി,കാന്തപുരം, അരണിമല,താമരശ്ശേരി എന്നിവിടങ്ങളിൽ ധീരരജപുത്രനായ പള്ളിക്കാരർ ശങ്കരനെന്ന മലയാളർ സേനാപതി വിഷ്ണുക്ഷേത്രം പണിതതായി. 1083ലെ കിണാലൂർ വട്ടെഴുത്ത് കൊരട്ടി, കാന്തപുരം ടെനൻസി അധികാരം കുരുമ്പൊറൈ അരപ്പൻ കുഞ്ചിക്കാണെന്ന് പറയുന്നു. കുരുമ്പൊറൈ കുറുമ്പ്രനാടാണ്.

കൊരട്ടിയും കാന്തപുരവും താമരശ്ശേരിയും കേരളത്തിലാണ്. കിനാലൂർ താമരശ്ശേരിനിന്ന് 15 കിമീ മാറി ബാലുശ്ശേരി താലൂക്കിലാണ്.

1180 മാണ്ഡ്യ മലവള്ളി ലിഖിതം.തമിഴ് മലയാളം ഗ്രന്ഥവരിലിഖിതം. രാജരാജപുരം അഥവാ തലക്കാടിലെ കാരി കുടം കുട്ടൻ സ്വര്ണ്ണവും നിലവും കൊടുത്ത് ദേവീദേവന്മാർക്ക് പള്ളിക്കാപ്പ് (അലങ്കാരം) ഉള്ള ക്ഷേത്രം പണിതു. വാഗീശ്വര മണ്ഡലത്തിൽ നീർ വീഴ്ത്തി പ്രതിഷ്ഠിച്ചു. മൂന്നു വിഗ്രഹത്തിനും പാമ്പുംതുള്ളലും നൂറും പാലും കൊടുത്തു. (സോമനഹള്ളി വിശ്വനാഥക്ഷേത്രം) ഇങ്ങനെ വന്നവരെ നായകർ തേവർ പിള്ളെ

എന്ന് വിളിക്കുന്നു. കുടനാട്ടിൽനിന്ന് വന്ന കാരി കുട്ടന്റെ വംശമാണത്. (തലപ്പള്ളി)

വിഷ്ണുവർദ്ധനകാലത്ത് കൊടുങ്ങല്ലൂരിൽനിന്ന് വന്ന ബ്രാഹ്മണരെ അരിശിക്കരയിൽ ഇരുത്തി. ഇക്കാലത്ത് ചേരചോളപാണ്ഡ്യരാജ്യം ഹോയ്സാലരാണ് ഭരിക്കുന്നത്. ഹോയ്സാലരുടെ തെക്കേ അതിർത്തി വ്ക്രമേശ്വരമെന്ന രാമേശ്വരം. 1063 ചോളലിഖിതം നാഗർകോവിൽ മണ്ണാട്ക്കുടി വരെ അതിർത്തി. ആ ഭാഗത്തെ വേണാട് എന്ന് പറയുന്നു. അതായത് തെക്കേ ഇന്ത്യ മുഴുവനും ഹോയ്സാല (ആയ് ശാല) യാദവവംശം ഭരിക്കുന്നു. .

എന്താണിതിനെല്ലാം പ്രാധാന്യം. ഇരണിയലും മഹാബലി,ബാണവംശവും, വാസന്തികാപരിണയവും ബസ്സ രണ്ടാമനും നരസിംഹ രണ്ടാമനും നരസിംഹരണ്ടാമന്റെ പുത്രിഭർത്താവ് രാജരാജനും, ഇവരുടെ വംശം ഒന്നാണെന്നു കാണിക്കുന്നു., 1234ൽ ചേരരാജ്യം മുഴുവനും ഹോയ്സലസൈന്യാധിപതി ഹിരിയബമ്മേയ പിടിച്ചടക്കി. ഇതിനുശേഷം ഭരിച്ച സോമേശ്വരനും മൂവേന്തരും തമ്മിലുള്ള സൌഹൃദം പ്രസിദ്ധമാണ്. സോമേശ്വരൻ നടക്കുമ്പോൾ പിന്നിൽ ചേരനും ഇരുവശവും ചോളപാണ്ഡ്യന്മാരും സുരക്ഷ കാത്തിരുന്നു. വയനാട് ഒഴികെയുള്ള കേരളം മുഴുവനും നരസിംഹന്റെ പുത്രീഭർത്താവ് രാജരാജനാണ് ഭരിക്കുന്നത് 1237ലെ മാഞ്ചി ലിഖിതം പറയുന്നത് ചാലിശ്ശേരി അദ്ദേഹത്തിന്റെ തെക്കേ അതിരിലെ ചന്തസ്ഥാനമാണെന്നാണ് പാലക്കാട് ജില്ലയിലെ തൃത്താല പട്ടാമ്പികളുടെ

സീമയിലാണിതെന്നും അടുത്താണ് കൈത്തളി കട്ടി ൽമാടം മുതലായ ശിലാനിർമ്മിതികളെന്നും സ്മരി ക്കണം. മലബാറിൽനിന്ന് കൊങ്ങുദേശത്തേക്കുള്ള കച്ചവടഗതാഗതമാർഗ്ഗത്തിലാണ് ഇവയെല്ലാം. സോ മേശ്വരനും വിഷ്ണുവർദ്ധനനും വനവാസികത്തി ലെ കദംബവംശക്കാരാണുതാനും. ഹസ്സനിലെ അർക്കഗുഡി ലിഖിതത്തിൽ(1252) ഭുജബല വീരഗം ഗ കദംബ വിഷ്ണുവർദ്ധനതേവരു എന്നാണദ്ദേഹ ത്തിന്റെ മുഴുവൻ പേര്. ഇദ്ദേഹത്തിന്റെ മകനാ ണ് ബല്ലല്ല രണ്ടാമൻ പേരക്കുട്ടിയാണ് നരസിംഹ രണ്ടാമൻ. നരസിംഹൻ 2 ചോളരാജകുമാരിയെ യാണ് വിവാഹം കഴിച്ചത്.

1251ൽ വീരഉദയമാർത്താണ്ഡവർമ്മ തിരുവിതാം കൂർ. തിരുനെല്വേലിയിൽ ചെരുപ്പേതിമംഗലം ഉണ്ടാക്കി. ശ്രീരംഗത്തും നെല്ലൂരും വെച്ച് കിരീടം ധരിച്ചു. 1268ൽമാരവർമ്മകുലശേഖരന് ചേര, പാ ണ്ഡ്യബിരുദനാമം ഉണ്ട്.1280ൽ ചോളഭരണം അ വസാനിച്ചു, അപ്പോൾ ഇദ്ദേഹമാണ് ചക്രവർത്തി. ഗംഗൈകൊണ്ട പുരം സിംഹാസനം കലിംഗരായ പുരം എന്ന് അറിയാനാരംഭിച്ചു. 20ആം ഭരൺ വർഷം ചേരമാതേവി ലിഖിതം മലനാടും ചോനാ ടും 2 കൊങ്കുദ്ശവും ഈലവും തൊണ്ടൈമണ്ഡ ലവും മാരവർമ്മകുല ശേഖരനാണ് ഭരിക്കുന്നത്. അദ്ദേഹം കൊല്ലം കൊട്ടാരം സ്വന്തമാക്കിയിട്ടുണ്ട്. ചേരനാട് വെന്റ് കൊല്ലംകൊണ്ട് എന്ന് തിരുനെ ൽവേലി ലിഖിതം. 1276ൽ അദ്ദേഹത്തിന്റെ പ്രതി നിധി ജടാവർമ്മ സുന്ദരപാണ്ഡ്യൻ കൊങ്കുനാടും കരുവൂരും ഭരിക്കുന്നു.

1284ൽ സിലോണിലെ ക്ഷാമം. ദക്ഷിണാപഥത്തിലെ 5 രാജാക്കന്മാരും കൂടി ആരിയചക്രവർത്തി എന്ന സേനാധിപനെ ലങ്കക്ക് അയച്ച് ബുദ്ധന്റെ പല്ല് കുലശേഖരനുവേണ്ടി കൊണ്ടുവരീച്ചു. ജടവർമ്മസുന്ദരപാണ്ഡ്യന്റെ റെക്കോഡുകളിൽ പരാക്രമപാണ്ഡ്യ വാണാദിരായ, പരാക്രമപാണ്ഡ്യമഹാബലി വാണാദിരായനയനാർ, പിള്ളയാർ കുലശേഖരമാബലി വാണവരായൻ കോനാട് ഭരിക്കുന്നു.
കേരളസിംഹവലനാട്(രാമനാട്)വാനവരായൻ ഭരിക്കന്നു. 12-13 നൂറ്റാണ്ടുവരെ മഹാബലി ബാണരായവംശം ഭരിക്കുന്നുണ്ട്. 1292-93 വരെ അദ്ദേഹത്തിന്റെ രേഖകൾ കാണുന്നു. മാർക്കോ പോളോ ദൊന്ദർ ബന്ദി ജേവർ (സുന്ദര വന്ദിത്തേവർ) എന്ന് വിളിക്കുന്നു മാബാർ(മലബാർ) എന്ന അദ്ദേഹത്തിന്റെ രാജ്യം കൊല്ലം മുതൽ നീലേശ്വരംവരെയാണെന്ന് പറയുകയും ചെയ്യുന്നു.വഞ്ചികളിലാണ് സഞ്ചാരവും വ്യാപാരവും.വസഫ് മാബാറിനെ ഹിന്ദിലേക്കുള്ള വാതിൽപ്പഴുതായി കരുതുന്നു (താക്കോൽ) അവിടെ കായൽ രാജാവായ പാണ്ഡ്യനാണ് സമത്വത്തോടെ ഭരിക്കുന്നതെന്നും പറയുന്നു. അദ്ദേഹത്തിന്റെ രാജ്യത്തേക്ക് കച്ചവടക്കാരും വിദേശികളും വരാനാഗ്രഹിക്കുന്നത് അദ്ദേഹം അവർക്കെല്ലാം കച്ചവടത്തിനുള്ള സൌകര്യം കൊടുക്കുന്നതുകൊണ്ടാണ്. വസഫ് മാബാറിൽനിന്ന് ഓരോ വർഷവും 10000 കുതിരകളെ 2കോടി 20 ലക്ഷം ദീനാറിന് വാങ്ങിയിരുന്നു എന്നാണ്.. പണമെല്ലാം വരുന്നത് ഹിന്ദുക്ഷേത്രങ്ങളിലെ എൻഡോവ്മെന്റുകളിൽ നിന്നാണെന്നും അദ്ദേഹം പറയുന്നു. രാജാവ് ജനങ്ങ

ളിൽനിന്ന് നികുതിയോ മറ്റേതെങ്കിലും തരത്തിലുള്ള പണമോ സ്വീകരിക്കാറില്ല,ക്ഷേത്രത്തിലെ ധനവും ദേവദാസികളുടെ വരുമാനവും അവരുടെ എ ൻഡോവ്മെന്റുമാണ് വ്യാപാരത്തിനു ഉപയോഗി ക്കുന്നത്. മാർക്കോ പോളോ രാജാവിന് മുത്തും പവിഴവും മരതകവും ധാരാളം ശേഖരമുണ്ടെന്ന് പറയുന്നു.മുത്തെടുക്കുന്നവർ മുത്ത് രാജാവിനു സമ്മാനിച്ചാൽ അതിന്റെ വിലയുടെ ഇരട്ടി രാജാവ് അവർക്ക് ദാനം ചെയ്യുന്നുണ്ട്. അതിനാൽ ജനങ്ങ ളെല്ലാം സന്തുഷ്ടരാണ്. മെഗാസ്തനീസും പാണ്ഡ്യരാ ജാവിന്റെ മരതകശേഖരത്തെ പുകഴ്ത്തിയിട്ടുണ്ട്. പച്ചമരതകക്കല്ലു പതിച്ച മുത്തുമാലകളാണ് രാജാ വിന്റെ ആഭരണമെന്നും പറയുന്നുണ്ട്. ചരിത്രകാര ന്മാരെല്ലാം പറയുന്ന ഈ ശേഖരമാണ് ഇന്നും തിരുവനന്തപുരം പത്മനാഭക്ഷേത്രത്തിലുള്ളത് മാർക്കോ പോളോ മറ്റൊന്നുകൂടി പറയുന്നു. ഒരു രാജാവ് മരിച്ചാൽ അനന്തരാവകാശികളാരും ആ രാജാവിന്റെ ശേഖരം തൊടാറില്ല. തങ്ങളുടെ കടമ അതുപോലെ ശേഖരിച്ച് രാജ്യത്തിന്റെ സമ്പത്ത് വർദ്ധിപ്പിക്കലാണ് എന്ന് വിശ്വസിക്കുന്നവരാണ് അവർ. അവരുടെ ക്ഷേത്രങ്ങളിൽ തലമുറകളായി അവരുടെ പൂർവ്വികരെല്ലാം ശേഖരിച്ച സമ്പത്തുണ്ട്. ഇതെല്ലാം ഉണ്ടായിട്ടും ചില വിശേഷസന്ദർഭങ്ങളി ലൊഴികെ രാജാവും തന്റെ പ്രജകളെപ്പോലെ അർദ്ധനഗ്നനായി നടക്കുന്നത് മാർക്കോപോളോവി നെ അമ്പരപ്പിച്ചു. എല്ലാവരും ഒറ്റമുണ്ടുടുത്ത് പശു വിനെ പൂജിക്കുന്നവരാണ്. പശുമാംസം ഭക്ഷിക്കാ ത്തവരാണ്. വീട്ടിന്റെ മുൻഭാഗം ചാണകം മെഴുകി

ശുദ്ധിയാക്കുന്നവരാണ്. നിലത്തിരുന്നാണ് ഭക്ഷണം കഴിക്കുന്നത്. ഭൂമി പാവനമെന്നും അതിൽനിന്ന് വന്ന് അതിലേക്ക് തിരിച്ചുപോകുന്ന ശരീരം നില ത്തിരുന്ന് അന്നം ഭുജിക്കണമെന്നും അവർ വിചാ രിക്കുന്നു. അവർ ജീവനുള്ളവയെ കൊല്ലുകയോ തിന്നുകയോ ഇല്ല. രണ്ടുനേരം കുളിക്കും, നിലത്തി രുന്നേ ഭക്ഷിക്കുകയുള്ളു. എല്ലാവർക്കും ഭക്ഷണം കഴിക്കാനും കുടിക്കാനും സ്വന്തം പാത്രങ്ങളുണ്ട്. എന്നാലും ജലപാത്രം ചുണ്ടോടു ചേർത്ത് വെള്ളം കുടിക്കില്ല. മദ്യപാനികളല്ല. മദ്യപാനികളുടേയോ കടലിൽ യാത്ര ചെയ്യുന്നവരുടേയോ ജാമ്യം സ്വീക രിക്കില്ല. നിമിത്തശാസ്ത്രം സാമുദ്രികശാസ്ത്രം ഇവ അറിയാം. ഒരു കുട്ടി ജനിച്ചാൽ ഉടനെ ജാത കം എഴുതിക്കുന്നു. അതിൽ കാലം, ദേശം, ദിനം, സൂര്യചന്ദ്രാദികളുടേയും ഗ്രഹങ്ങളുടേയും സ്ഥാനം മുതലായി ജ്യോതിശ്ശാസ്ത്രപര മായ സകലവും രേഖപ്പെടുത്തിയിരിക്കും. ആൺകുട്ടികൾ 13 വയ സ്സായാൽ കൃഷിയും കച്ചവടവും കുലത്തൊഴിലു കളും പഠിക്കുന്നു. തനിക്ക് ഉപജീവനത്തിനു വേണ്ട ത് സമ്പാദിച്ച് അമ്മയുടെ കയ്യിലേൽപ്പിക്കുന്നു. അച്ഛന്റെ സമ്പാദ്യത്താൽ ജീവിക്കുന്നത് അഭിമാന ക്കുറവാണെന്ന് അവർ കരുതുന്നു. പെൺകുട്ടികൾ ഗ്രാമക്ഷേത്രത്തിലെ ജോലികൾ ചെയ്തും നൃത്തം സംഗീതം ഇവകളാൽ ദേവനെ ആരാധിച്ചും ഉപ ജീവനം സമ്പാദിക്കുന്നു. കായൽപട്ടണത്തിൽ മാത്രമ ല്ല, ഇന്ത്യയിലെവിടെയും ഇപ്രകാരം സ്വയംപര്യാ പ്തത നേടിയ ജനതയാണെന്നും അവരെല്ലാം സദാ

വായിൽ താംബൂലം വെക്കുന്നു എന്നും ഈ സഞ്ചാരി രേഖപ്പെടുത്തുന്നു.

ദ്വാരാസമുദ്രം കീഴടക്കിയ ശേഷമാണ് മാലിക്ക് ഗഫൂർ മധുരയിലേക്ക് വന്നത്. പിന്നീട് മലബാറിലേക്കും വന്നു. ഹൈഗിന്റെ അഭിപ്രായം ,രവിവർമ്മ കുലശേഖരനെ മാലിഖ് ഗഫൂർ പരാജയപ്പെടുത്തിയിട്ടുണ്ട് എന്നാണ്. കൊല്ലം രാജധാനിയിലെ സംഗ്രാമധീരനാണ് രവിവർമ്മ കുലശേഖരൻ. അദ്ദേഹം 1311-12ലാണ് കൊല്ലത്ത് ശക്തനായിരുന്നത്. അദ്ദേഹത്തെ മാലിഖ് ഗഫൂർ തോൽപ്പിച്ചിട്ടില്ല എന്നതാണ് ചരിത്രം. അദ്ദേഹത്തിന്റെ ലിഖിതങ്ങളിൽ മീനും അങ്കുശവും വലത്തെ ഭാഗത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. ജഡവർമ്മ സുന്ദരപാണ്ഡ്യനെന്ന കോദണ്ഡരാമന്റെ ലിഖിതങ്ങളിൽ ഒരു വശത്ത് ചേരന്റെ വില്ലും മറുവശത്ത് പാണ്ഡ്യന്റെ രണ്ട് മീനും കാണാം.ഈ രണ്ട് ചിഹ്നവും ചോളന്റെ പുലിയും സൈന്ധവസരസ്വതീകാലം തൊട്ടേ കാണുന്നത്, ഈ രാജവംശങ്ങളുടെ പഴക്കം കാണിക്കുന്നു.
കാകതീയപ്രതാപരുദ്രന്റെ സൈന്യാധിപനായ മുപ്പിടിനായകനാണ് അന്ന് നെല്ലൂരിലെ ഗവർണർ. അദ്ദേഹം വിക്രമസിംഹപട്ടണം ഭരിച്ചിരുന്നു. ഇദ്ദേഹമാണ് രവിവർമ്മകുലശേഖരനെ തോൽപ്പിച്ച് കാഞ്ചീപുരത്തുനിന്ന് മടക്കിഅയച്ചത്. ഈ വിജയത്തിന് മുപ്പിടിനായകൻ തെക്കേ ആർക്കോട്ടിലെ വൃദ്ധാചലത്തിന് ദാനങ്ങൾ നൽകി. വടക്കേ ആർക്കോട്ടിൽ കുലശേഖരസാംബുവരായൻ സ്വതന്ത്രനായി , 1317-18 മുതൽ അദ്ദേഹത്തിന്റെ ലിഖിതങ്ങളുണ്ട്.

ഹോയ്സാലലിഖിതങ്ങൾ മലയമാനാട്ടിൽ 1312 വരെ മാത്രമേ ഉള്ളൂ. 1325 ലെ ഉണ്ണിയച്ചീചരിതത്തിൽ ദ്വാരാസമുദ്രം(നീരസമുദ്രം) തിരുമരുതൂർ(മാധൂർ), മാംഗളൂർ(മന്ദീകൃതമംഗലീപുരമഹിമ) ഇവ പറയുന്നുണ്ട്. അക്കാലത്തും കർണ്ണാടകവും കേരളവും ഒരുമിച്ച് കൊച്ചിരാജ്യത്തെ ചേരപ്പെരുമാളിന്റെ കീഴിലാണ് ഉണ്ടായിരുന്നത്. അവ തമ്മിൽ രാഷ്ട്രീയ,സാമ്പത്തികങ്ങളായ അതിർത്തികളുണ്ടായിരുന്നില്ല. ഗോകർണ്ണം മുതൽ കന്യാകുമാരി വരെത്തന്നെയായിരുന്നു പരശുരാമകേരളത്തിന് അന്നും സീമ. ഒരുപക്ഷേ അതാവാം ഹോ.യ്സലശക്തി അവസാനിച്ചതോടെ ,ദ്വാരാസമുദ്രം കീഴടങ്ങിയതോടെ കേരളത്തിലെ കൊച്ചിരാജാവിന്റെ ശക്തിയും ക്ഷയിക്കാനുണ്ടായ കാരണം. മാലിക് ഗഫൂർ ദ്വാരാസമുദ്രവും മധുരയും കീഴടക്കിയതോടൊപ്പം രവിവർമ്മ കുലശേഖരനെ മുപ്പിടിനായകൻ കാഞ്ചീപുരത്തുനിന്ന് നിഷ്കാസിതനാക്കുകയും കൂടി ചെയ്തു, തീരെ ശക്തിയില്ലാതായ കേരളപ്പെരുമാളിനെ സാമൂതിരി തോൽപ്പിച്ചത് ഒരു വലിയ വിജയമായിരുന്നില്ല, സ്വാഭാവികമായി സംഭവിച്ച ഒന്നായിരിക്കണം. പെരുമാളിന്റെ കേരളവിഭജനം, പിന്നീട് വന്നതും ഒരു സുരക്ഷക്കാണ്. അപ്പോഴാണ് കേരളപ്പെരുമാളിന്റെ അനുജനായ കവിവേരുവിനെ തുളുപ്പെരുമാളാക്കി, കർണ്ണാടകം കേരളത്തിൽനിന്ന് വിഭജിച്ചത്. കേരളത്തെ വടക്കു കടത്തനാട്ടും, തെക്ക് വേണാടും നടുവിൽ കൊച്ചി പെരുമ്പടപ്പുമായി വിഭജിച്ചതും അപ്പോളാണ്.

പഴയ ആർക്കിയോളജിക്കൽ രേഖ പ്രകാരം ഇപ്പോ ഴത്തെ സുൽത്താൻ ബത്തേരിക്ക് ഗണപതിവട്ടം നാലപ്പാട്ട് കുന്ന് എന്നാണ് നാമം. വയനാട്ടിന് അന്ന് രണ്ട് ഭാഗമുണ്ട്. വീരബയൽനാട്, (ഇപ്പോഴത്തെ വയനാട് ജില്ല ഉൾപ്പെട്ട വടക്കേ മലബാർ) ചങ്കിബ ലലുനാട്. മൂഷകവംശം ആദ്യമായി വീരബയല്നാ ട്ടിലാണ് തലസ്ഥാനമാക്കി താമസിച്ചത്. ഇപ്പോഴത്തെ കണ്ണൂരും കാസറക്കോട്ടും കോഴിക്കോടും മംഗലാ പുരവും വയനാടും ഇതിലാണ് പെടുന്നത്. വടക്ക ൻകോലത്തിരിയുടെ ഭൂഭാഗമായി ഇത് പിന്നീട് അറിയപ്പെട്ടു. മാർക്കോപോളോ കുമരിപട്ടണ ത്തിന്റെ 300 മൈൽ പടിഞ്ഞാറ് മൂഷകരാജ്യത്തെ രാജാവ് വളരെ ധനികനാണെന്നും എന്നാൽ സൈ ന്യശക്തി കുറവാണെന്നും പറയുന്നത് ഇതിനെയാ ണ്.

എപ്പിഗ്രാഫിക്ക ഇൻഡിക്ക (വാള്യം 4) പറയുന്ന ചില മുത്തരയന്മാരുടെ നാമങ്ങൾഃ- രവിയമ്മരശ (1007) കന്തവമ്മ(1079) ശിവ (1083) കന്തിരവ (1090) ഇവി ചല്ലമ്മ(1107). മുക്കണ്ണ (1128) . കന്തി രവ അഥവാ ഗാന്ധർവ്വഇരവി (രവി) എന്നത് കൊ ല്ലങ്കോട്ടും തലപ്പള്ളിയും വംശക്കാരും ഉപയോഗി ക്കുന്ന നാമമാണ്. രവി (ഇരവി) ആദിത്യ എന്നത് ചേര,ചോളവംശങ്ങളിലെല്ലാം കാണാം. മുക്കന്തി എന്ന് ആന്ധ്രയിലും മുക്കണ്ണനെന്ന് തമിഴിലും ത്രിലോചനനെന്ന് സംസ്കൃതത്തിലും പല്ലവനെ വിളിക്കുന്നു (ത്രിലോചനപല്ലവചരിത്രം നേരത്തേ പറഞ്ഞു) കൊല്ലങ്ങ്ടോട്ടും തലപ്പള്ളി കാരിസ്വരൂ പവും കാന്താരന്മാരായ കാടവവംശമെന്നും പേരു

ള്ളവരാണ്. മൈസൂരിലെ രാജവംശവും കന്തിരവ വംശം തന്നെ. കാട്ടുരാജാക്കന്മാരാണ് ഇവരെല്ലാം. പാലക്കാട്ട് രാജവംശത്തെ വെങ്കിനാട്ടിലെ വെങ്കിപ ല്ലവരെന്നും പറയുന്നുണ്ട്

വീടുകടലാക്കിയ പെരുമാളെന്ന മുത്തരയ പല്ലവവംശവും മഹാബലിയുടെ വംശമാ യ മാവേലിബാണപ്പെരുമാളും.

വെള്ളിനിലാവേ വിളക്കായെരിയും

കടൽതാൻ എങ്കൾ വീട്

എന്ന തമിഴുഗാനം ശ്രദ്ധിച്ചിട്ടുണ്ടോ. അതുപോലെ വീടുകടലാക്കിയ പെരുമാളെന്ന് നാമം വഹിക്കുന്ന ഒരു നാവികവംശം(മുത്തരയ) തമിഴകത്ത് ഉണ്ടാ യിരുന്നു. എം എസ് ധീരജ് തെന്മല ലിഖിതത്തെ അനലൈസ് ചെയ്ത് വീടു കടലാക്കിയ പെരുമാൾ ചേരവംശമാണെന്ന് സ്ഥാപിക്കുന്നു. തെന്മല ലിഖി തം എഴുതിച്ച വിടുകടലാക്കിയ ചേരപ്പെരുമാൾ കുലോത്തുംഗ മൂന്നാമന്റെ സമകാലീനനായിരുന്നു.

ഈ ലിഖിതത്തിൽ പറയുന്ന മൂന്നു ചേരന്മാരുടെ നാമങ്ങൾ: 1. വഞ്ചി തലസ്ഥാനമാക്കിയ എഴിനി അതികമാൻ കേരളഭൂഭൃത്. 2.രാജരാജ അതികമാൻ തകടൂരിലെ എഴിനിവംശക്കാരൻ 3. വിടുകടലഴകി യ പെരുമാൾ

വിടുകടലഴകിയ അഥവാ ആകിയ പെരുമാളെന്ന തിന് എന്തെല്ലാം അർത്ഥം വരാം.

1. വീട് ,വിധു .(ചന്ദ്രൻ)

2. കടൽ സമുദ്രം

3. ആകിയ അഴകിയ(മനോഹരമായ . സുന്ദര)

ചന്ദ്രവംശി(സോമവംശി)കളായ സുന്ദരന്മാരുടെ (ജയന്ത അഥവാ ചേന്ദ, ചെന്ന) സമുദ്രത്തെ വീടാക്കി സമുദ്രസഞ്ചാരം ചെയ്യുന്നവരുടെ (മുത്തരയ) വംശം. മഹാനാവികരുടെ വംശം. അരയ(മുക്കുവ)ന്മാരാണ് നാവികർ, അരയൻ അഥവാ അരചനെന്ന രാജവംശം. മുത്ത് എന്ന പദം മുത്തുവ്യാപാരത്തെയും കുറിക്കുന്നു. അതുലകവിയുടെ മൂഷകവംശകാവ്യത്തിൽ മൂഷകവംശത്തിന്റെ അമ്മാമന്മാരും രക്ഷകന്മാരുമായി മാഹിഷ്മതിയിൽനിന്ന് വന്നവരെയാണ് മഹാനാവികരെന്ന് വിളിക്കുന്നത്. അമരാര്യകുലമെന്ന് മദ്ധ്യേന്ത്യയിലെ ശരഭപുരി സോമവംശി പാണ്ഡുവംശിലിഖിതങ്ങളിൽ കാണുന്ന ഇവരാണ് അമരന്മാരുടെ (ദേവേന്ദ്രപുത്രരായ ജയന്തന്റെ) ആര്യകുലം. ഇവരെ വിദേശികളായി ചരിത്രകാരന്മാർ തെറ്റിദ്ധരിക്കുന്നുണ്ട്. ആര്യന്മാരുടെ വരവ് പുറത്തുനിന്നല്ല, ഇന്ത്യക്ക് അകത്തുനിന്ന് തന്നെയാണ്. (മുത്തരയവംശം രാജാക്കന്മാരുടെ അമ്മാമന്മാരുടെ വംശമായി ആദരിക്കപ്പെട്ടു. ഇപ്പോഴും അങ്ങനെയാണ് തിരുവിതാംകൂറിൽ കാണുന്നത്). ആര്യന്മാരെന്നത് പരതവ(ഭരതവ)ന്മാരായ അരയവംശമാണ്.

രാമകുലശേഖരന്റെ കാലത്തിനുശേഷം ഇരുകോളേശ്വരനീലകണ്ഠേശ്വരക്ഷേത്രത്തിൽ കാണുന്ന ലിഖിതം ആന്ധ്ര ചിറ്റൂർ ജില്ലയിലെ ലഢികം ഗ്രാമത്തിലെ

ലിഖിതത്തിന്റെ (വീടുകടലാക്കിയ പെരുമാളുടെ ലിഖിതം) തനിപ്പകർപ്പാണ്. ഗോപുരത്തിന്റെ വലത്തു വശത്ത് രാജനാമവും വില്ലും കാണാം. വില്ല് രണ്ടു വശത്തുമുണ്ട്. ഒരു ജൈനക്ഷേത്രത്തിനു മുകളിലും വലിയ വില്ല് കാണുന്നു (ചേരചിഹ്നം). മറ്റൊരു ലഢികം ലിഖിതം അദ്ദേഹം മാഗധരേയും കാടവരേയും ഭരിച്ചിരുന്നു എന്ന് കാണിക്കുന്നു. 1199-1200ലെ കമ്പയനല്ലൂർ ലിഖിതം അദ്ദേഹം പാലി പെണ്ണെ നദിയേയും നിളാനദിയേയും ഭരിച്ചിരുന്നതായും പറയുന്നു. (തകടൈ മന്നൻ ചേലും പാലിപ്പെണ്ണെ പൊന്നിത്തിരുനദി മൂന്റുടൈയ വിറൈ മറുവൻ) ഗുരുവായൂരിലെ ശ്രീകൃഷ്ണക്ഷേത്രത്തിലെ പടിഞ്ഞാറെ ഗോപുരത്തിൽ വ്യാമുഖശ്രാവണോജ്വലനെന്നും അതികമാനെന്നും കാണുന്നു. വ്യാമുഖശ്രവണോജ്വലനാമം ആധ്രയിലെ വിടുകടലാക്കിയ പെരുമാളുടെ ലിഖിതത്തിലുമുണ്ട്. അതായത് ലഢികം ലിഖിതവും ഗുരുവായൂർ ലിഖിതവും (ഇരുകോളേശ്വരനീലകണ്ഠക്ഷേത്രലിഖിതവും) ശ്രീമദ് കേരളവംശഭൂഷണ ഇതി ഖ്യാതസ്യ പൃഥ്വീപതേ എന്ന് ഗുരുവായൂരിലെ ലിഖിതത്തിലുള്ള തകടവീരനായ (തകടൂരിലെ) ചേരമാൻ അതികമാൻ തിരുനെടുമാലെന്ന് പര്യായമുള്ള, രാമകുലശേഖരന്റെ പിൻഗാമിയുടേതാണ്.

നമുക്ക് അറിയാം രാമകുലശേഖരകാലത്ത് ഗുരുവായൂർക്ഷേത്രം കൊച്ചിപെരുമ്പടപ്പ് വള്ളുവക്കോനാതിരിമാരുടെ വാൾനമ്പിയായ പുന്നത്തൂർകോവിലകമാണ് നോക്കി നടത്തിയിരുന്നത്. (കാരിസ്വരൂപം) സേലം തകടൂർ കാരിസ്വരൂപത്തിന്റെ ശാഖയായ

കൊങ്ങുചേരന്മാരുടെ ഭരണത്തിലായിരുന്നു. ഗംഗരാജവംശം കൊങ്ങുചേരരാണ്. അതായത് പടിഞ്ഞാറൻഗംഗരും കൊങ്ങുചേരരും കോനേരി ചേരരും ഒരേ രാജവംശമാണ്. ഗംഗവംശത്തിലെ ശ്രീപുരുഷൻ(726-788)തകടൂർവിഷയത്തിലെ ബ്രാഹ്മ ണന് ബരദൂർ ദാനം ചെയ്ത രേഖ കാണുന്നുണ്ട്. ഗംഗാരാജാവ് ഹൊയ്സലസൈന്യാധിപനായിരുന്നു. രാഘവപ്പണിക്കരുടെ അഭിപ്രായം ബരദൂർ വയനാ ട്ടിലെ വരലൂരാണ്. അത് നീലഗിരി ചോളമണ്ഡല ത്തിലെ(കോയമ്പത്തൂർ,സേലം) ഒരു ഭാഗമായിരു ന്നു. ഹോയ്സലസൈന്യാധിപനായ ഗംഗരാജാവ് ചോളവൈസ്രോയ് ആയ അതികമാനെ (ചേര) തോൽപ്പിച്ചപ്പോൾ അതികമാൻ കാവേരി കടന്ന് മൈസൂരിലെത്തി, അവിടെ തകടൂരെന്ന പേരിൽ നഞ്ചൻകോടിനടുത്ത് , വിഷ്ണുവർദ്ധനകാലത്ത് പണിതു. അങ്ങനെയാണ് കര്ണ്ണാടകത്തിലെ നഞ്ച ൻകോട്ടും തമിഴകത്തെ സേലത്തും തകടൂരുണ്ടാ യത്. അതികമാനും ഗംഗാരാജാവും ചേരന്മാരാണ്. ഒരാൾ ചോളസാമന്തനും മറ്റേ ആൾ ഹോയ്സല സൈന്യാധിപനുമാകയാലാണ് പരസ്പരം യുദ്ധം ചെയ്യേണ്ടിവന്നത്.

പുറം 158 അതികമാൻ നെടുമാൻ ആഞ്ചിയുടെ പുത്രനായ പൊകുത്തു എഴിനി കുതിരമല(കാരി സ്വരൂപം) ഭരിച്ചു എന്നാണ്. ഇതാണ് തലപ്പള്ളി സ്വരൂപത്തിന്റെ ആദിമൂലം. ആന്ധ്രയിലെ മേൽപ്പ റഞ്ഞ ലിഖിതപ്രകാരം എഴിനിക്ക് വഞ്ചിയിലും തലസ്ഥാനമുണ്ട്. (തിരുവഞ്ചിക്കുളം). അതായത് ആന്ധ്ര മുതൽ കേരളം വരെ ഇവരുടെ വംശം

ഭരിക്കുന്നുണ്ട്. അപ്പോൾ ആന്ധ്രലിഖിതത്തിലും ഗുരുവായൂർ പടിഞ്ഞാറേ ഗോപുരത്തിലും ഒരേ ആളുടെ നാമം കാണുന്നതിന്റെ പൊരുൾ വ്യക്തമാണ്., ആദ്യകാലസംഘചേരന്മാർ മുതൽ 13ആം നൂറ്റാണ്ടു വരെയുള്ള ചേരചരിത്രവും അതിനു ശേഷം വേണാടിലേക്ക് മാറിയ ശക്തികേന്ദ്ര ചരിത്രവും നമുക്ക് ലഭ്യമാകും.

നെടുമാൻ ആഞ്ചിയും ഇരുമ്പൊറൈയും തമ്മിലുള്ള യുദ്ധം രണ്ട് ചെരവംശശാഖകളുടെ സ്വത്തവകാശ ത്തർക്കമായിരുന്നു. ഇത് ആഞ്ചിയുടെ മരണത്തി ലാണ് കലാശിച്ചത്. ഈ രണ്ട് ശാഖകളും തമ്മിൽ സംഘകാലം മുതൽ 10ആം നൂറ്റാണ്ടുവരെ അവ കാശത്തർക്കവും യുദ്ധവും നീണ്ടുനിന്നു. പക്ഷേ ഇവരുടെ ശാഖകളുടെ രാജ്യാഭിഷേകമോ ഭരണമോ തടസ്സപ്പെട്ടതുമില്ല. പിൻതുടർച്ചാവകാശനിയമം അത്ര ക്കും ശക്തമായി പിന്തുടർന്നിരുന്നു. ആന്ധ്ര ലിഖി തം വെച്ച് ചേരന്റെ മൂന്നു ശാഖകളെ ചരിത്രകാര ന്മാർ കാണുന്നു.

1. വഞ്ചിയിലെ ആതൻ.

2. വഞ്ചിയിലെ ആതന്റെ യുവരാജശാഖയായ കരുവൂരിലെ ആതൻ ഇരുമ്പൊറൈ

3. അതികമാൻ ശാഖ തമിഴ് നാട് തകടൂർ സേലത്തും (ധർമ്മപുരി) കർണ്ണാടക നഞ്ചൻകോടും കാണുന്ന ശാഖ.

നെടും ചേരല് ആതന്റെ ഭാര്യയുടെ ഇളയ അനു ജത്തി ആതൻ ചേരൽ ഇരുമ്പൊറൈയുടെ ഭാര്യ

യായിരുന്നു. ഈ ലിഖിതത്തിലെ വീടു കടലാക്കിയ പെരുമാൾ വഞ്ചിയിലെ ആതന്റെയും തകടൂരിലെ ആതൻ ഇരുമ്പൊറൈയുടേയും വംശമാണെന്ന് കാണുന്നു. വഞ്ചിയിലെ രാജരാജചേരന്റെ മകനാണ് ഈ പെരുമാൾ. തിരുവണ്ണാമല ചെങ്ങാതലിഖിതത്തിൽ,(കുലോത്തുംഗചോള) വീടുകടലാക്കിയ പെരുമാളിന് പിറന്ത പെരുമാൾ(ഗർഭശ്രീമാൻ) രാജരാജതേവ എന്നും പേരുണ്ട്. ഇദ്ദേഹത്തെ രവിവർമ്മരാജാദിത്യൻ അഥവാ ആദിത്യൻകോത രണാദിത്യ (1026-1089) എന്ന് നിർണ്ണയിച്ചിട്ടുണ്ട്. കോഴിക്കോട് തിരുവണ്ണൂർ ലിഖിതത്തിലെ ഇരൈഞരായര് ഇദ്ദേഹം തന്നെയാണ്. കണ്ണൂർ തൃച്ചംബരത്തും മലപ്പുറം ഇന്തനൂരിലും ഇദ്ദേഹത്തിന്റെ നാമമുണ്ട്. മന്നാർകോവിലിലെ ചേരലിഖിതത്തിൽ ഇദ്ദേഹം ചേരമന്നർ രാജരാജതേവരാണെന്നും മഹോദയപുരത്തെ രാമകുലശേഖരന്റെ പിൻഗാമിയാണെന്നും കാണാം. (മരുമകൻ അഥവാ അനിയനാവാം). എല്ലാ തമിഴു ലിഖിതങ്ങളും ഇദ്ദേഹത്തെ തകടൂരിലെ അതികമാൻ യുവരാജാവായി പറയുന്നു. കേരളത്തിലെ ലിഖിതങ്ങളിൽ കേരളരാജാവായും പറയുന്നു. തകടൂരും കരുവൂരും ഉൾപ്പെട്ട കൊങ്ങുനാട് അക്കാലത്ത് കേരളത്തിലെ രാജാക്കന്മാരുടെ ഭരണത്തിലാകയാൽ ,കേരളത്തിലെ യുവരാജാവായി അവിടെ ഭരിച്ചശേഷമാണ് ഇദ്ദേഹം കേരളരാജാവായത് .

എം ജി എസ് നാരായണൻ തിരുവണ്ണൂർശാസനം രാമവളയനാട് ഭരിച്ചിരുന്ന പാലിയത്ത് കണ്ണൻ കണ്ടന്റെ നാലാം ഭരണവർഷമാണ് എന്ന് പറയു

ന്നു. രാജപ്രതിനിധികളായി പണിയുടൈയവർകളും നിഴലോർകളും അറുനൂറ്റുവർസംഘപ്രതിനിധികളും ഇതിൽ സാക്ഷികളായി ഒപ്പു വെച്ചിട്ടുണ്ട്ബ്രഹ്മസ്വ വും ദേവസ്വവും അക്കാലത്ത് പൂർണ്ണമായും അറു നൂറ്റുവരുടെ നിയന്ത്രണത്തിലാണ്. . അറളങ്കാടൻ തോട്ടത്തിലെ കൃഷി നിർത്തുകയോ സ്ഥലം വെറു തേ ഇടുകയോ ചെയ്താൽ 25 കഴഞ്ച് സ്വർണ്ണം പിഴ അടക്കേണ്ടത് അറുനൂറ്റുവർക്കാണ്. അനുസ രിക്കാത്തവർ തിരുക്കുണവായിൽ കോട്ടം തേവ ർക്ക് അപരാധം ചെയ്യുന്നവരാണ്.

തിരുമല ലിഖിതം ആദിത്യൻകോത രണാദിത്യചേ രൻ എഴിനികുലത്തിന്റെ മാണിക്യമാണെന്ന് പറയു ന്നു. കോത ഇരവി വിജയരാഗ, കോത കോത കേരളകേസരി, ഇന്ദുകോത, ഇരവി കോത രാജ സിംഹ എന്നിവരും അപ്രകാരമാണ്. കോ ആത നാണ് കോതയും ഗോദയുമായത്. അശോകശാസ നങ്ങളിലെ കേരളപുത്ര, സത്യപുത്ര അതികമാനെ ന്നിവരാണ് കേരളത്തിലെ രണ്ട് ചേരശാഖകൾ.

ചേരചോളന്മാരുടെ മൂലവംശം ഒന്നുതന്നെയാണ്. അതിനെ ഇങ്ങനെ സംഗ്രഹിക്കാം.







Suryavansi female and Somavansi male -Pithrudayam.
That means both Cheraman Perumal and Kochin Kings are same vansa.
Thiruvithamcore marries their daughters to Kshathriya, Kochin to both Brahmins and Kshathriya-Brahmakshathra . Shodasakriy same for both. Zamorin is different , He has no Upaveetham .

333ൽ നരവാഹനദത്തനെന്ന ഭൂതരായപാണ്ടി പ്പെരുമാളിനെ വധിച്ചശേഷമാണ് കദംബവനവാസിയിലെ മയൂരശർമ്മനെ കേരളം ഭരിക്കാനായി കൊണ്ടുവരുന്നത്.

കദംബവനവാസിവംശം. ആലൂപവംശം

1മയൂരശർമ്മ 345- 365

2.കങ്കവര്മ്മ 365-390

3 ഭാഗീരഥ 390-415

4.രഘു 415-435

5.കാകുത്സ 435-455 പശുപതി(450)

65ശാന്തിവര്മ്മ 455-460

7.മൃഗേശ 460-480

8.ശിവമാന്ധാതാ വർമ്മ 480-485

9. രവിവർമ്മ 485-519

9.ഹരിവർമ്മ 519-525

10.തൃണാവര്ത്ത ശാഖയിലെ കൃഷ്ണവര്മ്മ 1,വിഷ്ണുവർമ്മ,സിംഹവർമ്മ,കൃഷ്ണവര്മ്മ 2 ഇവര് 455-543 വരെ (പിന്നെ ചാലൂക്യപുല കേശി.) കൃഷ്ണദേവ(വർമ്മ)കാലത്താണ് തൃക്കാരിയൂർ സന്ദേശകാലം.

ഇതേ കാലത്ത് പടിഞ്ഞാറൻഗംഗരുടെ ശാഖഃ

1 കൊങ്കണിവർമ്മ മാധവ

2.മാധവ

3.ഹരിവർമ്മ)

4. വിഷ്ണുഗോപ (സമുദ്രഗുപ്തകാലം

5.മാധവ 3

അവിനീത

ദുർവിനീത

മുഷ്കര

പോലവീര (പോലനാട് അഥവാ പോർളാതിരി ശാഖ)

ശ്രീവിക്രമ

ഭൂവിക്രമ

ശിവമാര 1

ശ്രീപുരുഷ

ശിവമാര 2

രാച്ചമല്ല 1

ഐരേയഗംഗനീലിമാർഗ്ഗ

രാച്ചമല്ല 2

ഐരേയഗംഗ

നീലിമാർഗ്ഗ 2

നരസിംഹ

രാച്ചമല്ല 3

ബുഡുഗ 2

മരുളഗംഗനീലിമാർഗ്ഗ

മാരസിംഹ 2 സത്യമാർഗ്ഗ

രാച്ചമല്ല4സത്യമാർഗ്ഗ 975-986 (രാജരാജചോള 985-1014)

രാച്ചമല്ല 5 രാക്ഷസഗംഗ

നീലിമാർഗ്ഗ പെർമാനടി

1. മൂഷകവംശം മുതലാരംഭിച്ച്,   , ശതവാഹന കാലം- എഡി 333 വരെ ഒന്നാം ചേരസാമ്രാജ്യം തുടർച്ചയായി നിലനിന്നു.345 മുതലാരംഭിച്ച കദംബവനവാസിവംശം 455 മുതൽ പുലകേശി 1 വരെയുള്ള തൃണാവ ർത്തശാഖയോടെ കഴിഞ്ഞു. (തൃണം പുല്ല്. പുൽക്കസവംശം ആരംഭിച്ചു.)
2. 543 മുതൽ ബാദാമി ചാലൂക്യവംശം, 624 മുതൽ അതിന്റെ ശാഖയായ വെങ്കിപല്ലവ വംശം, 957 മുതൽ കല്യാണിചാലൂക്യവംശം
3. 825 മുതൽ രണ്ടാം ചേരവംശവും ചോളവം ശവും വീണ്ടും ഭരിക്കാനാരംഭിച്ചു. ആലൂപേന്ദ്ര ന്മാരും ഇക്കാലത്ത് വീണ്ടും പ്രബലമായി. 1075 ലെ രാമന്തളിലിഖിതം കുന്ദ ആലൂപേന്ദ്രനെ പറയുന്നു. 1335-46ൽ ഹോയ്സലവീരവല്ല ഭപുത്രനായ (അമ്മ ആലൂപറാണി ചിക്കായി ത്തായി)കുലശേഖരനാണ് രാജ്യം ഭരിക്കുന്നത്. 1355-1390 വരെ ഈ വംശത്തിലെ കുലശേഖരൻ മൂന്നാമനും പിന്നീട് വീരപാണ്ഡ്യ രണ്ടാമനും ഭരിച്ചു. (ആലൂപവംശം പാണ്ഡ്യനും ചേരനും ഉൾപ്പെട്ടതാണ്.)കേരളചരിത്രം ഇപ്രകാരം തുട ർച്ചയായി നമുക്ക് കാണാനാവും.

ചേരചോളന്മാരുടെ ജനിതകമുള്ള ചെങ്കുട്ടുവൻ പാ ശുപതമാർഗ്ഗാവലംബിയും സഹോദരൻ ഇളങ്കോവ ടികൾ വൈഷ്ണവജൈനമതാവലംബിയുമാണ്. .എ) ഡി 196ലാണ് കണ്ണകിശില സ്ഥാപനം. അതിനുമുമ്പേ കൊടുങ്ങല്ലൂരിൽ പാശുപതസമ്പ്രദായത്തിലുള്ള ആരാധന ഉണ്ട്.

മൂഷകഹൈഹയവംശത്തിലെ ക്രോണോളജിയിൽ കപിലപുത്രി അനസൂയക്കും അത്രിക്കും (ആത്രേയ വംശം) ഉണ്ടായ പുത്രനാണ് തുർവ്വസുക്കളുടെ ഗുരു ദുർവ്വാസാവ്.(7ആം തലമുറ) 23ആം തലമുറ കാർത്തവീര്യൻ, 24 ാമഘടമൂഷകൻ. ദുർവ്വാസാവും കാർത്തവീര്യനും പാശുപതസമ്പ്രദായമാണ്. 34ആം തലമുറ ശതക്രതു ശതസോമനും രാജരാജ ക്ഷേത്രസ്ഥാപകനാണ്, എന്നാൽ പാശുപതസമ്പ്രദായമല്ല. 52ആം തലമുറ അമിതക്രതുവെന്ന ശതക്രതു മഹാഭാരതയുദ്ധകാലത്ത് രണ്ട് ഭാഗത്തെ അക്ഷൌഹിണിക്കും പെരുംചോറ്റ് ഉതിയനെന്ന നാമത്തില് സൌജന്യഭക്ഷണം കൊടുത്തു. (ശ്രീകൃഷ്ണ,ബലരാമ കാലം). 60ആം തലമുറ വടുകവർമ്മനാണ് വടേശ്വരം തളിയിലെ ശിവപ്രതിഷ്ഠ. 64ആം തലമുറ അചലനാണ് അചന്താഗുഹ എന്ന അചലപത്തനം നിർമ്മിച്ചത്. 68ആം തലമുറ അശ്വസേനപുത്രനായ രാജവർമ്മൻ (ഇരായിര)വന്ദേരി പെരുമ്പടപ്പിലെ കോയിപ്പള്ളി എന്ന രാജവിഹാരം ഉണ്ടാക്കി. 99ആം തലമുറ സുമതി എന്ന ശൈവഗുരുവും (അഭിനവ ഗുപ്തന്റെ ഗുരു ശംഭു സുമതിയുടെ പരമ്പരയിലെ ശിഷ്യനാണ്). 104ആം തലമുറ മഹോദയനെന്ന മാക്കോതയുമാണ്.

സുമതി മുതലുള്ള മൂഷകവംശപരമ്പര ഇങ്ങനെ

1. സുമതി (99ആം തലമുറ)
2. അമിത്രവാൻ
3. വിചണ്ഡൻ
4. അക്ഷോഭ്യൻ

5.സമരസഹൻ

6. മഹോദയൻ(മാക്കോതൈ)

7. ശിവചരിതൻ ഈശാനവർമ്മനെന്ന കാഞ്ചി കുഞ്ചിവർമ്മൻ കുന്ദവർമ്മ) കാഞ്ചി ചോളപ്പെരുമാൾ ഗൊണ്ടോഫോറസ്

8. രണ്ടു മക്കൾ ഈശാനവർമ്മനും ഒരു പുത്രിയും

9. മൂന്നു മക്കൾ ചോളൻ മണിക്കിള്ളിവംശത്തിലെ നൃപരാമനെന്ന ചേരൻ ചെങ്കുട്ടുവൻ, ചേദി നന്ദിനിയിൽ പാലകനും വാസവദത്തയും (പാണ്ഡുവംശി ഉദയനനെ വിവാഹം കഴിച്ചു പുത്രൻ നരവാഹനദത്തനെന്ന ഭൂതരായപാണ്ഡിപ്പെരുമാൾ എഡി 333 വരെ കേരളം ഭരിച്ചു.) ചേരരാജകുമാരിയിൽ ഗോപാലകനെന്ന ഇളംകോവടികളും ചെങ്കുട്ടുവൻ പാശുപതസമ്പ്രദായമാണ്. 171-196 വരെ അദ്ദേഹം ഭരിക്കുന്നുണ്ട്. പാലകൻ എഡി 216ലാണ് കേരളത്തിലെത്തുന്നത്. (ചേദിരായവംശം).

ചെങ്കുട്ടുവനും കരികാലചോഴനുമായി ബന്ധം നേരത്തേ പറഞ്ഞു. ആ വംശത്തിലെ രാജരാജചോഴനും പാശുപതസമ്പ്രദായമാണ്. അദ്ദേഹത്തിന്റെ ഗുരു അമ്മയുടെ സഹോദരനായ ചേരരാജാവ് കരുവൂർ തേവരാണ്. കേരളത്തിലെ തുടർച്ചയായ കാരൂഷക ലകുലീശ്വരസമ്പ്രദായം ഇതിൽനിന്നെല്ലാം അനുമാനിക്കണം.